*Happy Christmas*

*&*

*Blessed New Year*



# തിരുപ്പട്ട സ്വീകരണത്തിനൊരുങ്ങുന്ന ഡീക്കന്മാർക്ക് ആശംസകൾ



Dn Joseph (Jithin)
Peechattu
St. Sebastian's Church Thonichal
26th December 2015, 09.30 am
+919495624498



Dn Augustine (Sijesh)
Chirackathottathil
St. Antony's Church Kottathara
26th December 2015, 2.30 pm
+919048865108



Dn Don Bosco (Bivaldin)
Thevarkunnel
St.Jude's Church, Jude's Mount
28th December 2015, 02.30 pm
+919495421341



Dn Varghese (Anoop)
Kollamkunnel
Fathima Matha Church, Kunnalady
29th December 2015, 09.30 am
+919486536614



Dn Mathew (Jomesh)
Thekkilakkattil
St.Joseph's Church Vanjode
29th December 2015, 02.30 pm
+919497305045



Dn Varghese (Sanoj)
Chittarackal
St. Mary's Church Manippara
30th December 2015, 09.30 am
+919447834493



Dn John (Prakash) Vettickal
Fathima Matha Forane Church
Chungakkunnu
30th December 2015, 02.30 pm
+919747234564



Dn Antony (Nidhin) Palakkattu
St Catharine's Forane Church
Payyampally
31st December 2015, 09.30
+918943639463

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 06 ഡിസംബർ–2015 ലക്കം 12**

ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

ഇടയലേഖനം .......................................................... 09
പുതിയ പാസ്റ്ററൽ കൗൺസിലും ഫൊറോന............... 15
സമർപ്പിതജീവിതത്തിന് മാർപാപ്പ ഉയർത്തുന്ന.......... 17
രൂപതാകച്ചേരി വാർത്തകൾ ..................................... 26
*Common Programmes in the year 2016* ................................ 30
വൈദികരുടെ മാസധ്യാനം ..................................... 31
ബൈബിൾ അപ്പോസ്റ്റലേറ്റ് ........................................ 32
മതബോധനരംഗം ..................................................... 35
ചെറുപുഷ്പമിഷൻലീഗ് .............................................. 37
*Department of Youth Ministry* ..................................... 45
കെ.സി.വൈ.എം. ....................................................... 46
കുടുംബപ്രേഷിതത്വം .................................................. 56
സീയോൻ വാർത്തകൾ .............................................. 61
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 63
സാമൂഹ്യ സേവനരംഗം (WSSS) ..................................... 68
*Mary Matha Arts & Science College* .................................... 73
റേഡിയോ മാറ്റൊലി ................................................... 74
കത്തോലിക്കാ കോൺഗ്രസ് (AKCC) ............................. 76
അറിയിപ്പുകൾ ........................................................... 78
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 80
ബിഷപ്സ് പ്രോഗ്രാം .................................................... 81
6-ാം പുസ്തകത്തിലെ വിഷയവിവരം ....................... 84



# ഇടയലേഖനം

*Pastoral Letter No. 03/2015*
*Prot. No. 17833/2015*

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ

**പൊരുന്നേടം മാർ ജോസ് മെത്രാൻ**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്ക പ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ആരാധനാക്രമവർഷമനുസരിച്ച് നാമിപ്പോൾ ആഗമനകാലത്ത് അഥവാ മംഗളവാർത്താകാലത്താണ്. വർഷംതോറും നാം നടത്തുന്ന അല്ലെങ്കിൽ ആവർത്തിക്കുന്ന ഒരു തീർത്ഥാടനത്തിന്റെ തുടക്കമാണിത്. ആഗമനകാലത്ത് ആരംഭിച്ച് പള്ളിക്കൂദാശാക്കാലത്താണ് ഈ യാത്ര നമ്മൾ അവസാനിപ്പിക്കുന്നത്. പള്ളിക്കൂദാശാക്കാലം കർത്താവിന്റെ രണ്ടാമത്തെ വരവിൽ അവിടുത്തെ കണ്ടുമുട്ടുന്നതിന്റെ ഓർമ്മയാണ്. അത് നമ്മുടെ സ്വർഗ്ഗപ്രവേശനത്തിന്റെ ഘട്ടവുമാണ്. ക്രൈസ്തവ ജീവിതത്തിന്റെ ലക്ഷ്യം സ്വർഗ്ഗപ്രവേശനമാണെന്ന കാര്യം ഓരോ ക്രൈസ്തവവിശ്വാസിയ്ക്കും അറിയുന്ന കാര്യമാണ്. ദൈവ ത്തോടൊത്തുള്ള അനശ്വരമായ ജീവിതവും അതിൽ നിന്ന് ലഭിക്കുന്ന അവസാനിക്കാത്ത ആനന്ദവുമാണല്ലോ സ്വർഗ്ഗത്തിൽ നമുക്ക് കിട്ടുന്നത്. ആ നിത്യജീവിതത്തിന്റെയും ആനന്ദത്തിന്റെയും മുന്നാസ്വാദനമാണ് ക്രൈസ്തവജീവിതത്തിലൂടെ നമുക്ക് ലഭ്യമാകുന്നതും ആകേണ്ടതും. അതല്ലെങ്കിൽ ക്രിസ്ത്യാനിയുടെ ജീവിതം വെറും പാഴ്ജീവിതമാകും.

ദൈവത്തിന്റെ കൽപ്പന ലംഘിച്ച് അവിടുത്തേക്കെതിരായി മനുഷ്യൻ പാപം ചെയ്തു. ദൈവീക സാമീപ്യത്തിന്റെയും എല്ലാ സൗഭാഗ്യങ്ങളുടെയും അവസ്ഥയായിരുന്ന ഏദൻ തോട്ടത്തിൽ നിന്ന് മനുഷ്യൻ പുറത്താക്കപ്പെട്ടു. എന്തായിരുന്നു ആ പാപം? നന്മയും തിന്മയും താൻ സ്വയം തീരുമാനിക്കും, ദൈവത്തിന് അതിൽ കാര്യ മൊന്നുമില്ല എന്ന മനോഭാവമായിരുന്നു അത്. നന്മതിന്മകളുടെ

അറിവിന്റെ ഫലം തിന്നരുത് എന്ന് പറഞ്ഞാൽ ഏതാണ് നന്മ ഏതാണ് തിന്മ എന്ന് മനുഷ്യൻ തീരുമാനിക്കരുത് എന്നർത്ഥം. അത് തീരുമാനി ക്കാനുള്ള അവകാശവും അധികാരവും ദൈവത്തിന്റേതാണ്. ആ അവകാശം മനുഷ്യൻ കവർന്നെടുക്കാൻ തീരുമാനിച്ചപ്പോൾ അവന് ദൈവസാന്നിധ്യവും അതിൽ നിന്ന് ലഭിക്കുന്ന ആനന്ദവും നഷ്ടപ്പെട്ടു. എന്തിനേറെ, ദൈവസാന്നിധ്യം നഷ്ടപ്പെട്ട മനുഷ്യന് പണിയെടുക്കുന്ന ഭൂമി പോലും പ്രതിഷേധിച്ചു. ഭൂമി യഥാവിധി ഫലം തരാതായി എന്ന് വചനം സാക്ഷിക്കുന്നു.

ദൈവത്തിൽ നിന്ന് അകന്നെങ്കിലും മനുഷ്യനെ ദൈവം പൂർണ്ണ മായി ഉപേക്ഷിച്ചില്ല. അവിടുന്നൊരു രക്ഷകനെ വാഗ്ദാനം ചെയ്തു. ആ രക്ഷകൻ വന്ന് നഷ്ടപ്പെട്ടുപോയ ദൈവസാന്നിധ്യവും സ്വർഗ്ഗീ യാനന്ദവും വീണ്ടെടുക്കാനുള്ള മാർഗ്ഗം കാണിച്ചു തന്നു. വി. പൗലോസ് പറയുന്നു: *ആകയാൽ ക്രിസ്തുവിൽ എന്തെങ്കിലും ആശ്വാസമോ സ്നേഹത്തിൽ നിന്നുള്ള സാന്ത്വനമോ ആത്മാവിലുള്ള കൂട്ടായ്മയോ എന്തെങ്കിലും കാരുണ്യമോ അനുകമ്പയോ ഉണ്ടെങ്കിൽ നിങ്ങൾ ഒരേകാര്യങ്ങൾ ചിന്തിച്ചുകൊണ്ട് ഒരേ സ്നേഹത്തിൽ വർത്തിച്ച് ഒരേ ആത്മാവും ഒരേ അഭിപ്രായവും ഉള്ളവരായി എന്റെ സന്തോഷം പൂർണ്ണ മാക്കുവിൻ. മാൽസര്യമോ വ്യർത്ഥാഭിമാനമോ മൂലം നിങ്ങൾ ഒന്നും ചെയ്യരുത്. മറിച്ച് ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെ ക്കാൾ ശ്രേഷ്ഠരായി കരുതണം. ഓരോരുത്തരും സ്വന്തം താൽപര്യം മാത്രം നോക്കിയാൽ പോരാ മറിച്ച്, മറ്റുള്ളവരുടെ താല്പര്യവും പരിഗണിക്കണം. യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ. ദൈവത്തിന്റെ രൂപത്തിലായിരുന്നുവെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെതന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയി തീർന്ന്, ആകൃതിയിൽ മനുഷ്യനെപോലെ കാണപ്പെട്ടു; മരണംവരെ-അതെ കുരിശുമരണം വരെ-അനുസരണമുള്ളവനായി തന്നെതന്നെ താഴ്ത്തി. ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരി യായ നാമം നൽകുകയും ചെയ്തു* (ഫിലി 2:1-9). യേശുവിന്റെ ഈ മനോഭാവം നമുക്കും ഉണ്ടാകുമ്പോൾ നഷ്ടപ്പെട്ടുപോയ ദൈവ സാമീപ്യവും സ്വർഗ്ഗീയാനന്ദവും തിരികെ ലഭിക്കാനുള്ള വഴി നമ്മൾ കണ്ടെത്തി എന്നു പറയാം.

നമ്മുടെ കർത്താവിന്റെ ജനനത്തിരുനാളിനൊരുക്കമായി നമ്മൾ അനുഷ്ഠിക്കുന്ന 25 ദിവസത്തെ നോമ്പ് ഈ മനോഭാവം നമ്മൾ

ഉണ്ടാക്കിയെടുക്കാനുള്ള അഥവാ മുമ്പ് പറഞ്ഞ വഴി കണ്ടെത്താനുള്ള പരിശ്രമത്തിന്റെ ഭാഗമാണ്. വഴി കണ്ടെത്തിയാൽ മാത്രം പോരല്ലോ. അതിലേ നടക്കുകയും വേണം. തെറ്റിപോകാതെ ആ വഴിയിലൂടെ നടന്ന് ദൈവത്തിൽ എത്തിച്ചേരാനുള്ള മയിൽകുറ്റികളും ചൂണ്ടുപലകകളും മറ്റുമാണ് വി. ഗ്രന്ഥവും വി. പാരമ്പര്യങ്ങളും കൂദാശകളും പ്രാർത്ഥന കളും തീർത്ഥാടനങ്ങളും തിരുനാളുകളും സഭാപ്രബോധനങ്ങളുമെല്ലാം. ക്രിസ്തുമസും ആ കൂട്ടത്തിൽപ്പെടുന്ന ഒന്നാണ്. അതായത് ആരാധന ക്രമവർഷത്തിലെ മറ്റ് കാലങ്ങളുമായി ബന്ധപ്പെടുത്താതെ ആഗമന കാലത്തിനോ അതിന്റെ അവസാനം വരുന്ന ക്രിസ്തുമസിനോ അർത്ഥ മില്ല.

അതുപോലെതന്നെ നന്മയും തിന്മയും ഞാൻ തന്നെ തീരു മാനിക്കുമെന്ന മനോഭാവവും നമ്മൾ മാറ്റേണ്ടതുണ്ട്. ക്രിസ്തുവിന്റെ പ്രബോധനങ്ങൾ കേവലം എഴുതപ്പെട്ട ദൈവവചനത്തിലൂടെ മാത്രമല്ല നമുക്ക് ലഭ്യമാകുന്നത്. പ്രത്യുത സഭയിൽ നിലവിലുള്ള വിശുദ്ധ പാരമ്പര്യങ്ങളിലൂടെയുമാണ്. യോഹന്നാന്റെ സുവിശേഷം 20:30–31 ൽ നാം ഇപ്രകാരം വായിക്കുന്നു: *ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റ് അനേകം അടയാളങ്ങളും യേശു ശിഷ്യരുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ചു. എന്നാൽ ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനുമാണ്.* അപ്പോൾ അപ്പസ്തോലന്മാരോട് കർത്താവ് പറഞ്ഞ്കൊടുത്ത പല കാര്യങ്ങളും ഇന്ന് സഭയിലും അവളുടെ പ്രബോധനത്തിലും കാണാം. അവയെല്ലാം എഴുതപ്പെട്ട വചന ത്തിൽ കാണുകയില്ലല്ലോ. വി. പൗലോസിന്റെ വാക്കുകളും ഇത്തരുണ ത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്: *അതിനാൽ, സഹോദരരേ, ഞങ്ങൾ വചനം മുഖേനയോ കത്തുമുഖേനയോ നിങ്ങളെ പഠിപ്പിച്ചി ട്ടുള്ള പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കുകയും അവയിൽ ഉറച്ചുനിൽക്കു കയും ചെയ്യുവിൻ.* (2 തെസ 2:15). അതുകൊണ്ട് ദൈവത്തിങ്കലേ ക്കുള്ള വഴി നമ്മൾ കണ്ടെത്തി എന്നു പറഞ്ഞാൽ അത് സഭാ പ്രബോ ധനങ്ങളെ അനുസരിച്ചുള്ള ജീവിതമാണ് എന്നും മനസിലാക്കണം.

ദൈവത്തിങ്കലേക്കുള്ള ശരിയായ വഴി കാണിച്ചുതരാൻ വന്ന വന്റെ ജന്മദിനമാണ് ക്രിസ്തുമസ്. യേശു ജനിച്ചത് ഡിസംബർ 25 ന് ആണോ എന്നത് ചരിത്രപരമായി തീർച്ചയുള്ള കാര്യമല്ല. റോമാ സാമ്രാ ജ്യത്തിൽ ആഘോഷിക്കപ്പെട്ടിരുന്ന സൂര്യദേവന്റെ ജന്മദിനം റോമാക്കാർ ക്രിസ്ത്യാനികളായപ്പോൾ നീതിസൂര്യനായ യേശുക്രിസ്തുവിന്റെ

ജന്മദിനമാക്കി മാറ്റുകയാണുണ്ടായത്. കർത്താവിന്റെ ഉയിർപ്പ് തിരുനാൾ ആഘോഷിക്കാൻ തുടങ്ങി ഏറെക്കാലം കഴിഞ്ഞതിനുശേഷമാണ് ക്രിസ്തുമസ് ആഘോഷിക്കാൻ ക്രിസ്ത്യാനികൾ തുടങ്ങിയത് എന്നതും നമ്മൾ ഓർത്തിരിക്കേണ്ടതാണ്. നമുക്ക് വഴി കാണിക്കാൻ വന്നവന്റെ ജന്മദിനം നമ്മൾ ആഘോഷിക്കേണ്ടത് അവന്റെ പ്രകൃതിക്കും അവൻ കാണിച്ചുതന്ന വഴിക്കും അനുസൃതമായിരിക്കണമെന്നത് പ്രത്യേകം പ്രസ്താവിക്കേണ്ട കാര്യമില്ലായെന്ന് നിങ്ങൾക്കറിയാം. ക്രിസ്തുമസ് കേവലം ഒരു നോമ്പുവീടലല്ല, പെരുന്നാളുമല്ല. ഞങ്ങൾക്ക് ദൈവത്തി ലേക്കുള്ള വഴി വീണ്ടും കാണിച്ചുതരാൻ വന്നവനെയും അവൻ കാണിച്ചുതന്ന വഴിയേയും യഥാർത്ഥ വഴിയായി ഞങ്ങൾ അംഗീകരി ക്കുന്നു, അവനെ പിൻചെന്ന് ആ വഴിയിലൂടെ ഞങ്ങൾ നടക്കും എന്ന പ്രഘോഷണമാണത്.

ഈ പ്രഘോഷണത്തിലേയ്ക്ക് നമ്മൾ എത്തിച്ചേരണമെങ്കിൽ, വി. പൗലോസ് ഫിലിപ്പിയയിലെ സഭയെ ഉപദേശിച്ചതുപോലെ നമുക്കും ക്രിസ്തുവിന്റെ മനോഭാവം ഉണ്ടാകണം; സ്ഥാനമാനമെല്ലാം മാറ്റിവെച്ച് താഴേക്കിറങ്ങാൻ മനസുവരണം; എല്ലാം മറന്ന് രക്ഷകനെ കാത്തിരി ക്കാൻ മനസുണ്ടാകണം; പ്രകൃതിയിൽ ദൈവത്തിന്റെ സ്വരത്തിനായി കാത്തിരിക്കുന്നവരാകണം; മറ്റുള്ളവരെ നമ്മളെക്കാൾ വലിയവരായി കരുതാൻ മനുസുണ്ടാകണം; പരസ്പരം കരുതലുണ്ടാകണം; പങ്കു വെയ്ക്കണം; ക്ഷമിക്കാനും പൊറുക്കാനും വിദ്വേഷവും വൈരാഗ്യവും അസൂയയും ഇല്ലാതെ മറ്റുള്ളവരോട് പെരുമാറാനും കഴിയണം; ത്യാഗം അനുഷ്ഠിക്കാനും കഴിയണം; അനീതിയെപ്പോലും ദൈവത്തെപ്രതി സഹിക്കാൻ കഴിയണം. ഇതെല്ലാം ഉള്ളവരെപ്പറ്റിയാണ് ദൈവദൂതന്മാർ പറഞ്ഞത്: *അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ മനു ഷ്യർക്ക് സമാധാനം* (ലൂക്ക2:14). അപ്രകാരമുള്ളവരായിരുന്നു ദേവാ ലയത്തിൽ കാത്തിരുന്ന ശെമയോനും അന്നയും; ദൈവദൂതന്മാരുടെ സ്വരം ശ്രവിച്ച ആട്ടിടയന്മാർ; ഭരണസമിതിയായ സാൻഹെദ്രീന്റെ മുമ്പിൽ യേശുവിന് വേണ്ടി വാദിച്ച നിക്കോദേമൂസ്; സ്വന്തം പാപം തിരി ച്ചറിഞ്ഞ സക്കേവൂസും മഗ്ദലന മറിയവും; പീലാത്തോസിന്റെ മുമ്പിൽ യേശുവിന് വേണ്ടി മാദ്ധ്യസ്ഥം വഹിച്ച പീലാത്തോസിന്റെ ഭാര്യ. നമ്മൾ എവിടെ നിൽക്കുന്നു എന്ന് ആത്മശോധന ചെയ്തു നോക്കാം.

ദൈവത്തിലേക്കുള്ള വഴി വീണ്ടും കണ്ടെത്തിയതിന്റെ സന്തോഷ മാണ് ക്രിസ്തുമസിന്റെ ആഘോഷങ്ങളിൽ പ്രതിഫലിക്കേണ്ടത്. ക്രിസ്തുമസ് കാർഡും, ക്രിസ്തുമസ് കേക്കും, ക്രിസ്തുമസ് കരോളും ക്രിസ്തുമസ് നക്ഷത്രവും, പുൽക്കൂടും, സമ്മാനങ്ങളും എല്ലാം സൂചിപ്പി

ക്കുന്നത് ഇത് മാത്രമാണ്. അതിനിടയിൽ മദ്യപാനത്തിനും ആഢംബര സദ്യകൾക്കും വിലകൂടിയ സമ്മാനങ്ങൾക്കും അർത്ഥമില്ലാതായി തീരുന്നു. അവ ക്രിസ്തുമസിന്റെ അരൂപിക്ക് അന്യമാണ്. ലാഭം ലക്ഷ്യ മാക്കിയുള്ള കച്ചവടതന്ത്രങ്ങൾക്കും പരസ്യങ്ങൾക്കും നമ്മൾ അടിപ്പെടരുത്. ക്രിസ്തുവില്ലാത്ത ക്രിസ്മസ് കാർഡുകൾ അർത്ഥമില്ലാ ത്തവ തന്നെ. പൂക്കളും ചെടികളും സമ്മാന പൊതികളും മറ്റും നിറഞ്ഞ് നിൽക്കുന്ന കാർഡുകൾ കണ്ണിന് ഇമ്പം പകരുന്നവ തന്നെ. പക്ഷേ അവ ദൈവത്തിലേക്കുള്ള വഴി കാണിച്ചുതന്നവനെ ദ്യോതിപ്പിക്കുന്നില്ല. നമ്മുടെ കരോളുകളിൽ നിന്ന് ക്രിസ്തുമസിന്റെ യഥാർത്ഥ സന്ദേശം ചോർന്നുപോകാതിരിക്കട്ടെ. അവ ദൈവരാജ്യത്തിലേക്കുള്ള വഴി കണ്ടെ ത്തിയതിന്റെ സന്തോഷം പങ്കുവെക്കട്ടെ. സർവ്വോപരി ദരിദ്രനെ മറക്കുന്ന അവസരമാകാതിരിക്കട്ടെ ക്രിസ്തുമസ്.

ഇപ്പറഞ്ഞ കാര്യം നമ്മൾ ആചരിക്കുന്ന കരുണയുടെ വർഷ ത്തിൽ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. ഈ നോമ്പുകാലത്ത് നമ്മൾ കരുണയുടെ വർഷം ഉദ്ഘാടനം ചെയ്യുന്നത് തികച്ചും പ്രസക്ത മാണ്. നമ്മുടെ ഇടവകകളിൽ സാമ്പത്തിക ക്ലേശങ്ങൾ മൂലം വീടില്ലാത്തവരുണ്ടാകാം; വിവാഹം നടക്കാത്തവരുണ്ടാകാം; വിദ്യാ ഭ്യാസം തുടരാൻ കഴിയാതെ നിൽക്കുന്നവരുണ്ടാകാം. അവരെയും അതുപോലുള്ള മറ്റുള്ളവരെയും നമ്മൾ കണ്ടെത്തുകയും നമ്മളാൽ കഴിയും വിധം സഹായിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. അതിന് ഇടവകകൾ എന്നപോലെ കുടുംബങ്ങളും വ്യക്തികളും മുൻകൈ എടുക്കണം. ഒരുപക്ഷേ ക്രിസ്തുമസ് കാലത്ത് നമ്മൾ ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുകയുടെ ഒരു ഭാഗം മാറ്റിവെച്ചുകൊണ്ട് ഇക്കാര്യങ്ങൾ ചെയ്യുമ്പോൾ അത് ദൈവത്തിന് കൂടുതൽ സ്വീകാര്യ മാകുന്നു.

ക്രിസ്തുമസ് കഴിഞ്ഞുവരുന്ന രണ്ട് മാസങ്ങൾ നമ്മുടെ ഇടവക തിരുനാളുകളുടെ കാലമാണല്ലോ. പല ഇടവകകളും പൂർവ്വാധികം ആഘോഷമായി നടത്താനുള്ള തീരുമാനങ്ങൾ എടുത്തതായി അറിയാം. അതേസമയം മറ്റ് ധാരാളം ഇടവകകൾ എന്റെ ആഹ്വാനം ശ്രവിച്ച് ചെലവുകൾ കുറച്ച് അവയിൽ നിന്ന് മിച്ചം വെക്കുന്ന തുക മുകളിൽ പറഞ്ഞതുപോലെയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മാറ്റിവെക്കു ന്നുണ്ട് എന്നത് ഏറ്റവും സന്തോഷകരമായ കാര്യമാണ്. അവരെയെല്ലാം നന്ദിപൂർവ്വം ഓർക്കുകയും മറ്റുള്ളവരെയും അവരുടെ അനുകരണീയ മായ മാതൃക പിൻതുടരാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. പല സന്ദർഭങ്ങളിലും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇടവകയിൽ നിന്നുള്ള സമ്മർദ്ധത്തിന്റെ ഫലമായാണ് ചെലവുകൾ കുറയ്ക്കാൻ

പറ്റാതെ പ്രയാസപ്പെടുന്നത് എന്ന് എനിക്കറിയാം. ഇടവകാംഗങ്ങൾ ഇക്കാര്യത്തിൽ അവരോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ക്രിസ്തുമസ് ആഘോഷങ്ങളിൽ നിന്ന്, എന്നല്ല എല്ലാ ആഘോഷങ്ങളിൽ നിന്നും, തീർത്തും മാറ്റി നിർത്തപ്പെടേണ്ട ഒന്നാണ് മദ്യം. വ്യക്തികളും കുടുംബങ്ങളും നശിക്കുന്നതോടൊപ്പം സമൂഹത്തിൽ വലിയ ഉതപ്പിനും ധാർമ്മിക അധഃപതനത്തിനും മദ്യം കാരണമാകുന്നുണ്ട്. കേരളീയ സമൂഹത്തിൽ സ്ഥിരമായി മദ്യപിക്കുന്നവരുടെ എണ്ണം ദിവസേന കൂടി വരുന്നു എന്നത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ട വസ്തുതയാണ്. അതുപോലെതന്നെ മദ്യപാനികളുടെ പ്രായം 13 ൽ തുടങ്ങുന്നു എന്നതും അപകട സൂചനയാണ്. മാതാപിതാക്കൾ മദ്യത്തിന്റെ അപകടങ്ങളെപ്പറ്റി മക്കളെ പറഞ്ഞ് ബോധ്യപ്പെടുത്തണം. പിന്നീട് അവരെപ്രതി വിലപിക്കാൻ ഇടവരാതിരിക്കട്ടെ. പള്ളികളിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മദ്യപാനത്തിന്റെ അധാർമ്മിക വശങ്ങളെപ്പറ്റി ജനങ്ങളെ പറഞ്ഞ് അവബോധമുള്ളവരാക്കണം.

2015-നോട് വിട പറഞ്ഞ് പുതിയ ഒരു വർഷത്തെ വരവേൽക്കാനും നമ്മൾ ഒരുങ്ങുകയാണല്ലോ. 2015-ൽ ദൈവം നമുക്ക് നൽകിയ എല്ലാ കൃപകൾക്കും അവിടുത്തോട് നന്ദിയുള്ളവരായിരിക്കാം. വിജയങ്ങളോടൊപ്പം പരാജയങ്ങളും നമ്മൾ അനുഭവിച്ചിട്ടുണ്ടാകാം. അവയെ ഓർത്ത് ദുഃഖിക്കാതെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് കൂടുതൽ ഉണർവ്വോടും ഉന്മേഷത്തോടും കൂടി നമുക്ക് മുന്നേറാം. അതിനുള്ള ശക്തി ഈ പുതുവൽസരത്തിൽ കർത്താവിൽ നിന്ന് നമുക്ക് യാചിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ. ഏവർക്കും ഫലദായകമായ നോമ്പുകാലവും, സന്തോഷപ്രദമായ ക്രിസ്തുമസും സമൃദ്ധിയും ദൈവാനുഗ്രഹം നിറഞ്ഞ പുതുവൽസരവും ആശംസിക്കുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2015 നവംബർ മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2015 ഡിസംബർ മാസം 6-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

**പുതിയ പാസ്റ്ററൽ കൗൺസിലും ഫൊറോന കൗൺസിലുകളും രൂപീകരിക്കുന്നതിനെക്കുറിച്ച് അഭിവന്ദ്യ പിതാവ് വികാരിയച്ചന്മാർക്ക് അയച്ച കത്ത്**

Prot. No.17803/2015 November 7, 2015

പ്രിയ ബഹു. അച്ചാ,

നമ്മുടെ രൂപതയിൽ നിലവിലിരുന്ന ഫൊറോന കൗൺസിലിന്റെയും രൂപതാ പാസ്റ്ററൽ കൗൺസിലിന്റെയും കാലാവധി അവസാനിച്ചിരിക്കുകയാണല്ലോ. 2016 ഫെബ്രുവരിയിൽ പ്രാബല്യത്തിൽ വരത്തക്കവിധം പുതിയ പാസ്റ്ററൽ കൗൺസിലും ഫൊറോന കൗൺസിലുകളും രൂപീകരിക്കേണ്ടതുണ്ട്. ഫൊറോന കൗൺസിലുകളിലേയ്ക്ക് ഫൊറോനകളിലെ ഇടവകകളിൽ നിന്ന് 3 പ്രതിനിധികൾ വീതമാണ് തെരഞ്ഞെടുക്കപ്പെടേണ്ടത്. പാസ്റ്ററൽ കൗൺസിലിലേയ്ക്ക് ഓരോ ഫൊറോനയിൽ നിന്നും 3 അല്മായ പ്രതിനിധികൾ വീതമാണ് തെരഞ്ഞെടുക്കപ്പെടേണ്ടത്. അവരിൽ ഒരാൾ വനിത ആയിരിക്കണം. മറ്റ് രണ്ടു പേരും പുരുഷന്മാരും. വനിതാ പ്രതിനിധിയുടെ കാര്യത്തിൽ പ്രായപരിധി തെരഞ്ഞെടുക്കപ്പെടുന്നയാൾ പ്രായപൂർത്തിയായ ആളായിരിക്കണം എന്ന് മാത്രമാണ്. തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് പുരുഷന്മാരിൽ ഒരാൾ 35 വയസിൽ താഴെ പ്രായം ഉള്ള ആളായിരിക്കണം. ഓരോ ഇടവകയിൽ നിന്നും മേൽപ്പറഞ്ഞ തരത്തിലുള്ള 2 പുരുഷന്മാരെയും 1 വനിതയേയും ഇടവകാപൊതുയോഗം തെരഞ്ഞെടുത്ത് (ഇതിനുവേണ്ടി മാത്രം കൂടുന്ന പൊതുയോഗമാണെങ്കിൽ 3 പ്രാവശ്യം അറിയിക്കാതെയും പൊതുയോഗം കൂടാവുന്നതാണ്) തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരും മേൽവിലാസവും ഫോൺ നമ്പറും ഡിസംബർ 20–ാം തീയതിക്കകം ബഹു. ഫൊറോന വികാരിയെ അറിയിക്കുകയും വേണം. ഇപ്രകാരം ഓരോ ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർ ചേർന്നാണ് ഫൊറോന കൗൺസിൽ രൂപീകരിക്കുന്നത്. ഫൊറോന കൗൺസിലിൽ വച്ചാണ് അതിലെ അംഗങ്ങളിൽ നിന്ന് 3 പേരെ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടത്.

ജനുവരി 10–ാം തീയതിക്കകം ബഹു. ഫൊറോന വികാരിയച്ചന്മാർ ഫൊറോന കൗൺസിൽ വിളിച്ചു ചേർത്ത് രൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതാണ്. ഫൊറോന കൗൺസിൽ ചേരുന്ന ദിവസം ഇടവകകളിൽ നിന്നും

ഫൊറോന കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ ഫൊറോന കേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള സത്യപ്രതിജ്ഞ പരസ്യമായി ചെയ്യുകയും അതിൽ ഒപ്പിട്ട് ഫൊറോന വികാരിയച്ചനെ ഏൽപ്പിക്കുകയും ഫൊറോന കേന്ദ്രത്തിൽ സൂക്ഷിക്കുകയും വേണം. എന്നാൽ രൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ സത്യ പ്രതിജ്ഞാ പത്രവും അവരുടെ വിലാസവും ഫോൺ നമ്പറും ഇ-മെയിൽ അഡ്രസ്സുണ്ടെങ്കിൽ അതും 2016 ജനുവരി 20-ാം തീയതിക്കകം ബഹു. ഫൊറോനാ വികാരിയച്ചന്മാർ രൂപതാ ചാൻസലറുടെ പേരിൽ അയച്ചു കൊടുക്കേണ്ടതാണ്.

രൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ സത്യപ്രതിജ്ഞാപത്രം രൂപതാ കേന്ദ്രത്തിൽ കിട്ടിയെങ്കിൽ മാത്രമേ രൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് അംഗീകാരം ലഭിക്കുകയുള്ളൂ. രൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ 2016 ഫെബ്രുവരി 13-ാം തീയതി ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒരുമിച്ച് കൂടി സ്ഥാനം ഏറ്റെടുക്കുന്നതായിരിക്കും. ഇക്കാര്യം തെരഞ്ഞെടുക്കപ്പെടുന്നവരെ ബഹു. ഫൊറോന വികാരിയച്ചന്മാർ മുൻകൂട്ടി അറിയിക്കാൻ ശ്രദ്ധിക്കുമല്ലോ.

രൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ അവരുടെ കാലാവധി തീരുന്നതുവരെ ഇടവകയിലെ പാരീഷ്കൗൺസിൽ അംഗങ്ങൾ കൂടി ആയിരിക്കുമെന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

നീലഗിരി റീജിയണിലെ തെരഞ്ഞെടുപ്പിന്റെ ചുമതല ബഹു. തോമസ് പൊൻതൊട്ടിയച്ചൻ നിർവ്വഹിക്കേണ്ടതാണ്. 3 പ്രതിനിധികളെയാണ് അവിടെ നിന്ന് തെരഞ്ഞെടുക്കേണ്ടത്. മറ്റ് ഫൊറോനകളിൽ നിന്നും രൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പിന് ബഹു. ഫൊറോന വികാരിയച്ചന്മാർ നേതൃത്വം നൽകേണ്ടതാണ്.

അച്ചന്റെ അജപാലന പ്രവർത്തനങ്ങൾക്ക് ധാരാളം ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ട്

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# സമർപ്പിതജീവിതത്തിന് മാർപാപ്പ ഉയർത്തുന്ന വെല്ലുവിളികൾ

നാളിതുവരെയുള്ള മാർപാപ്പമാരും മെത്രാന്മാരും പഠിപ്പിച്ചതും അനുശാസിച്ചതും സഭയിലുള്ളവർ കേട്ടിട്ടുണ്ട്, അനുസരിച്ചിട്ടുണ്ട്. ഇന്നത്തെ മാർപാപ്പയാകട്ടെ നമ്മുടെ സ്വപ്നങ്ങൾ പറയുന്നു. നമ്മുടെ ഭാഷ സംസാരിക്കുന്നു, നമ്മുടെ ചിന്തകൾ പ്രബോധനങ്ങളാക്കുന്നു. അതുകൊണ്ടാവണം പീറ്റർ സാലി എഴുതിയത്, "അടുത്തയിടെയായി സഭ മുഴുവന്റെയും മുഖത്ത് ഒരു ചിരി കളിയാടുന്നുണ്ട്." സാധാരണക്കാരന്റെ ഭാഗത്തു നിന്ന് സംസാരിക്കുന്ന മാർപാപ്പയുടെ ജീവിതവും പ്രബോധനങ്ങളും സമർപ്പിതരുടെ മുമ്പിൽ ഉയർത്തുന്ന വെല്ലുവിളികളും ഉന്നയിക്കുന്ന ചോദ്യങ്ങളും അതുകൊണ്ടു തന്നെ സമർപ്പിതരെക്കുറിച്ചുള്ള ജനത്തിന്റെ പ്രതീക്ഷകളാണ്. സമർപ്പിതജീവിതം കാലഹരണപ്പെട്ട അവശിഷ്ടങ്ങളായി മാറാതിരിക്കണമെങ്കിൽ സമർപ്പിതർ ഏറെ തുറവിയോടും ആദരവോടും കൂടെ ഇക്കാലത്തിന്റെ നിർദ്ദേശങ്ങളെ പരിഗണിച്ചേ മതിയാകൂ.

**ഒരു കഥയുടെ തുടക്കം**

പോപ്പ് ഫ്രാൻസിസ് സ്വയം പ്രതിനിധാനം ചെയ്യാൻ ബോധപൂർവ്വം തിരഞ്ഞെടുത്ത സഭയുടേയും സന്യാസത്തിന്റേയും ആന്തരിക ചൈതന്യമായ ആ മനുഷ്യന്റെ കഥ പറഞ്ഞുകൊണ്ട് തുടങ്ങാം ഐഹികസാമ്രാജ്യത്തിന്റെ രാഷ്ട്രീയത്തിന് വശംവദനാകാത്ത നസ്രത്തിലെ തച്ചനിൽനിന്ന് പടച്ചട്ടയണിഞ്ഞ ക്രിസ്തുവിലേക്കും, പിന്നെ ക്രിസ്തുരാജനിലേക്കും, സഭയെത്തുമ്പോൾ കാലം പത്തു നൂറ്റാണ്ടുകൾ കഴിഞ്ഞുപോയിരിന്നു. കൈകളെ തുളക്കുന്ന ആണികൾക്കു പകരം കയ്യിൽ അധികാരത്തിന്റെ ചെങ്കോലും, അങ്കികൾ ഉരിഞ്ഞുമാറ്റപ്പെട്ട നഗ്നതയ്ക്കു പകരം ആഡംബരത്തിന്റെ സുവർണ്ണയങ്കിയും, തലയിൽ മുൾമുടിക്കുപകരം അധീശത്വത്തിന്റെ സ്വർണ്ണക്കിരീടവുമണിഞ്ഞ ക്രൂശിതനിൽ നിന്ന് സഭ ഒരു സാമ്രാജ്യത്വകൊളോണിയൽ ക്രിസ്തുസങ്കൽപ്പത്തിലേയ്ക്ക് എത്തിച്ചേർന്നിരുന്നു. ചരിത്രത്തിന്റെ ഈ ദശാസന്ധിയിലാണ് ഫ്രാൻസിസ് എന്ന കൊച്ചുമനുഷ്യന്റെ രംഗപ്രവേശം.

കാര്യങ്ങളെല്ലാം ഭംഗിയായി നടന്നുപോകുന്ന കാലം. ആഘോഷപൂർവ്വമായ ആരാധനകൾ, ദിവ്യബലികൾ, യൂറോപ്പിൽ അങ്ങോള

മിങ്ങോളം തലയുയർത്തി വരുന്ന അംബരചുംബികളായ ദേവാലയങ്ങൾ, ഭണ്ഡാരത്തിൽ നിറയെ പണം. റോമിലെ ഭരണാധികാരിയുടെ തിരുവായ്ക്ക് എതിർവായ് ഇല്ലാത്ത സഭയ്ക്കും സമൂഹത്തിനുള്ളിലെ 'സമാധാനകാലം'. അക്കാലത്താണ് അയാൾ അസ്സീസിയുടെ തെരുവുകളിൽ വന്ന് വിളിച്ചുപറയുന്നത്. "സഭ ജീർണ്ണിച്ചു വീണുകൊണ്ടിരിക്കുകയാണ്"കേട്ടവരൊക്കെ അടക്കിച്ചിരിച്ചു കടന്നുപോയി. 'ബർണാർദോണിന്റെ മകന് ഭ്രാന്താണ്'എന്ന വാർത്ത അസ്സീസിയിൽ പരക്കാൻ ഏറെനാൾ വേണ്ടിവന്നില്ല. എന്നാൽ ഫ്രാൻസിസിനെ സംബന്ധിച്ചിടത്തോളം അത് നീണ്ട അന്വേഷണത്തിനൊടുവിൽ കിട്ടിയ ഒരു വെളിപാടായിരുന്നു.

രാജാധിരാജ സങ്കല്പ്പങ്ങൾക്കിപ്പുറത്ത് ദരിദ്രനും വിനീതനും ക്രൂശിതനുമായ ക്രിസ്തുവാണ് അയാളെ പിന്നീട് നയിച്ചത്. അതുകൊണ്ടാണ് പിന്നീട് അയാൾ കണ്ട സ്വപ്നങ്ങളിലൊക്കെ കല്ലിലും മണ്ണിലും ബലവത്തായി പണിതുയർത്തിയ വൻ ദേവാലയങ്ങളൊക്കെ തകർന്നു വീഴുന്നതും വഴിവക്കിലൂടെ മണികുലുക്കി നടന്നെത്തിയ ദുർഗന്ധം വമിക്കുന്ന കുഷ്ഠരോഗികളിൽ ക്രിസ്തു അയാൾക്ക് വെളിവാകുന്നതും.

സിനഗോഗുകളിൽ നിന്ന് പുറത്താക്കപ്പെട്ട, സ്വന്തമായ ദേവാലയമോ പ്രർത്ഥനാ ഇടമോ ഇല്ലാത്ത ആദിമ ക്രൈസ്തവസമൂഹത്തിന്റെ തിരിച്ചറിവായിരുന്നു ദൈവത്തിന്റെ ആലയം മനുഷ്യൻ തന്നെ എന്നത്. കല്ലിലും മണ്ണിലും പണിതതിനെയൊക്കെ ജീർണ്ണത കല്ലിന്മേൽ കല്ല് ശേഷിക്കാതെ തകർക്കും. മനുഷ്യരിൽ പണിയുന്ന ആലയം സ്നേഹത്തിന്റെ ശ്രീകോവിലായി കാലത്തെ അതിജീവിക്കും. അതുകൊണ്ടാണ് മുപ്പതും അമ്പതും കോടിയുടെ ദേവാലയങ്ങൾ നമ്മുടെ ഇടയിൽ തലയുയർത്തി വരുമ്പോൾ മധ്യകാലഘട്ടത്തിൽ യൂറോപ്യൻ സഭയെ പിടികൂടിയ ജീർണ്ണത ഇവിടെയും എത്തിയിരിക്കുന്നുവോയെന്നു ഞാൻ ഭയക്കുന്നത്. സഭയെന്നാൽ സ്ഥാപനമാണെന്ന തെറ്റിദ്ധാരണ പരക്കെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. റോമിൽ ഒരു നല്ലയിടയൻ ഫ്രാൻസിസിന്റെ വഴിയിൽ മനുഷ്യരിൽ സഭയുടെ പുനർനിർമ്മിതി തുടങ്ങിയ കാലത്താണ് ഈ ആർഭാടസൗധങ്ങൾ ഉയരുന്നതെന്ന വൈരുദ്ധ്യം അല്പ്പം കഠിനമാണ്. 'ഫ്രാൻസിസ്' ഒരു വ്യക്തിക്കിട്ട പേരല്ല. ഒരുജീവിതശൈലിക്ക് കാലം ചാർത്തിക്കൊടുത്ത പേരാണ്. അതുകൊണ്ടാണ് 'ദരിദ്രരെക്കുറിച്ചൊരു കരുതൽ വേണം' എന്ന് ഏതോ ഒരു സഹയിടയൻ ഓർമ്മിപ്പിച്ചപ്പോൾ 'ഫ്രാൻസീസ്' എന്നാവട്ടെ ഇനി സഭയുടെ തലക്കെട്ട് എന്ന് ആ വലിയ ഇടയൻ നിശ്ചയിച്ചത്. സ്ഥാനമേറ്റ് മൂന്നു ദിവസങ്ങൾ കഴിഞ്ഞപ്പോൾ വീണ്ടും അദ്ദേഹം തന്റെ ആഗ്രഹം പ്രകടിപ്പിച്ചു: *"ദരിദ്രർക്ക്*

*വേണ്ടി ദരിദ്രമായ ഒരു സഭയാണ് എന്റെ സ്വപ്നം".* ആ ഇടയൻ തെളിക്കുന്ന വഴി പിന്തുടരാൻ അജഗണത്തിനുള്ള ബാധ്യതയാണ് ഇന്ന് ആവർത്തിച്ച് ഓർമ്മപ്പെടുത്തേണ്ടി വരുന്നത്.

**കൂട്ടുകൂടി ആൾക്കൂട്ടമായി മാറിയ സന്യാസം**

സത്യത്തിൽ സന്യാസത്തിന്റെ വിത്തുകൾ എവിടെയാണെന്ന് പുനർവിചിന്തനം ചെയ്യേണ്ട ഒരു കാലത്തിലാണ് സഭയിന്ന്. മറ്റൊരു മതത്തിലും കാണപ്പെടാത്തതുപോലെ സന്യാസം സ്ഥാപനവത്ക്കരിക്കപ്പെടുകയും പൊതുവൽക്കരിക്കപ്പെടുകയും ചെയ്തിരിക്കുന്ന ഒരു ഇടമാണ് കത്തോലിക്കാ സഭ. അതിന് അതിന്റേതായഗുണങ്ങളും ദോഷങ്ങളും ഉണ്ടായിട്ടുണ്ട്. ഒറ്റയ്ക്ക് ചെയ്താൽ പരിമിതമായി പോയേക്കാവുന്ന ചില നന്മകൾ കൂട്ടമായി ചെയ്യുമ്പോൾ സമൂഹത്തിൽ പത്തിരട്ടിയും ഇരുപതിരട്ടിയും ഫലങ്ങൾ ഉണ്ടാക്കിയേക്കാമെന്ന തിരിച്ചറിവിൽ ആണ് സന്യാസത്തിന്റെ കൂട്ടുജീവിതത്തിന്റെ തുടക്കം. ഒപ്പം ഒരേ മനസ്സോടെ ചിന്തിക്കുന്നവരോടൊത്തുള്ള സഹവാസം വ്യക്തിജീവിതത്തിന് കൂടുതൽ ആവേശം പകരും എന്ന ചിന്തയും. എന്നാൽ സാധാരണക്കാർക്ക് അപ്രാപ്യമായ ഒരു വിശുദ്ധമായ ജീവിതം നയിക്കാൻ ലോകത്തിൽ നിന്ന് വേർതിരിക്കപ്പെട്ടു മാറ്റപ്പെട്ടവരുടെ കൂട്ടമാണ് സന്യാസികളുടേത് എന്ന് ചിന്തിക്കാൻ തുടങ്ങുകയും അതിന് സ്വാതന്ത്ര്യത്തിന്റെ എല്ലാ വിശാലതകളേയും നിഷ്ഠകൾ കൊണ്ട് വിലക്കുകയും ചെയ്യാൻ തുടങ്ങിയപ്പോൾ മുതൽ സന്യാസത്തിന് അതിന്റെ അന്തഃസത്ത നഷ്ടപ്പെട്ടു തുടങ്ങിയിരുന്നു. സാവകാശം ഉള്ളിൽ സന്യാസത്തിന്റെ നിധിയില്ലാത്തവർ സ്ഥാപനം തരുന്ന സുരക്ഷിതത്വവും സാമൂഹ്യ അംഗീകാരവും നോക്കി അതിൽ കയറിപറ്റാൻ ശ്രമിക്കുക കൂടി ചെയ്തപ്പോൾ ഈ സന്യാസസ്ഥാപനങ്ങൾ ആൾബലത്തിലും എണ്ണത്തിലും വർദ്ധിച്ചു. അത് സന്യാസത്തിന്റെ "സുവർണ്ണ കാല"മായി കാണുന്നവർ ഇനിയെങ്കിലും ഒരു പുനർ വിചാരണക്കിരിക്കണം.

അവിടെയാണ് സന്യാസത്തിന്റെ പുത്തൻ വഴിതെളിച്ച അസ്സീസിയിലെ ആ കൊച്ചു മനുഷ്യൻ നമ്മെ പ്രതിക്കൂട്ടിൽ നിർത്താൻ പോകുന്നത്. ഇരുപത്തിരണ്ടാം വയസ്സിൽ തനിക്കുതന്നെ വേണ്ടത്ര വ്യക്തതയില്ലാത്ത ജീവിതത്തിന്റെ ഒറ്റയാൾ വഴിയിലേക്ക് ഇറങ്ങിനടക്കുമ്പോൾ ചുറ്റും ഒരു കൂട്ടം സുഹൃത്തുക്കൾ കൂടെയുണ്ടാകുമെന്ന് അയാൾ സ്വപ്നത്തിൽപ്പോലും വിചാരിച്ചിരുന്നില്ല.

എന്നാൽ കാലം പോയി. ഫ്രാൻസീസ് ആരാണെന്നറിയാത്തവരും നടക്കേണ്ട വഴിയെക്കുറിച്ച് ദർശനങ്ങളുടെ വ്യക്തതയില്ലാത്തവരും

എന്തൊക്കെയോ ചില സുരക്ഷിതത്ത്വങ്ങളെ കണ്ട് ആ സഹോദര്യ സമൂഹത്തിന്റെ ഭാഗമാകാൻ തുടങ്ങി. കാര്യങ്ങളൊക്കെ ഫ്രാൻസിസിന്റെ കൈപിടിയിൽ നിന്നു വിട്ടുപോവുകയായിരുന്നു. അതേസമയം താൻ ജീവിക്കാനാഗ്രഹിച്ച സന്ന്യാസ സ്വപ്നത്തിൽ വെള്ളം ചേർക്കാൻ ഫ്രാൻസീസ് തയ്യാറായതുമില്ല. അതുകൊണ്ടാണ് മരണക്കിടക്കയിലും അയാൾ സഹോദരന്മാരോടിങ്ങനെ പറയുന്നത്, ''എന്റെ സഹോദരന്മാരെ കാലം മാറിമാറിയുമെന്ന് എനിക്കറിയാം. പുത്തൻ സംസ്ക്കാരങ്ങൾ, പുത്തൻ സമ്മർദ്ദങ്ങൾ, പുതിയ ആവശ്യങ്ങൾ എന്നിവ ഉണ്ടാകും. എന്നാൽ ഒരു കാര്യം മാത്രം ഞാൻ നിങ്ങളോട് യാചിക്കുകയാണ് എന്റെ കഥകൾ നിങ്ങളുടെ സ്വപ്നങ്ങളെ തൊടണം. എന്റെ സ്വപ്നങ്ങൾ നിങ്ങളുടെ കഥകളാകണം".

ഇത് സന്ന്യാസത്തിന്റെ ആദർശങ്ങളും സാഹോദര്യത്തിന്റെ മൂല്യച്യുതിയും തമ്മിലുള്ള ഏറ്റുമുട്ടലായിരുന്നു. ആദർശത്തിനുവേണ്ടി സാഹോദര്യം ത്യജിക്കണമോ സാഹോദര്യത്തിനു വേണ്ടി ആദർശത്തിൽ വെള്ളം ചേർക്കണമോ ഇതായിരുന്നു ഫ്രാൻസിസിന്റെ സംഘർഷം. ഇതാണ് സന്ന്യാസത്തിന്റെ വലിയ സംഘർഷങ്ങളിൽ ഒന്ന്, കൂടെനിന്ന് ഒരേ ദർശനങ്ങൾ ജീവിക്കാമെന്ന് വാക്കു പറഞ്ഞവർ വിശ്വാസവഞ്ചന കാണിക്കുമ്പോഴും നിങ്ങൾക്കു നിങ്ങളുടെ വാക്കുകളോടും ദർശനങ്ങളോടും വഞ്ചന കാണിക്കാൻ കഴിയാത്ത അവസ്ഥ.

**സന്യാസത്തിന്റെ പ്രതിസന്ധി**

ഇപ്പോഴത്തെ സന്യാസത്തിന്റെ പ്രതിസന്ധി ഏറെപ്പേർ സന്യസ സഭകളിൽ ചേരുന്നില്ല എന്നതാണെന്ന് പൊതുവിൽ പറയപ്പെടുന്നു. എന്നാൽ മുൻകാലങ്ങളിൽ ഏറെപ്പേർ സന്യാസ സഭകളിൽ ചേർന്നിരുന്നു എന്നതാണ് സന്യാസത്തെ ഇത്രയും പ്രതിസന്ധിയിൽ ആക്കിയ സംഗതി. കുടുംബജീവിതമാണ് പ്രകൃതിദത്തമായി (natural way) ഏതൊരു മനുഷ്യനും ജീവിക്കേണ്ട ദൈവീകമായ ജീവിതശൈലി. സന്യാസ മനസ്സ് പ്രകൃതിദത്തമായ സാധാരണജീവിതശൈലിക്കുള്ളിൽ ഒതുങ്ങുന്നതല്ല (supernatural way). അത് എല്ലാക്കാലത്തും അത്യപൂർവമായിരുന്നു. അതുകൊണ്ട് തന്നെയാണ് മുഖ്യധാരാ ഇസ്ലാം, യഹൂദ, സിക്ക് മതങ്ങളിൽ ഒന്നും സന്യാസത്തിന്റെ പാരമ്പര്യം നാം കാണാത്തത്. കുടുംബജീവിതം ആത്യന്തികമായി ഒരു ഉൾവിളി ആയിരിക്കുന്നതുപോലെ ചിലരിൽ സന്യാസം ആത്യന്തികമായൊരു ഉൾവിളിയാണ്. ഈ ഉൾവിളി ലഭിച്ചവർ കുടുംബജീവിതത്തിൽ ചെന്നുപ്പെടുകയെന്നാൽ വിവാഹിതരായി ജീവിക്കേണ്ടവർ ബ്രഹ്മചര്യം സ്വയം ഏറ്റെടുക്കുന്നതുപോലെയായിരിക്കും.

സ്വതസിദ്ധ പ്രേരണയിൽ തികച്ചും സമ്മർദ്ദങ്ങളില്ലാതെ ജീവിക്കേണ്ട ഒരു 'നാച്യുറൽ ട്രെയിറ്റ്' ആണ് സന്ന്യാസം. അതാണ്"സുവിശേഷത്തിന്റെ സന്തോഷ"ത്തിൽ ഫ്രാൻസിസ് മാർപാപ്പ പറയുന്നത്. (6,7). ദൈവരാജ്യത്തിന് വേണ്ടിയുള്ള ഷണ്ഡത്വം നിധിപോലെ ഉള്ളിൽ കിട്ടുന്നവർ അപൂർവമാണ്. അത് അങ്ങനെ തന്നെയായിരിക്കുകയും വേണം. വയലിലെ ഈ നിധി കണ്ടെത്താത്തവരാരും സ്വന്തം കൈയിലെ സമ്പത്ത് വിറ്റുതുലയ്ക്കരുത്. കണ്ടുകിട്ടുന്നവരോ അതീവ സന്തോഷത്തിൽ കൈയിൽ ഉള്ളതെല്ലാം വിറ്റ് അത് സ്വന്തമാക്കും. അവർക്ക് കൈമോശം വരുന്നതിനെക്കുറിച്ചല്ല ചിന്ത, കൈവരുന്ന സത്യത്താൽ സ്വതന്ത്രമാക്കപ്പെടുന്ന ആനന്ദത്തെക്കുറിച്ചായിരിക്കും. അങ്ങനെയാണ് ഒരു ഉപേക്ഷ വലിയൊരു ആനന്ദമായി മാറുന്നത്. നീണ്ട അങ്കിയും അവിവാഹിതജീവിതവും നീട്ടിവളർത്തിയ താടിയും മുണ്ഡനം ചെയ്ത തലയും സന്ന്യാസഭവനത്തിന്റെ നിഷ്ഠകളും ഉരുവിടുന്ന ജപങ്ങളും ആരെയും സന്ന്യാസിയാക്കില്ല എന്നോർക്കണം.

സ്വന്തം മനസ്സിന്റെ പ്രകൃതിദത്തമായ ചായ്‌വിനെ മനനം ചെയ്ത് കണ്ടുപിടിക്കുന്നതാണ് ദൈവവിളി തിരിച്ചറിവ്. വലിയ താത്പര്യമൊന്നും കാണിക്കാത്ത കുട്ടികളെപ്പോലും ചില ബാഹ്യമായ ഇൻസെന്റീവ് കൊടുത്ത് സന്യാസ സഭകളിലേക്ക് ആകർഷിക്കുന്ന ചില ദൈവവിളി ക്യാമ്പുകളിൽ ഈ വ്യക്തിപരമായ മനനംപോലും പ്രാവർത്തികമായിക്കൊള്ളണമെന്നില്ല. 'ഉപ്പിലിട്ട മുളകുപോലെ ആയിരിക്കരുത് നിങ്ങളുടെ മുഖങ്ങൾ' എന്ന് സന്യാസാർത്ഥികളോടും വൈദിക വിദ്യാർത്ഥികളോടും പറഞ്ഞ മാർപാപ്പ സമർപ്പിത വർഷത്തിന്റെ തുടക്കംക്കുറിച്ചുകൊണ്ടുള്ള പ്രസംഗത്തിൽ ഇങ്ങനെ സൂചിപ്പിച്ചു: "സമർപ്പിത ജീവിതം വളരുന്നത് ദൈവവിളി ക്യാമ്പ് നല്ല രീതിയിൽ സംഘടിപ്പിച്ചതുകൊണ്ടല്ല. സന്യസികൾ സന്തുഷ്ടരായി കാണപ്പെടുമ്പോൾ പുതുതലമുറ അവരിലേക്ക് ആകർഷിക്കപ്പെട്ടുകൊണ്ടാണ്. ആരും പിന്നാലെ പോയി വിളിച്ചില്ലെങ്കിലും വിളി ഉള്ളിൽ കിട്ടിയവർ തേടിയിറങ്ങും. ദൈവവിളി പ്രോത്സാഹനത്തിന് 'സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ എങ്ങനെ കേൾക്കും' എന്ന അപ്പസ്തോലന്റെ ചോദ്യത്തിന്റെ വിലയേയുള്ളൂ. വിത്തുകളൊക്ക അവിടെനേരത്തെ തന്നെ ഉണ്ടായിരുന്നു. ആരൊക്കെയോ വളവും വെള്ളവുമായി പോകുന്നെന്നേയുള്ളൂ.

സന്ന്യാസിനികളുടെ അംഗബലം കുറയുന്നു എന്ന് കേൾക്കുമ്പോൾ ഭയപ്പെടുകയല്ല വേണ്ടത്, സന്ന്യാസത്തിന്റെ ഉൾക്കാമ്പ് തെളിയാൻ പോകുന്നതിന്റെ തുടക്കമായി കണ്ടാൽ മതി. സന്ന്യാസത്തിൽ വലിയ ആൾക്കൂട്ടത്തെയാണ് നാം ഭയപ്പെടേണ്ടത്. ആൾക്കൂട്ടം ചെറിയ

അജഗണമല്ല, അല്പം പുളിമാവല്ല, നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ എന്ന ചോദ്യത്തിന് ശേഷവും നില്ക്കുകയെന്ന ഒരു ചെറു കൂട്ടം മനുഷ്യരല്ല. അതുകൊണ്ടുതന്നെ അവരെക്കൊണ്ട് ദൈവരാജ്യ ശുശ്രൂഷയിൽ ഗുണമുണ്ടാവില്ലെന്ന് മാത്രമല്ല തിന്മയായി ഭവിച്ചേക്കാം.

പുരുഷസന്ന്യാസികൾക്കിടയിൽ ഈ പ്രശ്നമില്ലല്ലോ, അവരുടെ അംഗബലത്തിൽ വർദ്ധനവുണ്ടാവുകയല്ലേ ചെയ്തത് എന്ന സ്വാഭാവികമായ ഒരു സംശയം തോന്നാം. അത് വാസ്തവമല്ല അവർക്കിടയിലുമുണ്ട് ഈ അംഗശോഷണം. ഒരുപക്ഷേ സന്ന്യാസിനിസമൂഹങ്ങളെ ബാധിച്ചതിനേക്കാൾ ഭീകരമായി പുരുഷന്മാരുടെ ഇടയിൽ വർദ്ധിച്ചിരിക്കുന്നത് പൗരോഹിത്യത്തോടുള്ള ആവേശമാണ്. പൗരോഹിത്യം സഭയുടെ വ്യവസ്ഥാപിത ചട്ടക്കൂടിനെ മുന്നോട്ടു കൊണ്ടുപോകാനുള്ള ശുശ്രൂഷയാണ്. അതിന് സഭ നിശ്ചയിച്ചിരിക്കുന്ന വളരെ നിയതമായ കടമകൾ ചെയ്യാനുണ്ട്. അതിൽ വ്രതബദ്ധമായ ജീവിതത്തിന്റെ ശൈലികളൊന്നും ബാധകവുമല്ല. പൗരോഹിത്യം ഒരു ശുശ്രൂഷാദൗത്യമാണ്, സന്ന്യാസം ഒരു ജീവിതശൈലിയാണ്. അതുകൊണ്ടാണ് കേവല പൗരോഹിത്യം (absolute ordination) എന്നൊന്ന് സഭയിൽ ഇല്ലെന്ന് കാനോന നിയമം അനുശാസിക്കുന്നത്. സഭാ ശുശ്രൂഷയ്ക്ക് ആവശ്യമുള്ള അത്രയും പേരെ(അതിനായി സ്വയം സമർപ്പിക്കാൻ മനസ്സുള്ളവരെ)മാത്രം ശുശ്രൂഷാ പൗരോഹിത്യത്തിലേയ്ക്ക് പ്രവേശിപ്പിക്കുക എന്നതാണ് നമ്മുടെ മുൻപാരമ്പര്യം.

സത്യത്തിൽ സന്യാസജീവിതലക്ഷ്യവുമായി സന്യാസസഭകളിൽ ചേരുന്നവരുടെ എണ്ണം അന്യം നിന്ന രീതിയിലാണ്. സന്ന്യാസത്തിൽനിന്ന് പൗരോഹിത്യത്തെപൂർണ്ണമായി അടർത്തി മാറ്റി നോക്കു. അപ്പോൾ കാര്യങ്ങളുടെ കാമ്പു തെളിയും. പൗരോഹിത്യപട്ടം കിട്ടിയില്ലെങ്കിൽ ഒരു ചെറുപ്പക്കാരനും സന്ന്യാസഭയിൽ ചേരില്ലെന്ന നില വന്നിരിക്കുന്നു. (സന്യാസികളായി മാത്രം ജീവിച്ച പുരുഷസന്യാസസമൂഹങ്ങളിൽ ചിലത് നിലനിൽപ്പിനെ പ്രതി വൈദികസന്യാസത്തിലേയ്ക്ക് ചേക്കേറുകയോ മറ്റ് ചിലത് അന്യം നില്ക്കലിന്റെ വക്കോളം എത്തുകയോ ചെയ്തിട്ടുണ്ട്). കേരളസഭ പുരോഹിതരെ കൊണ്ട് നിറയുകയും പുതുതായി വരുന്ന പുരോഹിതർ സാർവ്വത്രിക സഭയുടെ മിഷൻ മേഖലയിലേക്ക് പോകാൻ തയ്യാറല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സന്യാസസമൂഹങ്ങളിൽ നിന്ന് എത്രമാത്രം സന്യാസികളെ വൈദിക പട്ടം കൊടുക്കണം എന്ന ഒരു പുനരാലോചന സഭാധികാരികളുടെ ഭാഗത്തുനിന്ന് എത്രയും നേരത്തെ ഉണ്ടാവേണ്ടതാണ്. പൗരോഹിത്യത്തിൽ ഒരു ജോലി ചെയ്യുന്നതിന് കിട്ടുന്ന സാമൂഹികമാനസിക

സംതൃപ്തിയും അംഗീകാരങ്ങളുമുണ്ട്. എന്നാൽ സന്ന്യാസം ഒരു ജീവിതശൈലി മാത്രമാകുന്നതുകൊണ്ട് ആ ജീവിതശൈലിയെ പ്രണയിക്കുന്നവർക്കേ അതിന്റെ ആനന്ദം കണ്ടെത്താനാവൂ. വൈദികൻ ആയില്ലെങ്കിൽ നിങ്ങൾ എന്തുചെയ്യും എന്ന ചോദ്യത്തിനു മുന്നിൽ ഓരോ പുരുഷസന്യാസിയും നില്ക്കണം. സന്യാസം ആൾക്കൂട്ടമാകുമ്പോൾ അത് അപകടാവസ്ഥയിലെന്ന് സാരം.

**കരുണയുടെ ഇടയൻ**

സഭയ്ക്ക് നഷ്ടമായത് അതിന്റെ കാരുണ്യഭാഷയാണ്. അതുകൊണ്ടുതന്നെ നമ്മൾ ഒരു കരുണയുടെ വർഷം ആചരിക്കണം. വയലിലെ ലില്ലികളെ നോക്കി, ആകാശപ്പറവകളെ നോക്കി, വഴിവക്കിൽ വീണുകിടക്കുന്ന മനുഷ്യരെ നോക്കി, ധൂർത്തിന്റെ വഴിയിൽനിന്ന് സ്നേഹത്തിന്റെ തറവാട്ടുവീട്ടിലേയ്ക്ക് മടങ്ങിവരുന്ന ശിരസ്സ് കുനിഞ്ഞ മനുഷ്യരെ നോക്കി, വേശ്യപ്പെണ്ണിന്റെ കണ്ണീരിലേയ്ക്ക് നോക്കി കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും കഥകൾ ചൊല്ലിയ ഗുരുവിൽ നിന്ന് ശിക്ഷരക്ഷകളുടെയും ദൈവത്വമനുഷ്യത്വത്തിന്റേയും ഏകത്വത്രിത്വത്തിന്റേയും ബൗദ്ധികദൈവശാസ്ത്ര ചർച്ചകളിലേയ്ക്ക് എത്തിയപ്പോഴേക്കും സഭ ക്രിസ്തുവിൽ നിന്ന് ഏറെ ദൂരത്ത് പോയിരുന്നു.

സാബത്ത് മനുഷ്യനു വേണ്ടിയാണ്. മനുഷ്യൻ സാബത്തിന് വേണ്ടിയല്ല എന്ന മനുഷ്യത്വത്തിന്റ വിശാലനിലപാടെടുക്കാൻ ഒരു കാരുണ്യ ഹൃദയത്തിനെ കഴിയൂ. സന്ന്യാസ ആശ്രമങ്ങളും വൈദിക പരിശീലനക്കളരികളും ജീവിതത്തിന്റെ പച്ചയായ പരിഛേദം നഷ്ടപ്പെടുത്തി, സമൂഹത്തിന്റെ മധ്യത്തിൽ നിന്ന് പറിച്ച് മാറ്റപ്പെട്ട്, കഥകളേയും കവിതകളേയും ഉപമകളേയും പുറത്താക്കി. പകരം കാനോനിക നിയമസംഗിതകളും ആരാധനാനിഷ്ഠകളും കണിശമാക്കാൻ തുടങ്ങിയപ്പോൾ സഭയ്ക്ക് നഷ്ടമായത് ധൂർത്തപുത്രനെ വഴിയോരകണ്ണുമായി കാത്തിരിക്കുന്ന പിതാവിന്റെ ഹൃദയവും മനുഷ്യത്വത്തിനുവേണ്ടി സാബത്തു നിയമം ലംഘിക്കാനുള്ള ഹൃദയവിശാലതയും അവസാന മണിക്കൂറിൽ ജോലിക്കെത്തിയ ദുർബലനായവനും ആദ്യമണിക്കൂറിൽ ജോലിക്കെത്തിയവനും ഓരേ കൂലി കൊടുക്കുന്ന യജമാനന്റെ നീതിബോധവുമാണ്.

കാരുണ്യം മതത്തിൽനിന്ന് ചോർന്നുപോയാൽ അവിടെ തഴയ്ക്കാൻ പോകുന്നത് പ്രായോഗികവാദമാണ്. അതുകൊണ്ടാണ് ബുദ്ധൻ അനുഷ്ഠാനമതത്തെ തള്ളിക്കളഞ്ഞ് കാരുണ്യത്തെക്കുറിച്ചു മാത്രം സംസാരിച്ചത്. ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്ന

തെന്ന് പലസ്തീനായിലെ ആ ഗുരു അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചത്. പോപ്പ് ഫ്രാൻസിസ് ഇടയന്മാരാകേണ്ട വൈദികരോട് പറയുന്നു.

**''കാരുണ്യം കാണിക്കുന്നതിൽ നിങ്ങൾക്ക് ഒരിക്കലും മടുപ്പുള വാകരുത്. കാരുണ്യം നഷ്ടപ്പെട്ടാൽപ്പിന്നെ ഒരിടയനും കൂടെ നില്ക്കുന്ന അനുസരണവും വിധേയത്വവുമുള്ള തൊണ്ണൂറ്റൊമ്പത് ആടുകളെയും വിട്ട് നഷ്ടപ്പെട്ട ഒന്നിന്റെ പിന്നാലെ പോകില്ല. സ്വന്തം പങ്കു വാങ്ങിപോയ ധൂർത്തനുവേണ്ടി ഒരു പിതാവും ഇനിയൊരു ചില്ലിക്കാശുപോലും വ്യയം ചെയ്യില്ല. മക്കൾക്കുവേണ്ടി ഒരുക്കപ്പെട്ട മേശയിൽ ഒരു ചുങ്കക്കാരനും വേശ്യയും മുടന്തനും കുഷ്ഠരോഗിയും കയറിയിരിക്കില്ല. മക്കളുടെ അപ്പം മക്കൾ മാത്രം ഭക്ഷിക്കും. അങ്ങനെ നീതിമാന്മാരുടെയും ആരോഗ്യവാന്മാരുടെയും ദൈവ രാജ്യത്തിന്റെ മക്കളുടെയും വിശുദ്ധ ഇടമായി സഭ നിലകൊള്ളും. അപ്പോൾ ഒരാൾമാത്രം പുറത്തുനിൽക്കുന്നുണ്ടാവും, ക്രിസ്തു എന്ന കരുണാമയൻ.''**

**സന്യാസത്തിന്റെ പ്രവാചകദൗത്യം**

സന്യസ്തരോടും പുരോഹിതരോടും ഫ്രാൻസിസ് മാർപാപ്പയ്ക്ക് പറയാനുള്ളത് ഇതാണ്.**"അടഞ്ഞു കൂടി അനാരോഗ്യമാവുകയും സ്വന്തം സുരക്ഷിതത്വത്തോട് ഒട്ടിച്ചേർന്നു നില്ക്കുകയും ചെയ്യുന്ന ഒരു സഭയേക്കാൾ എനിക്കിഷ്ടം മുറിവേറ്റ, വേദനിക്കുന്ന, ദുർഗന്ധം വമിക്കുന്ന ഒരു സഭയാണ്. കാരണം ആ സഭ പുറത്ത് തെരുവിലാണ്.**

ഇതേ മനസ്സ് സൂക്ഷിച്ചിരുന്നു അസ്സിസിയിലെ ഫ്രാൻസിസ് എന്ന ആ ദരിദ്ര ഭിക്ഷുവും. സന്യാസം ചുറ്റുമതിലുകൾക്കുള്ളിലും, ആവൃതി കൾക്കുള്ളിലും സുരക്ഷിതമായി അടഞ്ഞുകൂടി ജീവിച്ചിരുന്ന കാലത്ത് പാശ്ചാത്യസമൂഹത്തിൽ ഫ്രാൻസിസ് ആരംഭിച്ചത് സന്യാസചരിത്ര ത്തിലെ തന്നെ വ്യത്യസ്തമായ ഒരു മുന്നേറ്റമായിരുന്നു. "അലയുന്ന സന്യാസികളുടെ സമൂഹം (മെൻഡിക്കൻസ്) ഗ്രാമങ്ങളിലും പർണ്ണ ശാലകളിലും പട്ടണങ്ങളുടെ തെരുവോരങ്ങളിലും അവർ സന്യാസം ജീവിച്ചു. 'കുറുനരികൾക്ക് മാളങ്ങളുണ്ട്, ആകാശപറവകൾക്ക് കൂടു കളുമുണ്ട്. മനുഷ്യപുത്രനു തലചായിക്കാനിടമില്ല' എന്നു പറഞ്ഞു ജീവിതം മുഴുവൻ സഞ്ചാരിയായി അലഞ്ഞ പാലസ്തീനായിലെ ഗുരു വിന്റെ കാലടികളെ തേടിയ ഒരു മുന്നേറ്റമായിരുന്നു അത്. അതേ വഴി യിലായിരുന്നു കല്ക്കത്തയിലെ ആ അമ്മയും. ആചാരപരമായി പോകുന്ന ഒരു മതത്തിൽ നിന്ന് ആത്മീയതയെ തിരിച്ചുപിടിക്കാൻ ശ്രമിച്ച സഭാപിതാവ് സന്യാസിയായ ജോൺ ക്രിസോസ്റ്റം പറഞ്ഞതിങ്ങനെ.

**“കർത്താവുതന്നെ പട്ടിണികിടക്കുമ്പോൾ എന്തിനാണ് സ്വർണ്ണപാന പാത്രംകൊണ്ട് നിങ്ങളിങ്ങനെ കർത്താവിന്റെ മേശയെ ഭാരപ്പെടുത്തുന്നത്? ആദ്യം വിശക്കുന്നവന് ആഹാരം കൊടുക്കുക, പിന്നെ എന്തെങ്കിലും ശേഷിക്കുന്നെങ്കിൽ അത് കർത്താവിന്റെ മേശയിൽ ചിലവിടുക.’’** അനുഷ്ഠാനപരമായി അധഃപതിക്കുന്ന സഭയിൽ പ്രവാചക ധർമ്മമാണ് സന്യാസികളുടേത് എന്ന് മാർപാപ്പ സന്ന്യാസികളെ ഓർമ്മപ്പെടുത്തുകയാണ്. “ലോകത്തെ ഉണർത്തേണ്ട പ്രവാചകരാണ് നിങ്ങൾ. പ്രവാചകദൗത്യം ഉപേക്ഷിച്ചാൽ പിന്നെ സന്യാസത്തിന് അന്തഃസത്തയില്ല.”(സകല സമർപ്പിതർക്കും വേണ്ടിയുള്ള അപ്പസ്തോലിക ലേഖനം, 21 നവം. 2014) സഭയെ നിരന്തരം നവീകരിക്കുകയും കാലത്തിനു മുമ്പേ യാത്ര ചെയ്യുകയും ചെയ്യുക എന്നതാണ് പ്രവാചക ധർമ്മം. പ്രവാചക ധർമ്മം ജീവിക്കേണ്ടത് ജനമദ്ധ്യത്തിൽ ആണ്. ഒരു വശത്ത് സന്യാസികൾ തങ്ങളുടെ ജീവിതത്തെ വൈദിക ശുശ്രൂഷകൊണ്ട് പകരം വെക്കാനും ജപങ്ങളും പ്രർത്ഥനകളും മാത്രമായി ദേവാലയത്തിന് ഉള്ളിലേക്ക് ഉൾവലിയാനും ശ്രമിക്കുമ്പോൾ മറുവശത്ത് ലോകത്തിന്റേതല്ലാതെ ജീവിക്കാനുള്ള അവരുടെ വിളിയെ ജനമദ്ധ്യത്തിൽ ഉപേക്ഷിച്ച് പിന്മാറുകയാണ്. സന്യാസത്തിന്റെ ഉള്ളറിയാത്ത സന്യാസികൾ തന്നെയാണ് സന്യാസത്തിന്റെ വിലകെടുത്തിയത്. മതംമാറ്റത്തിലൂടെയല്ലാതെ ആകർഷണത്തിലൂടെ വളരേണ്ട സഭയ്ക്കാണ് സന്ന്യാസികൾ സാക്ഷ്യം വഹിക്കേണ്ടതെന്ന് ആ വലിയ ഇടയൻ പറയുമ്പോൾ സഭയെ ലോകത്തിന്റെ ഉപ്പും പുളിമാവും ആക്കേണ്ട ദൗത്യമാണ് അവരുടേത് എന്ന ഓർമ്മപ്പെടുത്തലാണ്. ഉപ്പും പുളിമാവും കുറച്ചേ വേണ്ടു, അത് ജാതിമതഭാഷാദേശ വൈവിധ്യങ്ങൾക്കപ്പുറം പ്രവാചകധർമ്മത്തിന്റെ പുളിയായി, ഉപ്പായി പടരും. എന്നാൽ ഉപ്പിന് ഉറകെട്ടുപോയാൽ എന്തുചെയ്യും? വലിച്ചറിയപ്പെട്ടു മനുഷ്യരാൽ ചവിട്ടപ്പെടുന്ന ഒരു കാലം ഭാവിയിൽ അസാധ്യമല്ലെന്ന് ഓർക്കുക.

**ജിജോ കുര്യൻ, കപ്പൂച്ചിൻ**

*(കടപ്പാട്: സത്യദീപം 2015, നവംബർ 19-25, പേജ് 1, 16- 17)*

# രൂപതാകച്ചേരി വാർത്തകൾ

**ബൈബിൾ ഞായർ**

ഡിസംബർ 27 ഞായറാഴ്ച ബൈബിൾ ഞായറായി കേരള സഭ ആചരിക്കുകയാണല്ലോ. അന്നേദിവസം എടുക്കുന്ന പ്രത്യേക സ്തോത്രക്കാഴ്ച കെ.സി.ബി.സി. യുടെ ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കുവാനായി രൂപതാ കേന്ദ്രത്തിൽ എത്തിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. ബൈബിൾ ഞായറാഴ്ച വായിക്കേണ്ട സർക്കുലർ നവംബർ മാസത്തെ ബുള്ളറ്റിനിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ. (പേജ് 22-28).

**അഭിനന്ദനങ്ങൾ**

മാനന്തവാടി രൂപതാ മിഷൻലീഗ് തുടർച്ചയായി 11-ാം തവണയും സംസ്ഥാന കലോത്സവത്തിൽ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ഈ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച മിഷൻലീഗിന്റെ രൂപതാ ഡയറക്ടർ ബഹു. ജോജോ ചങ്ങനാംതുണ്ടത്തിൽ, രൂപതാ മേഖലാ, ശാഖാ ഭാരവാഹികൾ, ബഹു. വൈദികർ, സിസ്റ്റേഴ്സ്, മതാധ്യാപകർ, മിഷൻലീഗ് അംഗങ്ങൾ ഏവർക്കും രൂപതയുടെ മുഴുവൻ അഭിനന്ദനങ്ങൾ അറിയിക്കുന്നു

**പ്രസ്ബിറ്ററൽ കൗൺസിൽ (Presbyteral Council)**

പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഒരു യോഗം 2015 ഡിസംബർ 3 ന് വ്യാഴാഴ്ച രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ ബിഷപ്സ്ഹൗസിൽ ചേരുന്നതാണ്. അംഗങ്ങൾക്ക് കത്തുകൾ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ കത്ത് കിട്ടാതെ വന്നാൽ ഇത് ഒരു അറിയിപ്പായി സ്വീകരിച്ച് യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കൂരിയ അവധി**

ഡിസംബർ 24 മുതൽ ജനുവരി 4 വരെ രൂപതാ കച്ചേരി അവധിയായിരിക്കും.

## പൗരോഹിത്യം സ്വീകരിക്കുന്നവർ

കോട്ടയം വടവാതൂർ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ചിറക്കത്തോട്ടത്തിൽ അഗസ്റ്റിൻ (സിജേഷ്), ഡീക്കൻ ചിറ്ററയ്ക്കൽ വർഗ്ഗീസ് (സനോജ്), ആലുവ മംഗലപ്പുഴ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ തേവർക്കുന്നേൽ ഡോൺ ബോസ്കോ (ബിവാൾഡിൻ), ഡീക്കൻ വെട്ടിക്കൽ ജോൺ (പ്രകാശ്), തൃശൂർ മേരി മാതാ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ പീച്ചാട്ട് ജോസഫ് (ജിതിൻ), ഡീക്കൻ പാലക്കാട്ട് ആന്റണി (നിധിൻ), കുന്നോത്ത് ഗുഡ്ഷെപ്പേർഡ് സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ കൊല്ലംകുന്നേൽ വർഗ്ഗീസ് (അനൂപ്), ഡീക്കൻ തേക്കിലക്കാട്ടിൽ മാത്യു (ജോമേഷ്) എന്നിവർ ഡിസംബർ മാസത്തിൽ തിരുപ്പട്ടം സ്വീകരിക്കുവാൻ ഒരുങ്ങുന്നു. ഇവർക്ക് ആശംസകളും അനുമോദനങ്ങളും നേരുന്നു. പൗരോഹിത്യ കൂട്ടായ്മയിലേക്ക് ഇവർക്ക് ഹൃദ്യമായ സ്വാഗതം. പൗരോഹിത്യ സ്വീകരണത്തിനായി ഒരുങ്ങുന്ന ഇവരെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

| തിരുപ്പട്ട സ്വീകരണത്തിന്റെ തീയതിയും സ്ഥലവും | | | |
|---|---|---|---|
| **തീയതി** | **വീട്ടുപേരും പേരും** | **സ്ഥലം** | **സമയം** |
| 2015 ഡിസം 26 | പീച്ചാട്ട് ജോസഫ് (ജിതിൻ) | തോണിച്ചാൽ | രാവിലെ 9.30 |
| 2015 ഡിസം 26 | ചിറക്കത്തോട്ടത്തിൽ അഗസ്റ്റിൻ (സിജേഷ്) | കോട്ടത്തറ | ഉച്ചകഴിഞ്ഞ് 2.30 |
| 2015 ഡിസം 28 | തേവർക്കുന്നേൽ ഡോൺ ബോസ്കോ (ബിവാൾഡിൻ) | ജൂഡ്സ് മൗണ്ട് | ഉച്ചകഴിഞ്ഞ് 2.30 |
| 2015 ഡിസം 29 | കൊല്ലംകുന്നേൽ വർഗ്ഗീസ് (അനൂപ്) | കുന്നലാടി | രാവിലെ 9.30 |
| 2015 ഡിസം 29 | തേക്കിലക്കാട്ടിൽ മാത്യു (ജോമേഷ്) | വഞ്ഞോട് | ഉച്ചകഴിഞ്ഞ് 2.30 |
| 2015 ഡിസം 30 | ചിറ്ററയ്ക്കൽ വർഗ്ഗീസ് (സനോജ്) | മണിപ്പാറ | രാവിലെ 9.30 |
| 2015 ഡിസം 30 | വെട്ടിക്കൽ ജോൺ (പ്രകാശ്) | ചുങ്കക്കുന്ന് | ഉച്ചകഴിഞ്ഞ് 2.30 |
| 2015 ഡിസം 31 | പാലക്കാട്ട് ആന്റണി (നിധിൻ) | പയ്യമ്പള്ളി | രാവിലെ 9.30 |

**അഭിനന്ദനങ്ങൾ**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ഏർപ്പെടുത്തിയ സംസ്ഥാനത്തെ മികച്ച മദ്യവിരുദ്ധ പ്രവർത്തനത്തിനുള്ള രണ്ടാം സ്ഥാനത്തിന് മാനന്തവാടി രൂപത അർഹയായി. രൂപതാ മദ്യ വിരുദ്ധ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന ഡയറക്ടർ ബഹു. സണ്ണി മഠത്തിലച്ചനും ടീം അംഗങ്ങൾക്കും രൂപതാ കുടുംബ ത്തിന്റെ അഭിനന്ദനങ്ങൾ.

**യുവവൈദികർക്കുവേണ്ടിയുള്ള കോഴ്സ്**

യുവവൈദികർക്കുവേണ്ടിയുള്ള കോഴ്സ് 2016 ഫെബ്രുവരി 1-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 7 മുതൽ 4-ാം തീയതി വ്യാഴാഴ്ച 1 മണി വരെയായിരിക്കും. 2006 ഏപ്രിൽ മാസത്തിൽ പട്ടം സ്വീകരിച്ചവർ തുടങ്ങിയുള്ള എല്ലാ വൈദികരും (ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്നവർ ഉൾപ്പെടെ) നിർബന്ധമായും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. കോഴ്സിൽ പങ്കെടുക്കുന്ന തിൽ നിന്ന് ആർക്കും ഒഴിവ് അനുവദിക്കുന്നതല്ല. അതിനാൽ വ്യക്തിപരമായ കാര്യങ്ങളോ, ഇടവകയിലേയോ, സ്ഥാപനത്തി ലേയോ, സംഘടനയിലേയോ കാര്യങ്ങളോ മുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്.

പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.

**COURSE FOR YOUNG PRIESTS - PARTICIPANTS LIST**

| SN | Rev Fathers |
|---|---|
| 1 | Kakkonal Manoj |
| 2 | Padinjarayil Mathew |
| 3 | Poothakkuzhy Jacob |
| 4 | Poovathinkal Peter |
| 5 | Vattakkatt Paul |
| 6 | Thondiparambil Sebastian |
| 7 | Kallumgatharayil Agustine |
| 8 | Puthenpurayil Joseph |
| 9 | Vadayaparambil Sony |
| 10 | Karuthedath Mathew |
| 11 | Vathelil Abraham |

12 Aikkarathazhath Joseph
13 Kalambukattu Joseph
14 Palathadathil George
15 Punnakkapadavil Sebastian
16 Kizhakkanputhupally Varghese
17 Puthukattil Mathew
18 Kavalakkadan Varghese
19 Madathil Sebastian
20 Kattamkottil Thomas
21 Kalliyatt Devassia
22 Iykkarakkanayil Thomas
23 Ambalathara Francis
24 Kattath Thomas
25 Mekkatt Philip
26 Venakuzhiyil Mathai
27 Elamkunnapuzha Joseph
27 Alumkal Joseph
29 Madapallikunnel Antony
30 Kaliyaniyil Kuriakose
31 Parackal Varghese
32 Pulikuzhiyil Abraham

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ

| Common Programmes in the year 2016 | | |
|---|---|---|
| **Date** | **Programme** | **Venue** |
| January 27 Wednesday | New Priests' Reception | Bishop's House |
| February 1 Monday - 4 Thursday | Junior Priests' Meet | Pastoral Centre |
| February 6 Saturday | Appointment of New Priests | |
| February 9 Tuesday | Joint Curia Meeting | Manimooly |
| February 11 Thursday | Consultors' & Finance Council Meting | Bishop's House |
| February 13 Saturday | Pastoral Council | Pastoral Centre |
| February 20 Saturday | AKKC Mahasangamam | Pastoral Centre |
| February 25 Thursday | Priests' Conference | Pastoral Centre |
| February 27 Saturday | Meeting of Office Bearers of Associations | Pastoral Centre |
| March 12 Saturday | Women Religious Meet | Pastoral Centre |
| March 14 Monday | Men Religious Meet | Bishop's House |
| March 16 Wednesday | Presbyteral Council | Bishop's House |
| March 21 Monday | Minor Orders | MMC |
| April 4 Monday | Golden Jubilee of Priests | Bishop's House |
| April 6 Wednesday | Death Anniversary of Bishop Emmanuel Pothanamuzhy | Cathedral |
| April 25 Monday - 28 Thursday | Major Seminarians' Gathering | MMC |
| May 3 Tuesday | Diocesan Day | Pastoral Centre |
| May 10 Tuesday | Minor Seminary Interview | MMC |
| May 11 Wednesday | Vestition of Major Seminarians | MMC |
| May 11 Wednesday | Deacons and Parents Meet | Bishop's House |
| May 14 Saturday | Transfer of Priests | |
| May 18 Wednesday | Silver Jubilee of Priests | Bishop's House |
| May 24 Tuesday | Meeting of Forane Vicars | Bishop's House |
| May 26 Thursday | WSSS General Body Meeting | WSSS |
| July 23 Saturday | Pastoral Council | Pastoral Centre |
| July 28 Thursday | Priests' Conference | Pastoral Centre |
| August 18 Tuesday | Joint Curia Meeting | Manimooly |
| September 6 Tuesday | Consultors' & Finance Council Meeting | Bishop's House |
| September 18 Sunday - 23 Friday | Priests' Retreat | Pastoral Centre |
| September 25 Sunday - 30 Friday | Priests' Retreat | Pastoral Centre |
| November 6 Sunday | Benefactors' Day | MMC |
| 24 Thursday | Home Day | MMC |

**പ്രത്യേക ശ്രദ്ധയ്ക്ക്**

ബന്ധപ്പെട്ടവർ ദയവായി ഈ തീയതികൾ കുറിച്ച് വയ്ക്കുകയും പരിപാടികളിൽ പങ്കെടുക്കുവാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു. പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അംഗങ്ങൾ എല്ലാവർക്കും സംബന്ധിക്കുവാനായി അന്നേ ദിവസങ്ങളിൽ സംഘടനകൾ പരിപാടികൾ സംഘടിപ്പിക്കാതിരിക്കുന്നത് ഉചിതമായിരിക്കും. അവിചാരിതമായ കാരണങ്ങളാൽ ഏതെങ്കിലും പ്രോഗ്രാമിൽ മാറ്റം വന്നാൽ രൂപതാ ബുള്ളറ്റിനിലൂടെയോ കത്ത് മുഖേനയോ ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്

**ഫാ. ജോസഫ് പരുവുമ്മേൽ**

ചാൻസലർ

# വൈദികരുടെ മാസധ്യാനം

## മുള്ളൻകൊല്ലി ഫൊറോന

മുള്ളൻകൊല്ലി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം നവംബർ മാസം 3-ാം തീയതി അമരക്കുനി സെന്റ് ജൂഡ്സ് ഇടവകയിൽ വച്ച് നടത്തുകയുണ്ടായി. ബഹു. വികാരി റോബിൻ പടിഞ്ഞാറയിൽ അച്ചൻ ഏവരേയും ഇടവകയിലേയ്ക്കും ധ്യാനത്തിലേയ്ക്കും സ്വാഗതം ചെയ്തു. മാസധ്യാനത്തിനും ആരാധനയ്ക്കും നേതൃത്വം കൊടുത്ത് ആത്മീയതയുടെ ആഴങ്ങളിലേയ്ക്ക് നയിച്ചത് ബഹു. വിൻസെന്റ് കൊരട്ടിപറമ്പിൽ അച്ചനായിരുന്നു. കത്തോലിക്കാ കോൺഗ്രസ് (AKCC) ന്റെ മേഖലാ ഡയറക്ടറായി ബഹു. ജോസ് വാഴക്കാലായിൽ അച്ചനെ തെരഞ്ഞടുത്തു. AKCC യുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിനെക്കുറിച്ച് ചർച്ച ചെയ്യുകയുമുണ്ടായി. പ്രസ്ബിറ്ററൽ കൗൺസിലിന്റെ മേഖലയിൽ നിന്നുള്ള പ്രതിനിധിയായി ബഹു. ഫൊറോന വികാരി റവ. ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേലിനെ തെരഞ്ഞെടുത്തു. രൂപതാതലത്തിലുള്ള സമർപ്പിതസംഗമത്തിന്റെ സമാപനത്തെക്കുറിച്ചും കരുണയുടെ വർഷത്തിന്റെ ആരംഭത്തെക്കുറിച്ചും ചർച്ച ചെയ്തു. എയ്ഞ്ചൽ മീറ്റ് നവംബർ മാസം 10-ാം തീയതി ഇരുളം ഇടവകയിൽ വച്ച് നടത്താൻ തീരുമാനിച്ചു. വിവിധ സംഘടനകളെക്കുറിച്ച് വിലയിരുത്തി. ഡിസംബർ മാസത്തെ ധ്യാനം കബനിഗിരിയിൽ വച്ച് നടത്താൻ തീരുമാനിച്ചു.

**ഫാ. ജിനോ മേക്കാട്ട്**, സെക്രട്ടറി

# ബൈബിൾ അപ്പോസ്റ്റലേറ്റ്

## ലോഗോസ് 2015 സമ്മാന വിതരണം

2015 ലോഗോസ് പരീക്ഷയിൽ രൂപതാ തലത്തിൽ 1, 2, 3 സ്ഥാനങ്ങൾ നേടിയ എല്ലാ വിഭാഗങ്ങൾക്കുമുള്ള സമ്മാന വിതരണം 2015 ഡിസംബർ മാസം 19–ന് 11 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ. സമ്മാനാർഹരായവർ അന്നേ ദിവസം ദ്വാരകയിൽ എത്തേണ്ടതാണ്.

## സബ്സിഡി നിരക്കിൽ ബൈബിൾ

KCBC Bible Commission നൽകുന്ന സബ്സിഡി നിരക്കിലുള്ള സമ്പൂർണ്ണ Bible –ന്റെ ഏതാനും കോപ്പികൾ Rs. 95/– രൂപാ നിരക്കിൽ രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ ലഭ്യമാണ്. ഇടവകകളിൽ സാമ്പത്തിക പ്രയാസമുള്ളവർക്കാണ് സൗജന്യ നിരക്കിലുള്ള ബൈബിൾ നൽകുക. ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## ബൈബിൾ പാരായണ മാസാചരണം

സഭാംഗങ്ങളിലും പൊതുസമൂഹത്തിലും വി.ഗ്രന്ഥത്തോട് കൂടുതൽ അടുപ്പവും ആഭിമുഖ്യവും വളർത്താൻ ലക്ഷ്യമിട്ട് KCBC ബൈബിൾ കമ്മീഷൻ കേരളസഭയിൽ ഡിസംബർ മാസം ബൈബിൾ പാരായണ മാസമായി ആചരിക്കുന്നു. വചനം ആഴത്തിൽ വായിച്ചൊരുങ്ങാൻ വ്യക്തികൾക്കും, കുടുംബങ്ങൾക്കും, ഇടവകകൾക്കും, സ്ഥാപനങ്ങൾക്കും സഹായകരമാകുംവിധം ബൈബിൾ വായനാ കലണ്ടറും തയ്യാറാക്കിയിട്ടുണ്ട്. കലണ്ടർ ചുവടെ ചേർക്കുന്നു. പതിവിൽ നിന്നും വ്യത്യസ്ഥമായി ഈ വർഷം ബൈബിൾ ഞായർ ഡിസം. 27–ാം തീയതിയാണെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. KCBC ബൈബിൾ സൊസൈറ്റി ഓഡിയോ ബൈബിൾ, മൊബൈൽ ബൈബിൾ, ഡസ്ക്ടോപ് ബൈബിൾ, വിഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള സൈൻ ബൈബിൾ, ആക്സെസ്സിബിൾ ബൈബിൾ, ബ്രെയ്‌ലി ബൈബിൾ എന്നിവയും ആവിഷ്ക്കരിച്ചിട്ടുണ്ട്.

## സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗരേഖ

### (ഡിസംബർ : ബൈബിൾ പാരായണമാസം)

| തീയതി | വായന | തീയതി | വായന |
|---|---|---|---|
| 01 | ഉത്പ 1–38 | 13 | 1 മക്ക 6–16 |
| 02 | ഉത്പ 39–50 | | 2 മക്ക 1–15 |
| | പുറ 1–27 | 14 | ജോബ് 1–42 |
| 03 | പുറ 28–40 | 15 | സങ്കീ 1–76 |
| | ലേവ്യ 1–23 | 16 | സങ്കീ 77–134 |
| 04 | ലേവ്യ 24–27 | 17 | സങ്കീ 135–150 |
| | സംഖ്യ 1–28 | | സുഭാ 1–31 |
| 05 | സംഖ്യ 29–36 | | സഭാ 1–3 |
| | നിയ 1–31 | 18 | സഭാ 4–12 |
| 06 | നിയ 32–34 | | ഉത്ത 1–8 |
| | ജോഷ്വ 1–24 | | ജ്ഞാനം 1–19 |
| | ന്യായാ 1–13 | | പ്രഭാ 1–17 |
| 07 | ന്യായ 14–21 | 19 | പ്രഭാ 18–51 |
| | റൂത്ത് 1–4 | | ഏശ 1–8 |
| | 1 സാമു 1–31 | 20 | ഏശ 9–66 |
| | 2 സാമു 1–6 | 21 | ജറെ 1–47 |
| 08 | 2 സാമു 7–24 | 22 | ജറെ 48–52 |
| | 1 രാജാ 1–17 | | വിലാ 1–5 |
| 09 | 1 രാജാ 18–22 | | ബാറൂ 1–6 |
| | 2 രാജ 1–25 | | എസെ 1–22 |
| | 1 ദിന 1–6 | | ബാറു 1–6 |
| 10 | 1 ദിന 7–29 | | എസെ 1–22 |
| | 2 ദിന 1–19 | 23 | എസെ 23–48 |
| 11 | 2 ദിന 20–36 | | ദാനി 1–14 |
| | എസ്രാ 1–10 | 24 | ഹോസി 1–14 |
| | നെഹെ 1–13 | | ജോയേ 1–3 |
| | തോബി 1–3 | | ആമോ 1–9 |
| 12 | തോബി 4–14 | | ഒബാ 1 |
| | യൂദി 1–16 | | യോനാ 1–4 |
| | എസ്തേ 1–16 | | മിക്ക 1–7 |
| | 1 മക്ക 1–5 | | നാഹും 1–3 |

| | |
|---|---|
| | ഹബ 1–3 |
| | സെഫ 1–3 |
| | ഹഗ്ഗാ 1–2 |
| | സഖ 1–14 |
| | മല 1–4 |
| 26 | മത്താ 1–28 |
| | മർക്കോ 1–7 |
| 27 | മർക്കോ 8–16 |
| | ലൂക്ക 1–24 |
| 28 | യോഹ 1–21 |
| | അപ്പ 1–13 |
| 29 | അപ്പ 14–28 |
| | റോമ 1–16 |
| | 1 കോറി 1–16 |
| 30 | 2 കോറി 1–13 |
| | ഗലാ 1–6 |
| | എഫേ 1–6 |
| | ഫിലി 1–4 |
| | കൊളോ 1–4 |
| | 1 തെസ 1–5 |
| | 2 തെസ 1–3 |
| | 1 തിമോ 1–6 |
| | 2 തിമോ 1–4 |
| | തീത്തോ 1–3 |
| | ഫിലേ 1 |
| 31 | ഹെബ്രാ 1–13 |
| | യാക്കോ 1–5 |
| | 1 പത്രോ 1–5 |
| | 2 പത്രോ 1–3 |
| | 1 യോഹ 1–5 |
| | 2 യോഹ 1 |
| | 3 യോഹ 1 |
| | യൂദാ 1 |
| | വെളി 1–22 |

---

സമ്പൂർണ്ണ ബൈബിൾ 95 മണിക്കൂറുകൾകൊണ്ട് വായിച്ചു തീർക്കാവുന്നതാണ്.
തയ്യാറാക്കിയത്: കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ, പി.ഒ.സി., പി.ബി. നമ്പർ 2251, പാലാരിവട്ടം, കൊച്ചി, കേരള, ഫോൺ: 0484 2805897
E-mail: secretary@keralabiblesociety.com, visit: www.keralabiblesociety.com

**ഫാ. മാത്യു പെരിയപ്പുറം,**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# മതബോധനരംഗം

'അവന്റെ വചനങ്ങളാൽ ആകാശം നിർമ്മിക്കപ്പെട്ടു.
അവിടുത്തെ കൽപ്പനയാൽ ആകാശഗോളങ്ങളും'

പകൽ നേരങ്ങളിൽ നക്ഷത്രങ്ങളെക്കുറിച്ച് നമ്മൾ വേവലാതിപ്പെടാറില്ല. പക്ഷേ, രാത്രി കാലങ്ങളിൽ ആകാശത്ത് കരിമേഘങ്ങൾ കൊണ്ട് മറയ്ക്കപ്പെടുന്ന നക്ഷത്രങ്ങളെയോർത്ത് നാം വ്യാകുലപ്പെടുന്നു. ദൈവനിഷേധത്തിന്റെ കരിനിഴൽ വീണ് ഇരുണ്ട് പോയ ഒരു യുഗത്തിൽ ഒരു ജനത കണ്ട സ്വപ്നത്തിന്റെ പ്രകാശപൂർണ്ണമായ സാക്ഷാത്കാരമായിരുന്നു ഡിസംബറിൽ ലോകം കയ്യേറ്റുവാങ്ങിയ ദിവ്യശിശു-ക്രിസ്തുമസ്സ്. സുകൃത ക്ഷയങ്ങളുടെ കറുത്ത മാനത്ത് തെളിഞ്ഞുയരുന്ന നക്ഷത്രങ്ങളാകേണ്ടതാണ് നമ്മുടെ ജൻമങ്ങളും എന്ന് ഓർമ്മിപ്പിക്കുന്ന ഈ ക്രിസ്തുമസ്സ് നാളിൽ വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവർക്കും ഈശോയുടെ പിറവിത്തിരുനാളിന്റെ മംഗളങ്ങൾ.

**അർദ്ധവാർഷിക പരീക്ഷ**

ഈ വർഷത്തെ അർദ്ധവാർഷിക പരീക്ഷ ഡിസംബർ 27-ാം തീയതിയാണ്. പരീക്ഷ ആരംഭിക്കേണ്ട സമയം 11.30 ആണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. I-XII ക്ലാസ്സുകൾക്ക് 2 മണിക്കൂർ ആയിരിക്കും പരീക്ഷാസമയം. ശ്രദ്ധിക്കുക XI ,XII ക്ലാസ്സുകൾക്കും യൂണിവേഴ്സിറ്റി പുന:ക്രമീകരണ പ്രകാരം 2 മണിക്കൂർ ആയിരിക്കും പരീക്ഷാസമയം.

**ചോദ്യപേപ്പർ**

ഡിസംബർ 24-ന് രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 വരെ രൂപതാ മതബോധന ഓഫീസിൽ നിന്നും മാനന്തവാടി സെന്റ് ജോസഫ്സ് ബുക്ക്സ്റ്റാളിൽ നിന്നും (മാനന്തവാടി, പയ്യമ്പള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) ചോദ്യപേപ്പർ എടുക്കേണ്ടതാണ്.

**DCC ക്ലാസ്സ്**

മണിമൂളി-നീലഗിരി റീജിയണിൽ നിന്നും DCC കോഴ്സ് ചെയ്യുന്ന കുട്ടികളുടെ മൂന്നാം സെമസ്റ്റർ ക്ലാസ്സ് ഡിസംബർ 26-ാം തീയതി മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. സമയം 10.00 am മുതൽ 4.00 pm വരെ.

**HDC കോൺടാക്ട് ക്ലാസ്സ്**

HDC രണ്ടാം വർഷക്കാരുടെ ക്ലാസ്സ് (പ്രോജക്ട്-സംശയ നിവാരണം) ഡിസംബർ 12-ാം തീയതിയായിരിക്കും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുക. ഡിസംബർ 5-ൽ നിന്ന് ഡിസംബർ 12 ലേയ്ക്ക് മാറ്റിയിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

**പ്ലസ്ടു സംഗമം**

പ്ലസ്ടു വിദ്യാർത്ഥികളുടെ ഫൊറോനാ സംഗമങ്ങൾ നവംബർ 1-ന് മുള്ളൻകൊല്ലി ഫൊറോനയിലും നവംബർ 8-ന് പയ്യമ്പള്ളി ഫൊറോനയിലും നവംബർ 15-ന് മാനന്തവാടി ഫൊറോനയിലും നവംബർ 22-ന് നീലഗിരി റീജിയണിലും നവംബർ 29 -ന് നടവയൽ ഫൊറോനയിലും നടത്തപ്പെട്ടു. മേഖലയിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയ മേഖലാ ഡയറക്ടർ അച്ചൻമാർക്കും മേഖലാ സെക്രട്ടറിമാർക്കും അദ്ധ്യാപകർക്കും ഹൃദ്യമായ നന്ദി. തരിയോട് ഫൊറോനയിലെ പ്ലസ്ടു സംഗമം ഡിസംബർ 6-ന് നടത്തപ്പെടുന്നതാണ്. ഏതെങ്കിലും കാരണവശാൽ പ്ലസ്ടു സംഗമത്തിൽ പങ്കെടുക്കാൻ സാധിക്കാത്ത കുട്ടികളുണ്ടെങ്കിൽ ഡിസംബർ 6-ന് തരിയോട് വച്ച് നടത്തപ്പെടുന്ന സംഗമത്തിൽ പങ്കെടുക്കണം. ഇതിൽ പങ്കെടുക്കാത്തവർക്ക് യൂണിവേഴ്സിറ്റി പരീക്ഷ എഴുതാൻ അർഹത ഉണ്ടായിരിക്കുകയില്ല.

**ബഹു.വികാരിയച്ചൻമാരുടെയും പ്രധാനാദ്ധ്യാപകരുടെയും സംയുക്ത സമ്മേളനം**

ജനുവരി 9 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ബഹു.വികാരിയച്ചൻമാരുടെയും പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം നടത്തപ്പെടുതാണ്.പ്രധാനാധ്യാപർ അന്നേ ദിവസം വരുമ്പോൾ കുട്ടികളുടെ പരീക്ഷാ ചോദ്യപേപ്പറിന്റെ ഈ വർഷത്തെ വില കൊണ്ടുവരണം. ഡിപ്ലോമ (X),സ്കോളർഷിപ്പ് (IV,VII) പരീക്ഷകളുടെ രജിസ്ട്രേഷൻ ഫോറങ്ങൾ കൃത്യമായും വ്യക്തമായും പൂരിപ്പിച്ച് ഓഫീസിൽ ഏൽപ്പിക്കണം. HCC ഹാൾടിക്കറ്റ് കൈപ്പറ്റുകയും ചെയ്യണം.

**HCC ( XI,XII )പരീക്ഷ**

HCC വാർഷിക പരീക്ഷ ഫെബ്രുവരി 7- നാണ്. പരീക്ഷയിൽ പങ്കെടുക്കുവാൻ കുറഞ്ഞത് 80% ഹാജർ കുട്ടികൾക്ക് ഉണ്ടായിരിക്കണം, പ്ലസ്ടു സംഗമത്തിൽ പങ്കെടുത്തിട്ടുണ്ടാവുകയും വേണം. പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയിരുന്ന കുട്ടികളിൽ രൂപതയിൽ നിന്നും ലഭിച്ചിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി കോഴ്സിൽ പങ്കെടുത്തവർക്ക് പരീക്ഷ എഴുതാവുന്നതാണ്.

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

മത്സരങ്ങളുടെയും വിധിനിർണ്ണയങ്ങളുടെയും ഒരു കാലഘട്ടവും കൂടി കഴിഞ്ഞു. ഒരിക്കൽ കൂടി സംസ്ഥാന മത്സരത്തിൽ വിജയികളാകുവാൻ നമുക്ക് സാധിച്ചതിൽ ദൈവത്തിന് നന്ദിയും പ്രത്യക്ഷമായും പരോക്ഷമായും സഹകരിച്ച നിങ്ങൾക്കെല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും. വർഷങ്ങളായി നമ്മൾ കരഗതമാക്കി വരുന്ന മികച്ച പ്രവർത്തന രൂപതക്കുള്ള അവാർഡിൽ നമ്മൾ രണ്ടാം സ്ഥാനത്തേക്ക് പോയി എന്നുള്ള സത്യവും സ്മരിക്കുന്നു. ആത്മപരിശോധനയുടെയും സ്വയം തിരുത്തലിന്റെയും കാലഘട്ടത്തിലേയ്ക്ക് നമ്മൾ വളരേണ്ടിയിരിക്കുന്നു.

മത്സരങ്ങളും ആരവങ്ങളും കഴിഞ്ഞ് മിഷൻലീഗ് സംഘടനയുടെ വലിയ ലക്ഷ്യത്തിനുവേണ്ടി അധ്വാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ട ഒരു മാസത്തെ കാലഘട്ടം. സംഘടന ഡിസംബർ മാസത്തിൽ 'ദൈവവിളി' മാസമായി ആചരിക്കുന്നു. സമർപ്പിതവർഷത്തിന്റെ ചിന്തകൾ മനസിൽ ധ്യാനിച്ച് ദൈവവിളി പ്രോത്സാഹനത്തിന് ഉതകുന്ന കാര്യങ്ങളിൽ സജീവ ശ്രദ്ധ പതിപ്പിക്കുമല്ലോ. ദൈവവിളി ക്യാമ്പുകൾ, സെമിനാറുകൾ, ദൈവവിളി പ്രോത്സാഹനത്തിനുതകുന്ന അഭിമുഖങ്ങൾ, മിഷൻ അനുഭവങ്ങൾ എന്നിവ ക്രമീകരിച്ച് പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുക. 10, 11, 12 ക്ലാസ്സിലെ കുട്ടികൾക്കുവേണ്ടി പ്രത്യേകമായ ദൈവവിളി ചിന്തകൾ നൽകുന്നത് ഉചിതമായിരിക്കും. ജീവിതാന്തസിനെക്കുറിച്ച് ചിന്തിക്കാനും അതിനായി പ്രാർത്ഥിക്കാനും അവരെ ഒരുക്കുമല്ലോ? ഈ വർഷം നടത്തപ്പെടുന്ന ദൈവവിളി ക്യാമ്പുകളിലേയ്ക്ക് കുട്ടികളെ കണ്ടുവെക്കുകയും മാതാപിതാക്കളെ വിവരം ബോധ്യപ്പെടുത്തുകയും ചെയ്യുമല്ലോ. പ്രാർത്ഥിച്ചും പ്രവർത്തിച്ചും നമ്മുടെ സംഘടനയിൽ നിന്നും ഒത്തിരി ദൈവവിളികൾ ഉണ്ടാകുവാൻ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം.

സ്നേഹപൂർവ്വം,
**ജോജോച്ചൻ**

**രൂപതനേതൃത്വങ്ങളുടെ കുടുംബസംഗമം**

രൂപത എക്സിക്യൂട്ടീവ് അംഗങ്ങളുടെയും ടീം അംഗങ്ങളുടെയും കുടുംബസംഗമം ചെറുകാട്ടൂർ ഇടവകയിൽ വെച്ച് നടന്നു. സംഗമം ചെറു കാട്ടൂർ ഇടവക വികാരിയും നടവയൽ സി.എം.എൽ. മേഖല ഡയറ ക്ടറുമായ ബഹു. ജോർജ്ജ് തേരകത്തിലച്ചൻ ഉദ്ഘാടനം ചെയ്തു. CML രൂപതാ പ്രസിഡണ്ട് ജോയ് മേപ്പാടത്ത് അദ്ധ്യക്ഷത വഹിച്ച മീറ്റിം ഗിൽ രൂപതാ ഡയറക്ടർ റവ. ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ സ്വാഗതം പറഞ്ഞു. സി. ലിസ അലക്സ്, റവ. ഫാ. അനീഷ് ആലുങ്കൽ, ബിനീഷ് തുമ്പിയാംകുഴി, തങ്കച്ചൻ മാപ്പിളക്കുന്നേൽ, ജോർജ്ജ് തെക്കേ ത്തൊട്ടിയിൽ എന്നിവർ ആശംസകളർപ്പിച്ചു. കുടുംബാംഗങ്ങൾക്ക് മീറ്റിം ഗിൽ സ്നേഹോപഹാരം വിതരണം ചെയ്തു. രൂപതാ സെക്രട്ടറി രഞ്ജിത്ത് മുതുപ്ലാക്കൽ നന്ദിയർപ്പിച്ചു.

**ആരാധന**

രൂപത എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ രൂപതാ ഭാരവാഹികൾക്കും ടീം അംഗങ്ങൾക്കും നടത്തിയ ആരാധനയ്ക്ക് രൂപതാ ഡയറക്ടർ ജോജോ ചങ്ങനാംതുണ്ടത്തിലച്ചൻ നേതൃത്വം നൽകി.

**വി. കൊച്ചുത്രേസ്യായുടെയും മാതാപിതാക്കളുടെയും തിരുശേഷിപ്പ് വണങ്ങലും സെമിനാറും**

ചെറുകാട്ടൂർ ശാഖയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന വി. കൊച്ചുത്രേസ്യാ യുടെയും മാതാപിതാക്കളുടെയും മറ്റു വിശുദ്ധാത്മാക്കളുടെയും തിരു ശേഷിപ്പുകൾ വണങ്ങി പ്രാർത്ഥിച്ചു രൂപതാ ഭാരവാഹികൾ. തുടർന്നു നടന്ന സെമിനാറിന് ജോജോ ചങ്ങനാംതുണ്ടത്തിലച്ചനും ജോർജ്ജ് തേരകത്തിലച്ചനും നേതൃത്വം കൊടുത്തു.

**ഒന്നാം സ്ഥാനം മാനന്തവാടി രൂപതയ്ക്ക്**

2015-16 വർഷത്തെ കലാസാഹിത്യമത്സരത്തിൽ 11-ാം പ്രാവ ശ്യവും ഒന്നാംസ്ഥാനം മാനന്തവാടി രൂപത കരസ്ഥമാക്കി. പങ്കെടുത്ത എല്ലാവർക്കും അവരെ പരിശീലിപ്പിച്ച് ഒരുക്കിവിട്ട മാതാപിതാക്കൾക്കും ശാഖാ, മേഖല, രൂപതാ ഭാരവാഹികൾക്കും ഡയറക്ടേഴ്സിനും രൂപത യുടെ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. കഴിഞ്ഞ പ്രവർത്തന വർഷത്തിൽ മാനന്തവാടി രൂപത ബെസ്റ്റ് രൂപത നിർണ്ണയത്തിൽ 2-ാം സ്ഥാനം കരസ്ഥമാക്കി. മാനന്തവാടി രൂപതയുടെ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച ശാഖാ മേഖല രൂപതാ നേതൃത്വത്തിനും നന്ദിയർപ്പി ക്കുന്നു.

**ചെറുകാട്ടൂർ – സംസ്ഥാനത്തെ A ഗ്രേഡ് ശാഖ**

രണ്ടായിരത്തിൽ പരം ശാഖകളുള്ള സംസ്ഥാനത്തെ ചെറുപുഷ്പ മിഷൻലീഗിൽ ആദ്യത്തെ അഞ്ച് ശാഖകളിൽപ്പെട്ട (A ഗ്രേഡ് ശാഖകളിൽ) ചെറുകാട്ടൂർ ശാഖയ്ക്ക് മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ നേരുന്നു. ചെറുകാട്ടൂർ ശാഖയ്ക്ക് നേതൃത്വം കൊടുത്ത വികാരി ജോർജ്ജ് തേരകത്തിലച്ചനെയും അസി. ഡയറക്ടറായ അനീഷ് ആലുങ്കലച്ചനെയും പ്രിൻസ് ചിറയത്തച്ചനെയും സി. വചന MSJ യേയും ഭാരവാഹികളെയും ശാഖാ അംഗങ്ങളെയും നന്ദിയോടെ ഓർക്കുകയും മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ നേരുകയും ചെയ്യുന്നു.

**നടവയൽ മേഖല സംസ്ഥാനത്തെ മികച്ച രണ്ടാമത്തെ മേഖല**

175 മേഖലകളുള്ള സംസ്ഥാന മിഷൻലീഗിൽ മികച്ച രണ്ടാമത്തെ മേഖലയായി തെരഞ്ഞെടുത്ത നടവയൽ മേഖലയ്ക്ക് മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ. മികച്ച പ്രവർത്തനങ്ങളുമായി നടവയൽ മേഖലയ്ക്ക് നേതൃത്വം നൽകിയ ഡയറക്ടർ ജോർജ്ജ് തേരകത്തിലച്ചനെയും സി. ആൻസ് മരിയ CMC, തങ്കച്ചൻ മാപ്പിളക്കുന്നേൽ മറ്റു ഭാരവാഹികളെയും മേഖലയിലെ വൈദികരെയും ഭാരവാഹികളെയും CML അംഗങ്ങളേയും രൂപതയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. ജോർജ്ജ് തേരകത്തിലച്ചൻ ഡയറക്ടറായ നടവയൽ മേഖലയും ചെറുകാട്ടൂർ ശാഖയും സംസ്ഥാനതലത്തിൽ ശ്രദ്ധിക്കപ്പെട്ടത് അഭിനന്ദനാർഹമാണ്.

**ജപമാലസൈന്യ സംഗമം**

ഡിസംബർ 21–ാം തീയതി രാവിലെ മുതൽ 3.00 മണിവരെ ജപമാലസൈന്യാംഗങ്ങളുടെ സംഗമം ദ്വാരകയിൽ വെച്ച് നടക്കുന്നു. എല്ലാ ജപമാല സൈന്യാഗംങ്ങളെയും പങ്കെടുപ്പിക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്ക് രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

**സന്യസ്തരുടെ മാതാപിതാക്കളുടെ സംഗമം**

ഒരു വീട്ടിൽ നിന്ന് 3 സന്യസ്തരിൽ കൂടുതൽ ഉള്ളവരുടെ മാതാപിതാക്കളുടെ സംഗമം രൂപതയുടെ നേതൃത്വത്തിൽ നടക്കുന്നു. ആയതിനാൽ–ഭവനങ്ങളുടെ അഡ്രസ്സും ഫോൺ നമ്പറും ഡിസംബർ 10 ന് ഉള്ളിൽ രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. ഡയറക്ടേഴ്സ് ശ്രദ്ധിക്കുക.

**രൂപത അർദ്ധ വാർഷിക മാനേജിംഗ് കമ്മറ്റി**

2015–16 വർഷത്തെ അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി ഡിസംബർ 12 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ രാവിലെ 10.00 മണി മുതൽ ആരംഭിക്കുന്നതാണ്. നിർബന്ധമായും എല്ലാ ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്.

**മിഷൻലീഗ് ജോയിന്റ് ഡയറക്ടേഴ്സിനുവേണ്ടിയുള്ള സാഹിത്യ മത്സരം**

സമർപ്പിതവർഷത്തോടനുബന്ധിച്ച് രൂപതയിലെ മുഴുവൻ സി.എം.എൽ. ജോ. ഡയറക്ടേഴ്സിനുമായി രൂപതാതലത്തിൽ കഥ, കവിത, ഉപന്യാസം മത്സരം നടത്തുന്നു. സൃഷ്ടികൾ ഡിസംബർ 20 ന് മുൻപായി ഓഫീസിൽ എത്തിക്കേണ്ടതാണ്.

**വിഷയങ്ങൾ**

**ഉപന്യാസം:** കാരുണ്യം സമർപ്പിത ജീവിതത്തിന്റെ വെല്ലുവിളികളും പരിഹാരങ്ങളും (A 4 Size, 8 പേജിൽ കവിയരുത്)

**കഥ:** വയൽ വിറ്റ് വാങ്ങിയ നിധി (മത്താ. 13:44-46) (A 4 Size, 6 പേജ്)

**കവിത:** അണയാത്ത ദീപം (40 വരിയിൽ കവിയരുത്)

**മിഷൻലീഗ് സംസ്ഥാന സാഹിത്യമത്സര വിജയികൾ**

| | | |
|---|---|---|
| **ജൂനിയർ ചെറുകഥ ആൺ** | | |
| ഡെനിക് - മൂലങ്കാവ് | - | A grade |
| മെൽബിൻ കപ്യാരുമല | - | A |
| **ജൂനിയർ ചെറുകഥ പെൺ** | | |
| എവിൽ ഷോബി | - | II A |
| **സീനിയർ ചെറുകഥ ആൺ** | | |
| അലൻ പുല്ലന്താനിക്കൽ | - | A grade |
| **സീനിയർ ചെറുകഥ പെൺ** | | |
| ഡോണ പുഞ്ചക്കുന്നേൽ | - | III A |
| അഞ്ചന പാലത്തടത്തിൽ | - | A |
| **സൂപ്പർ സീനിയർ ചെറുകഥ ആൺ** | | |
| ജോമോൻ മൂർക്കാട്ടിൽ | - | II A |
| **സൂപ്പർ സീനിയർ ചെറുകഥ പെൺ** | | |
| അനു മോൾ വയലിൽ | - | A |
| **ജൂനിയർ ഉപന്യാസം ആൺ** | | |
| ഫെബിൻ പറമ്പിൽ | - | A |
| മെൽബിൻ കപ്യാരുമലയിൽ | - | A |
| **ജൂനിയർ ഉപന്യാസം പെൺ** | | |
| ജ്യോതിക ചെറുമലയിൽ | - | III A |
| **സീനിയർ ഉപന്യാസം ആൺ** | | |
| അജയ് ആന്റോ കൈതാരം | - | II A |
| അമൽ ഏറത്ത് | - | A |

**സീനിയർ ഉപന്യാസം പെൺ**

| | | |
|---|---|---|
| സലോണി പൂനാട്ട് | - | III A |
| അനു ജോസ് | - | A |

**സൂപ്പർ സീനിയർ ഉപന്യാസം ആൺ**

| | | |
|---|---|---|
| സിനീഷ് ആപ്പുഴ | - | I A |
| ജിതിൻ മണ്ണാഞ്ചേരി | - | A |

**സൂപ്പർ സീനിയർ ഉപന്യാസം പെൺ**

| | | |
|---|---|---|
| ആഷ്‌ലി ഇണ്ടിക്കുഴ | - | II A |
| മായ തോപ്പിൽ | - | A |

**കവിത**

**ജൂനിയർ ആൺ**

| | | |
|---|---|---|
| ഷിബിൻ ചെമ്പകശ്ശേരി | - | III A |
| അരുൺ ബാബു വല്ലയിൽ | - | A |

**ജൂനിയർ പെൺ**

| | | |
|---|---|---|
| ഡെൽന എൽസ | - | A |
| അന്ന പന്ന്യാമാക്കൽ | - | A |

**സീനിയർ ആൺ**

| | | |
|---|---|---|
| ആമോദ് കല്ലറയ്ക്കൽ | - | II A |
| അഖിൽ ജേക്കബ് | - | A |

**സീനിയർ പെൺ**

| | | |
|---|---|---|
| മോളിയ അന്ന അലക്സ് | - | III A |

**സൂപ്പർ സീനിയർ ആൺ**

| | | |
|---|---|---|
| ഷിനോജ് മാങ്കൂട്ടത്തിൽ | - | A |

**സൂപ്പർ സീനിയർ പെൺ**

| | | |
|---|---|---|
| ലിറ്റി വണ്ടന്നൂർ | - | II A |
| ബീന കുരീക്കാട്ടിൽ | - | A |

**സംസ്ഥാന കലാമത്സര വിജയികൾ**

**സബ്ജൂനിയർ**

| | | | |
|---|---|---|---|
| 1. എവിൻ മൂഞ്ഞേലിൽ | പ്രസംഗം | A Grade | മീനങ്ങാടി |
| 2. ഇവാൻ നിരപ്പേൽ | പ്രസംഗം | A Grade | തോണിച്ചാൽ |
| 3. അധീന മുക്കത്ത് | | II A | തോണിച്ചാൽ |
| 4. അഞ്ജന റെജി ആടുകുഴിയിൽ | | III A | വാളേരി |
| 5. ജോൺ മുണ്ടയ്ക്കൽ | ലളിതഗാനം | A | പയ്യമ്പള്ളി |
| 6. അബിൻ തെക്കുമറ്റത്തിൽ | | A | കല്ലോടി |
| 7. തെരേസ് അല്ലക്കുഴ | | III A | നെടുമ്പാല |
| 8. മെറിൻ കാഞ്ഞൂപറമ്പിൽ | | A | റിപ്പൺ |

| | | | |
|---|---|---|---|
| 9. ജോയേൽ കളമ്പുകാട്ട് | ബൈബിൾ വായന | A | ആറാട്ടുതറ |
| 10. റോസ പാത്തിക്കുന്നേൽ | | A | കത്തീഡ്രൽ |
| 11. അനു തൊട്ടിയിൽ | | A | നടവയൽ |

**ജൂനിയർ**

| | | | |
|---|---|---|---|
| 12. ജോസഫ് തടങ്ങഴി | പ്രസംഗം | A | ചുങ്കക്കുന്ന് |
| 13. നിയ റോസ് ഞൊണ്ടൻമാക്കൽ | | A | കബനിഗിരി |
| 14. സാന്ദ്ര മുണ്ടുനടയ്ക്കൽ | | III A | തവിഞ്ഞാൽ |
| 15. ഡെൻസൺ വാളായിൽ | | III A | കത്തീഡ്രൽ |
| 16. ആഷ്‌ലി നമ്പ്യാപറമ്പിൽ | | III A | ശിശുമല |
| 17. ക്രിസ്റ്റീന വടക്കേക്കര | | A | ഒറ്റപ്ലാവ് |
| 18. പ്രിൻസ് ചെറുവള്ളിക്കുടി | മിഷൻക്വിസ് | A | മുതിരേരി |
| 19. എബിൻ ഉപ്പൂട്ടിൽ | | A | ഇടിവണ്ണ |
| 20. ആൽഫി കല്ലുവയൽ | | A | ചെറുകാട്ടൂർ |
| 21. അനിറ്റ് മാളിയേക്കൽ | | III A | മരകാവ് |

**സീനിയർ**

| | | | |
|---|---|---|---|
| 22. അജയ് ആന്റോ കൈതാരം | പ്രസംഗം | III A | കത്തീഡ്രൽ |
| 23. മാണി ചെറിയ തറപ്പേൽ | | A | പുൽപ്പള്ളി |
| 24. അല പള്ളത്ത് | | II A | കല്ലോടി |
| 25. പ്രിൻസി ചിറയിൻപറമ്പിൽ | | A | പാലാങ്കര |
| 26. സാംസനോവ് കല്ലുപുരയ്ക്കൽ | ലളിതഗാനം | II A | പുതിയിടംകുന്ന് |
| 27. ആന്റണി പുറവടി | | A | നിലമ്പൂർ |
| 28. എലിസബത്ത് പുറവടി | | A | നിലമ്പൂർ |
| 29. മരിയ | | I A | പാലാങ്കര |
| 30. ബഞ്ചമിൻ അനുഗ്രഹ | മിഷൻക്വിസ് | I A | ചുങ്കക്കുന്ന് |
| 31. ജോൺ ചേറാടിയിൽ | | II A | പാലാങ്കര |
| 32. ക്രിസ്റ്റീന ആഞ്ചേരിൽ | | III A | അമ്പായത്തോട് |
| 33. നീതു കുന്നേൽ | | A | ധർമ്മഗിരി |

**സൂപ്പർ സീനിയർ**

| | | | |
|---|---|---|---|
| 34. സിനീഷ് ആപ്പുഴയിൽ | പ്രസംഗം | I A | ചെറുകാട്ടൂർ |
| 35. സജേഷ് കുറുവൻ വെളിയിൽ | | A | കമ്മന |
| 36. ലിറ്റി ബിനീഷ് വണ്ടന്നൂർ | | II A | കത്തീഡ്രൽ |
| 37. സുമേഷ് വെട്ടിക്കുഴി | ലളിതഗാനം | III A | അരിഞ്ചേർമല |
| 38. അജയ് പോഷ്ണവള്ളിയിൽ | | A | തേൾപ്പാറ |
| 39. ആതിര നമ്പുടാകം | | A | ചുങ്കക്കുന്ന് |
| 40. റിച്ചു വെട്ടിക്കൽ | | III A | തേൾപ്പാറ |
| 41. കുര്യാച്ചൻ ചിറമുഖം | മിഷൻക്വിസ് | A | പ്രശാന്തഗിരി |
| 42. ജോഷി താണോലിൽ | | A | ധർമ്മഗിരി |
| 43. ലൂസി കുന്നേക്കുടി | | III A | പൂളപ്പാടം |
| 44. മരിയ കിഴക്കേഔളവള്ളി | | A | മാർട്ടിൻനഗർ |

**ശാഖാ വാർത്തകൾ**

*കുറുമ്പാല :-* കുറുമ്പാല കോളനി സന്ദർശിക്കുകയും രമ എന്ന ക്യാൻസർ രോഗിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

*തവിഞ്ഞാൽ :-* ഗവ. ഹോസ്പിറ്റൽ മാനന്തവാടി, സമരിറ്റൻ ഭവൻ, Teza Special School എന്നിവ സന്ദർശിച്ച് അരിയും ഭക്ഷണസാധനങ്ങളും 5000 രൂപയും നൽകി.

*കരിമ്പിൽ :-* ശാഖാ അംഗങ്ങൾ തയ്യാറാക്കിയ 'ഹൃദയ വീണ' പ്രകാശനം ചെയ്തു. ഏകദിന ധ്യാനം, അർദ്ധദിന സെമിനാർ എന്നിവ നടത്തി.

*ആടിക്കൊല്ലി :-* ഓസ്സാനാംഭവൻ സന്ദർശിച്ചു.

*വടക്കനാട് :-* 1 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ രാവിലെയും വൈകുന്നേരവും ദേവാലയത്തിൽ ജപമാല സമർപ്പണം നടത്തി.

*അമരക്കുനി :-* രോഗീ സഹായമായി 700 രൂപ നൽകി.

*കാവുംമന്ദം :-* HD കോട്ടയിലുള്ള ജ്യോതി വികാസ് സെന്ററിലുള്ള സ്കൂളിൽ പഠിക്കുന്ന 520 കുട്ടികൾക്ക് 520 ജപമാല നൽകി. ശാഖാ ഭാരവാഹികൾ നേതൃത്വം നൽകി.

*പുൽപ്പള്ളി :-* വി. കൊച്ചുത്രേസ്യ മാതാപിതാക്കളോടൊപ്പം നിൽക്കുന്ന ഫോട്ടോയും പ്രാർത്ഥനയും അച്ചടിച്ച് ഇടവകയിലെ എല്ലാവർക്കും നൽകി. അഖണ്ഡ ജപമാലയിൽ എല്ലാവരും പങ്കെടുത്തു.

*ചൂരൽമല :-* മിഷൻ റാലി നടത്തി.

*ചുള്ളിയാന :-* സ്നേഹഭവൻ സന്ദർശിച്ചു.

*മഞ്ഞൂറ :-*കുഷ്ഠരോഗ പുനരധിവാസ കേന്ദ്രവും Home of Love ഉം സന്ദർശിച്ചു.

*നരിവാലമുണ്ട :-*മിഷൻ പിരിവിനോടുകൂടി നടത്തിയ ആക്രി സാധനങ്ങൾ ശേഖരിച്ച് ലഭിച്ച 10500 രൂപ മണിമൂളി മേഖലയിലെ നിർദ്ധനയായ ഒരു കുടുംബത്തിന്റെ ഭവനനിർമ്മാണത്തിനായി നൽകി.

*നെല്ലിയോടി :-* സെമിനാർ നടത്തി. ആലഞ്ചേരി സ്നേഹഭവൻ സന്ദർശിച്ചു.

*വെള്ളൂന്നി :-* സിമിത്തേരിയും പള്ളിപരിസരവും വൃത്തിയാക്കി.

*ചിത്രഗിരി :-*ജാഗരണപ്രാർത്ഥന നടത്തി.

*പഴൂർ :-* മൂലങ്കാവിൽ വെച്ച് നടന്ന വി. കുർബാനയെ സംബന്ധിച്ച് നടത്തിയ ക്വിസ് മത്സരത്തിൽ അക്ഷയ് പുതുക്കാട്ടും, സോണിയ പണവാടനും ഒന്നാം സമ്മാനം 1001 രൂപ കരസ്ഥമാക്കി.

*ഞാറപ്പാടം :-* രോഗീസന്ദർശനം നടത്തി.

*മംഗളം :-* വിവാഹസഹായമായി ഒരു നിർദ്ധന കുടുംബത്തിലെ പെൺകുട്ടിക്ക് 5000 രൂപ സഹായം നൽകി.

*ചാരിറ്റി :-* ഡയറക്ടറച്ചന്റെ നാമഹേതുകതിരുനാൾ വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു.
*ഒലിവുമല :-* മിഷൻക്വിസ് നടത്തി. മിഷൻഗ്രാമത്തിന് കത്ത് അയച്ചു.
*ഇടിവണ്ണ :-* രോഗീസന്ദർശനം നടത്തി.
*പാറത്തോട്ടം :-* ഇടവകയിൽ സേവനം ചെയ്യുന്ന സമർപ്പിതരെ പൊന്നാട അണിയിച്ച് ആദരിച്ചു.
*അരിഞ്ചേർമല :-* മിഷൻഞായർ ദിനത്തിൽ മിഷൻ റാലിയും തെരുവുനാടകവും നടത്തി. ജപമാല പ്രദക്ഷിണം നടത്തി.
*ഇടയൂർക്കുന്ന് :-* ഇടവകയിലെ 21 കുടുംബങ്ങളിൽ മിഷൻലീഗിന്റെ നേതൃത്വത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.
*വടപുറം :-* മാതാപിതാക്കൾക്കും കുട്ടികൾക്കുമായി സെമിനാർ നടത്തി.
*പാലാങ്കര :-* മേഖലയിൽ വെച്ച് നടത്തിയ കൊച്ചുത്രേസ്യാ ക്വിസിൽ ശാഖയിൽ നിന്നും അരുൺ ചേറാടിയും സെബാസ്റ്റ്യൻ മുട്ടംതോട്ടിലും പങ്കെടുത്ത് ഒന്നാം സമ്മാനം കരസ്ഥമാക്കി.
*നിലമ്പൂർ :-* സമർപ്പിത സംഗമം നടത്തി.
*മൺവയൽ :-* മാലിന്യനിർമ്മാർജന സംസ്കരണത്തിന്റെ ഭാഗമായി വീട് സന്ദർശനം നടത്തി. വീടുകളിൽ വേസ്റ്റ് ബക്കറ്റ് സ്ഥാപിക്കുകയും വൃക്ഷതൈകൾ നടുകയും ചെയ്തു. കൃഷി പരിശീലനത്തിന്റെ ഭാഗമായി 25 വാഴതൈകളും പച്ചക്കറികളും ചെടികളും പള്ളിപരിസരത്ത് നട്ടു.
*പടമല :-* ക്രിസ്റ്റീൻ ധ്യാനം നടത്തി.
*ചുങ്കക്കുന്ന് :-* രോഗീസഹായമായി 2500 രൂപ നൽകി.

**രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപത ജനറൽ സെക്രട്ടറി.

# Department of Youth Ministry

## LIFE Training

LIFE Training Programe ന്റെ ഭാഗമായി കുട്ടികൾക്കുള്ള അർദ്ധ വാർഷിക പരീക്ഷയും എകദിനധ്യാനവും കായക്കുന്ന് ലാസലറ്റ് ആശ്രമത്തിൽ വച്ച് നവംബർ മാസം 9,10,11 ദിവസങ്ങളിൽ നടന്നു. സി. ആൻസി സി. എം. സി. സി., ഡെൽഫി സി. എം. സി., റവ. ഫാ ഷിജു ഐക്കരക്കാനായിൽ , റവ. ഫാ. ലാൽ ജേക്കബ് എന്നിവർ നേതൃത്വം നല്കി.

## Holy land തീർത്ഥാടനം

2016 April മാസം 4-ാം തീയതി പോകുന്ന വിശുദ്ധനാട് തീർഥാടനത്തിന്റെ ബുക്കിങ്ങ് ആരംഭിച്ചിരിക്കുന്നു. Department of Youth Ministry യുടെ നേതൃത്വത്തിൽ ഒക്ടോബർ 12 ന് 5 വൈദികർ ഉൾപ്പെടെ 24 പേർ വിശുദ്ധനാട്ടിൽ പോയി 23 ന് തിരിച്ചെത്തി.

### യുവ യാത്രികർ

മാനന്തവാടി രൂപത Department of Youth Ministry യുടെ നേതൃത്വത്തിൽ യുവജനങ്ങൾ ജോലി ചെയ്യുകയും പഠിക്കുകയും ചെയ്യുന്ന സ്ഥലങ്ങളിലേയ്ക്ക് അവരെ അന്വേഷിച്ചു കൊണ്ടുള്ള ഒരു Programe ആരംഭിച്ചിരിക്കുന്നു. 'യുവ യാത്രികർ' മാനന്തവാടി രൂപതയിലെ യുവജനങ്ങൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജോലിചെയ്യുന്ന തൊഴിൽശാലകൾ എന്നിവയിൽ അവരെ സന്ദർശിച്ച് കൗദാശിക ജീവിതത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കികൊടുക്കുകയും ആത്മീയ സഹായം ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ടുള്ള ലക്ഷ്യം.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
Director, Department of Youth Ministry

## കെ. സി. വൈ. എം.

**പേൾ 2015**

കെ. സി. വൈ. എം. മാനന്തവാടി രൂപത യുവജനോത്സവമായ പേൾ 2015 ന്യൂമാൻസ് കോളേജിൽ വച്ച് നവംബർ 10 ന് നടന്നു. രാവിലെ നടന്ന ഉത്ഘാടന സമ്മേളനത്തിൽ കെ. സി. വൈ. എം. രൂപത പ്രസിഡണ്ട് ശ്രീ. സിബിൻ പാലമൂട്ടിൽ അദ്ധ്യക്ഷത വഹിച്ചു. രൂപത ജനറൽ സെക്രട്ടറി ശ്രീ. എബിൻ മുട്ടപ്പള്ളി സ്വാഗതം ആശംസിച്ചു. റവ. ഫാ ലാൽ ജേക്കബ് പൈനുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ. റ്റോബി കൂട്ടുങ്കൽ നന്ദി പറഞ്ഞു. തുടർന്ന് 5 സ്റ്റേജുകളിലായി നടന്ന മത്സര ങ്ങൾ യുവജനങ്ങളുടെ കലാമികവ് പ്രകടമാക്കുന്നതായിരുന്നു. 9 മേഖല കൾ പങ്കെടുത്തു. 191 പോയിന്റ് നേടി കല്ലോടി മേഖല ഒന്നാം സ്ഥാനം കരസ്ഥമാക്കി. 181 പോയിന്റ് നേടി നടവയൽ രണ്ടും 154 പോയിന്റ് നേടി ചുങ്കക്കുന്ന് മേഖല 3-ാം സ്ഥാനവും കരസ്ഥമാക്കി .മറ്റു മേഖല കൾ നേടിയ പോയിന്റ് നിലകൾ മാനന്തവാടി 112, കല്പ്പറ്റ 103, പുൽപ്പള്ളി 81, തരിയോട് 59, ബത്തേരി 52, മണിമൂളി 40 പേയിന്റ്. സമാപനസമ്മേളനത്തിൽ വച്ച് വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകൾ രൂപതാ പ്രസിഡണ്ട് ശ്രീ സിബിൻ പാലമൂട്ടിലും, മേഖലകൾക്കുള്ള ട്രോഫികൾ രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കലും വിതരണം ചെയ്തു. സമ്മാനാർഹരെ അഭിനന്ദിക്കുന്നതോടൊപ്പം ഈ കലാമത്സരത്തിലേയ്ക്ക് ഇവരെ ഒരുക്കി പറഞ്ഞയച്ച എല്ലാ മേഖല-യൂണിറ്റ് ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ഭാരവാഹികൾ എന്നി വരെയും മത്സരങ്ങൾ നടത്തുന്നതിന് സഹായസഹകരണങ്ങൾ ചെയ്തു തന്ന ന്യൂമാൻസ് കോളേജ് അധികൃതർ, ജഡ്ജ്മെന്റിന് സഹായിച്ച വർ, മത്സരനടത്തിപ്പിന് കോഡിനേറ്ററായി നേതൃത്വം നല്കിയ ശ്രീ.സജിൻ ജോസ് ചാലിനും, മത്സരം ഏറ്റവും മനോഹരമാക്കുവാൻ കഠിനാധ്വാനം ചെയ്ത രൂപത ആനിമേറ്റർ സി. ലിൻസാ FCC യ്ക്കും, ശ്രീ. ബിനോയി പാനികുളത്തിനും, സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗ ങ്ങൾക്കും, പങ്കെടുത്ത എല്ലാ കെ.സി.വൈ.എം. അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.

**മേഖല, യൂണിറ്റ് തല ഇലക്ഷൻ**

2016 വർഷത്തിൽ കെ. സി. വൈ. എം. സംഘടനയെ നയിക്കേണ്ട വരെ തിരഞ്ഞെടുക്കുന്ന ഇലക്ഷൻ നവംബർ മാസത്തിൽ യൂണിറ്റുകളിൽ പൂർത്തിയായി എന്നു കരുതുന്നു. ഡിസംബർ 6-നു മുമ്പ് മേഖലകളിലും പൂർത്തിയാക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്നവരുടെ പൂർണവിവരങ്ങൾ തിരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ ഡിസംബർ 10-ാം തീയ്യതിക്കു മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. പൂരിപ്പിക്കേണ്ട ഫോം ബഹുമാനപ്പെട്ട വികാരി അച്ചൻമാർക്ക് അയച്ചിട്ടുണ്ട്.

**കെ സി വൈ എം 21 -ാം രൂപത വാർഷികം**

കെ. സി. വൈ. എം. ന്റെ 21-ാം രൂപത വാർഷികം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഡിസംബർ 20-ാം തീയതി വൈകുന്നേരം 5 മണിക്ക് പ്രതിനിധി സമ്മേളനത്തോടുകൂടി ആരംഭിക്കുന്നു. പ്രതിനിധി സമ്മേളനത്തിൽ മേഖല ആനിമേറ്റർമാർ, 2015 വർഷത്തിലെയും, 2016 വർഷത്തിലെയും മേഖല ഭാരവാഹികൾ (14) പേർ പങ്കെടുക്കണം. പ്രതിനിധി സമ്മേളന രജിസ്ട്രേഷൻ ഫീസ് 100 രൂപ. തുടർന്ന് 21-ാം തീയതി തിങ്കളാഴ്ച വാർഷികാഘോഷറാലി. 2 മണിക്ക് മാനന്തവാടി ടൗൺ ചർച്ചിൽ നിന്ന് ആരംഭിച്ച് ഗാന്ധി പാർക്ക് ചുറ്റി L F സ്കൂളിൽ സമാപിക്കും. തുടർന്ന് വാർഷികയോഗം. വയനാട്ടിലെ അഭിവന്ദ്യ പിതാക്കൻമാർ യുവജനങ്ങളോടു സംസാരിക്കും. അന്നേദിവസം തന്നെ ജില്ലാതല ക്രിസ്മസ് ആഘോഷവും സംഘടിപ്പിക്കും. ഇടവകയിലെ മുഴുവൻ യുവജനങ്ങളെയും ഈ വാർഷികാഘോഷത്തിൽ പങ്കെടുപ്പിക്കണം.

**'സ്നേഹദൂത്' വിളംബരയാത്ര**

കെ.സി.വൈ.എം. ന്റെ വാർഷികത്തോടനുബന്ധിച്ച് മാനന്തവാടി, പയ്യംപള്ളി, നടവയൽ, തരിയോട്, കല്പറ്റ, ബത്തേരി, കല്ലോടി എന്നീ മേഖലകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള വിളംബരസന്ദേശയാത്ര ഡിസംബർ 18,1 9, 20 തീയതികളിൽ നടത്തപ്പെടും.

**രൂപത വാർഷിക സെനറ്റും, ഇലക്ഷനും**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ വാർഷിക സെനറ്റും 2016 വർഷത്തേയ്ക്കുള്ള ഇലക്ഷനും 2016 ജനുവരി 9 ശനിയാഴ്ച രാവിലെ 9.30 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. യൂണിറ്റ് മേഖല വാർഷിക റിപ്പോർട്ടുകൾ ഡിസംബർ 21 ന് മുമ്പായി ഓഫീസിൽ എത്തിക്കേണ്ടതാണ്.

**വിരുന്ന്**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ ക്രിസ്മസ്സ് കേക്ക് വിതരണം ചെയ്യുന്നു. ഡിസംബർ 20-ാം തീയതി

നിശ്ചയിക്കപ്പെട്ടിട്ടുള്ള ഇടവകകളിൽ കെ.സി.വൈ.എം. പ്രവർത്തകർ ക്രിസ്മസ് കേക്ക് വിതരണം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കെ.സി.വൈ.എം. ഓഫീസുമായി ബന്ധപ്പെടുക.

**ചുങ്കക്കുന്ന് മേഖല വാർത്തകൾ**

പേൾ 2015 കലാസാഹിത്യമത്സരങ്ങൾ നടത്തി. ചുങ്കക്കുന്ന്, കൊട്ടിയൂർ, പാൽച്ചുരം എന്നീ യൂണിറ്റുകൾ ഒന്നും രണ്ടും മൂന്നും സ്ഥാന ങ്ങൾ നേടി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**അനുശോചനം**

കെ.സി.വൈ.എം. മേഖല ഭാരവാഹിയായി പ്രവർത്തിച്ചിരുന്ന ജെസ്റ്റിൻ കല്ലട (നെല്ലിയോടി) അകാലത്തിൽ തമ്പുരാന്റെ സന്നിധിയി ലേക്കെടുക്കപ്പെട്ടു. കെ.സി.വൈ.എം. ചുങ്കക്കുന്ന് മേഖലയുടെ, മാനന്ത വാടി രൂപതയുടെ ആദരാഞ്ജലികൾ.

**അരിഞ്ചേർമല യൂണിറ്റ്**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ ലൗദാത്തോ സീ ജീവന്റെ വ്യക്ഷം സെമിനാറിൽ അരിഞ്ചേർമല യൂണിറ്റിൽ നിന്നും 8 പേർ പങ്കെടുത്തു. മിഷൻ ഞായർ ആഘോഷദിവസം യുവജനങ്ങൾ തെരുവുനാടകം അവതരിപ്പിച്ചു.മേഖലാ സാഹിത്യമത്സരത്തിൽ യൂണിറ്റിന് രണ്ടാം സ്ഥാനവും, മേഖല കലാമത്സരത്തിൽ ഒന്നാം സ്ഥാനവും ഓവറോൾ ചാമ്പ്യൻഷിപ്പും നേടി. ഇടവകയിലെ 10 ദിവസത്തെ ജപമാല പ്രാർത്ഥന യുടെ സമാപനത്തിൽ കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ വി.കുർബ്ബാനയും കാഴ്ചവയ്പും ജപമാല പ്രദിക്ഷണവും നടത്തി.

**ചാരിറ്റി യൂണിറ്റ്**

ലൗദാത്തോ സീ സെമിനാറിൽ ചാരിറ്റി യുണിറ്റിൽ നിന്നും 3 പേർ പങ്കെടുത്തു. കെ.സി.വൈ.എം. മേഖല കലാമത്സരങ്ങൾ ചാരിറ്റി യുണിറ്റിൽ വച്ച് നടത്തി. കലാസാഹിത്യ മത്സരത്തിൽ യൂണിറ്റ് 2-ാം സ്ഥാനം നേടി. കലാമത്സര സമ്മാനങ്ങൾ ബഹു. മാത്യു പനക്കക്കുഴി അച്ചനും ട്രോഫി ബഹു. ജോയി ചേറാടിയിലച്ചനും നല്കി അഭിനന്ദന ങ്ങൾ രേഖപ്പെടുത്തി.

**മുള്ളൻകൊല്ലി യൂണിറ്റ്**

മുള്ളൻകൊല്ലി യുവജനങ്ങളുടെ നേതൃത്വത്തിൽ ക്രൈസ്ത വർക്കും അക്രൈസ്തവർക്കും വേണ്ടി ഒരു PSC കോച്ചിംഗ് സെന്റർ ഇടവകയിൽ തുടങ്ങി. 40 യുവജനങ്ങൾ കോച്ചിംഗിൽ പങ്കെടുക്കുന്നു. ബഹു. ഫൊറോന വികാരി റവ. ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ

ഉത്ഘാടനം ചെയ്തു. മേഖല കലാസാഹിത്യമത്സരങ്ങൾക്ക് മുള്ളൻകൊല്ലി യൂണിറ്റ് ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ബഹു. ഫാ. ജിനോ മേക്കാട് നേതൃത്വം നല്കി.

**കാവുംമന്ദം യൂണിറ്റ്**

ബഹുമാനപ്പെട്ട മാർട്ടിൻ പുതുശ്ശേരിയച്ചന്റെ നേതൃത്വത്തിൽ ജനറൽ എക്സിക്യൂട്ടീവും ജനറൽബോഡി മീറ്റിങ്ങും നടത്തി. സാഹിത്യമത്സരത്തിൽ പങ്കെടുത്തു. ജാഗരണപ്രാർത്ഥനയ്ക്കും ദിവ്യബലിയിലെ വായനകൾക്കും ഗാനശുശ്രൂഷയ്ക്കും യുവജനങ്ങൾ നേതൃത്വം നല്കി. 10 ദിവസത്തെ ജപമാലയിലും, ജപമാല റാലിക്കും സജീവമായി പങ്കെടുത്തു. മേഖല ഡയറക്ടർ മാർട്ടിൻ പുതുശ്ശേരിയച്ചനും ആനിമേറ്റർ സി. പീയുഷയും ധാരാളം യുവജനങ്ങളും തരിയോട് മേഖലയോട് ചേർന്ന് മതതീവ്രവാദത്തിനെതിരെ പ്രചരണജാഥ നടത്തി.

**പ്രശാന്തിഗിരി യൂണിറ്റ്**

മിഷൻ പിരിവ് നടത്തി. മിഷൻ ഞായർ ദിവസം ദിവ്യബലിയിൽ ഗാനശുശ്രൂഷയിലും, അൾത്താരശുശ്രൂഷയിലും സജീവ സാന്നിധ്യം നല്കി. യുവജനങ്ങൾ കാഴ്ച വയ്പ് നടത്തി. സെനറ്റ് കൂടി. യൂണിറ്റ് അംഗങ്ങൾ ഭവനസന്ദർശനവും രോഗീസന്ദർശനവും നടത്തി. 10 ദിവസത്തെ കൊന്തനമസ്ക്കാരത്തിലും വി. യൂദാശ്ലീഹായുടെ നൊവേനയിലും പങ്കെടുത്തു. ജീസസ്സ് യൂത്തിന്റെ നേതൃത്വത്തിലുള്ള ധ്യാനത്തിൽ 20 യുവജനങ്ങൾ പങ്കെടുത്തു. പ്രശാന്തിഗിരി റോഡിന്റെ അറ്റകുറ്റപ്പണിയിലും യുവജനങ്ങൾ സഹകരിച്ചു.

**ചുങ്കക്കുന്ന് യൂണിറ്റ്**

ബഹൂമാനപ്പെട്ട തോമസ്സ് മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ സെനറ്റ് മീറ്റിങ്ങ് കൂടുകയും യൂണിറ്റ് പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഫണ്ട് കണ്ടെത്തുന്നതിനായി കേക്ക് കൂപ്പൺ അടിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. കലാസാഹിത്യമത്സരത്തിൽ ചുങ്കക്കുന്ന് യൂണിറ്റിന് ഒന്നാം സ്ഥാനം ലഭിച്ചു. മാതൃസംഘടനയോട് സഹകരിച്ച് യുവജനങ്ങൾ മരിയഭവൻ സന്ദർശിക്കുകയും അവിടുത്തെ അന്തേവാസികൾക്ക് ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. ജപമാലദിനത്തോടനുബന്ധിച്ച് ശേഖരിച്ച സാധനങ്ങൾ അവിടെ എത്തിച്ചു കൊടുത്തു. ജപമാലദിനത്തിൽ നേർച്ച ഭക്ഷണവിതരത്തിനും യുവജനങ്ങൾ സഹായിച്ചു.

**കല്ലോടി യൂണിറ്റ്**

സാഹിത്യശില്പശാല നടത്തി. കലാമത്സരത്തിൽ 8-ാം വർഷവും കല്ലോടി യൂണിറ്റ് ഓവറോൾ നിലനിർത്തി. യുവജനങ്ങളുടെ

വായനശീലവും പ്രതികരണവും എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. ജോസ് കൊച്ചറക്കൽ സായാഹ്ന സെമിനാർ നടത്തി. 33 യുവജനങ്ങൾ പങ്കെടുത്തു. സകല മരിച്ചവരുടേയും തിരുനാളിനോടനുബന്ധിച്ച് സിമിത്തേരിയും പരിസരവും വൃത്തിയാക്കി. യൂണിറ്റ് ഇലക്ഷൻ നടത്തി. സന്തോഷച്ചന്റെ ഫീസ്റ്റ് സമുചിതമായി ആചരിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ മതാദ്ധ്യാപകരെ ആദരിച്ചു.

**പുതുശ്ശേരി യൂണിറ്റ്**

ഗാന്ധിജയന്തിയോടനുബന്ധിച്ച് യുവജനങ്ങളും കല്ലോടി മേഖല പ്രസിഡണ്ട് ശ്രീ. ലിജോ വഴേപറമ്പിലും ചേർന്ന് പുതുശ്ശേരി അങ്ങാടിയും പരിസരവും വൃത്തിയാക്കി. ഒക്ടോബർ 30 ന് യുവജനങ്ങൾ പള്ളിയങ്കണം അലങ്കരിക്കുകയും ജപമാലയ്ക്കും കുർബാനയിലെ വായനകൾക്കും നേതൃത്വം നൽകുകയും ചെയ്തു.. അന്നേ ദിവസം നേർച്ച ഭക്ഷണം ഉണ്ടാക്കികൊടുക്കാനും സഹായിച്ചു. മേഖല കലാമത്സരത്തിൽ നാലാം സ്ഥാനം കരസ്ഥമാക്കി.

**ഒലിവുമല യൂണിറ്റ്**

ഒക്ടോബർ മാസത്തിലെ 31 ദിവസവും യുവജനങ്ങൾ ജപമാലയിൽ പങ്കെടുക്കുകയും സമാപനദിനത്തിൽ ജപമാല പ്രാർത്ഥനകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. ഭവനസന്ദർശനവും, രോഗീ സന്ദർശനവും നടത്തി. ഒരു ഹൈന്ദവകുട്ടിക്ക് രോഗീ സഹായമായി 1500 രൂപ നല്കി. ദേവാലയ പാചകപുര നിർമ്മാണത്തിലും, ദേവാലയറോഡിലെ കുഴികൾ നികത്താനും, ദേവാലയവും പരിസരവും വൃത്തിയാക്കാനും, യുവജനങ്ങൾ സഹായിച്ചു. പേൾ 2015 മേഖല കലാമത്സരത്തിൽ യൂണിറ്റ് ഒന്നാം സ്ഥാനം നേടി.

**ഉത്സവ് –2015**

2015 പ്രവർത്തനവർഷത്തെ കെ.സി.വൈ.എം. സംസ്ഥാന യുവജനകലോത്സവം ഉത്സവ് 2015 ഡിസംബർ 11, 12, 13 തീയ്യതികളിൽ തലശ്ശേരി സാൻജോസ് മെട്രോപൊളിറ്റൻ സ്ക്കൂളിൽ വച്ച് നടത്തപ്പെടുന്നു.

## Pearl 2015 സാഹിത്യമത്സരങ്ങൾ

**മുദ്രാവാക്യം**

| | | |
|---|---|---|
| I A സജിൻ ഞെഴുങ്കാട്ടിൽ | - | ശിശുമല, പുൽപ്പള്ളി |
| II A നീനു താന്നിവേലിൽ | - | പാൽച്ചുരം, ചുങ്കക്കുന്ന് |
| III A അജോയ് കേളങ്ങാട്ടിൽ | - | ആലാറ്റിൽ, മാനന്തവാടി |

**പത്രവാർത്ത**

| | | |
|---|---|---|
| I A അഞ്ജു കണിയാംപറമ്പിൽ | - | ചുണ്ടക്കര, നടവയൽ |
| II A റോഷൻ മാത്യു ഇഞ്ചപ്ലാക്കൽ | - | പുതിയിടംകുന്ന്, കല്ലോടി |
| III A ജിബിൻ കൈനിക്കൽ | - | കാട്ടിക്കുളം, പയ്യംപള്ളി |

**കവിത**

IA ഗ്രാലിയ വെട്ടുകാട്ടിൽ - മണിമൂളി, മണിമൂളി

II A അഭിലാഷ് ബേബി താഴത്ത് - മൊതക്കര, കല്ലോടി

III A ക്ലിന്റി കൊച്ചുപാറയ്ക്കൽ - ആലാറ്റിൽ, മാനന്തവാടി

**പോസ്റ്റർ**

IA സിബി കപ്പലുമാക്കൽ - കല്ലോടി, കല്ലോടി

IA നിഷ മുണ്ടക്കൽ - കല്ലോടി, കല്ലോടി

II A ഷിബിൻ അറപ്പത്താനത്ത് - അരിഞ്ചേർമല, നടവയൽ

III A നെവിൻ - കൊട്ടിയൂർ, ചുങ്കക്കുന്ന്

**കഥ**

IA അമല മാണി കൂഴികണ്ടത്തിൽ - ഇരുളം, പുൽപ്പള്ളി

II A വിന്നി പെരുകിലം തറപ്പേൽ - പറളിക്കുന്ന്, നടവയൽ

III A ലിന്റു സണ്ണി - മുള്ളൻകൊല്ലി, പുൽപ്പള്ളി

**ഉപന്യാസം**

IA ഷൈൻ പഴയകോട്ടിൽ - ദീപ്തിഗിരി, മാനന്തവാടി

II A സിനീഷ് ആപ്പുഴയിൽ - ചെറുകാട്ടൂർ, നടവയൽ

III A നിജു കരോട്ടുകുന്നേൽ - പാതിരിപ്പാടം, മണിമൂളി

III A അനില നെല്ലൂർ - ചുങ്കക്കുന്ന്, ചുങ്കക്കുന്ന്

**നോട്ടീസ്**

IA ഷിനോജ് ചെട്ടിയാശ്ശേരി - മുള്ളൻകൊല്ലി, പുൽപ്പള്ളി

II A സജീഷ് കുഴികണ്ടത്തിൽ - ബത്തേരി, ബത്തേരി

III A റോഷൻ മാത്യു ഇഞ്ചപ്ലാക്കൽ - പുതിയിടംകുന്ന്, കല്ലോടി

**കൊളാഷ്**

IA മരിയ ആലംപുളിക്കൽ - പുൽപ്പള്ളി, പുൽപ്പള്ളി

II A ജിൽസൻ ചാത്തംപടത്തിൽ - കണിയാരം, മാനന്തവാടി

III A അജിത്ത് കൊല്ലിയിൽ - ചുങ്കക്കുന്ന്, ചുങ്കക്കുന്ന്

**കാർട്ടൂൺ**

IA സിബി കപ്പലുമാക്കൽ - കല്ലോടി, കല്ലോടി

II A അജിത്ത് കൊല്ലിയിൽ - ചുങ്കക്കുന്ന്, ചുങ്കക്കുന്ന്

III A ബ്ലെയ്സ് പാറയ്ക്കൽ - പയ്യംപള്ളി, പയ്യംപള്ളി

കലാ മത്സരങ്ങൾ

**ലളിതഗാനം (B)**

IA സുമേഷ് വെട്ടിക്കാകുഴിയിൽ - അരിഞ്ചേർമല, നടവയൽ

II A വിൻസെന്റ് പുത്തൻപുരയ്ക്കൽ - പുതിയിടംകുന്ന്, കല്ലോടി

III A സ്റ്റെഫിൻ മംഗലത്ത് - ബത്തേരി, ബത്തേരി

III A അനിൽ ആലഞ്ചേരിയിൽ - നടവയൽ, നടവയൽ

**ലളിതഗാനം (G)**

I A അഞ്ജു മുകളേൽ - കല്ലോടി, കല്ലോടി
II A ആതിര നമ്പുടാകം - ചുങ്കക്കുന്ന്, ചുങ്കക്കുന്ന്
III A ടിങ്കിൾ കല്ലോലിയിൽ - ചുള്ളിയാന, കല്ലോടി

**നാടോടിനൃത്തം (B)**

I A സജിത്ത് പള്ളിക്കമാലിൽ - കല്ലോടി , കല്ലോടി
II A ജിതിൻ കുര്യക്കാട്ടിൽ - വാളേരി, കല്ലോടി
III A ലവിൻ അറയ്ക്കൽ - ഒലിവുമല, കല്പറ്റ

**നാടോടിനൃത്തം (G)**

I A സാന്ദ്ര നല്ലൂർ - ചുണ്ടക്കര, നടവയൽ
II A ത്രേസ്യാമ്മ പാടത്താംകുഴി - കാവുംമന്ദം, തരിയോട്
II A നേഹ വേലിക്കാത്ത് - കൊട്ടിയൂർ, ചുങ്കക്കുന്ന്
III A മെർലീന ആറുപറ - പയ്യംപള്ളി, പയ്യംപള്ളി

**മിമിക്രി**

I A ലവിൻ അറയ്ക്കൽ - ഒലിവുമല, കൽപ്പറ്റ
II A നിഖിൽ മാളിയേക്കൽ - കല്ലോടി, കല്ലോടി
III A ബിനു പരിയാരത്ത് - ചുള്ളിയാന, കല്ലോടി

**പ്രസംഗം**

I A സിനീഷ് അപ്പുഴയിൽ - ചെറുകാട്ടൂർ, നടവയൽ
II A അർജുൻ ശൗര്യാംതടത്തിൽ - ശിശുമല, പുൽപ്പള്ളി
III A ജോയിസൻ കപ്പലുമാക്കൽ - ആലാറ്റിൽ, മാനന്തവാടി

**മോണോ ആക്ട്**

I A അനുസ്മിത മങ്കൊമ്പിൽ - കല്ലോടി, കല്ലോടി
II A നീനു താന്നിവേലിൽ - പാൽച്ചുരം, ചുങ്കക്കുന്ന്
III A അലീന മുരിങ്ങാത്തേരി - കൊട്ടിയൂർ, ചുങ്കക്കുന്ന്
III A ആൽബിൻ കാരികൊമ്പിൽ - അരിഞ്ചേർമല, നടവയൽ

**കഥാപ്രസംഗം**

I A അമൽസാജ് മാണികാവിൽ - കല്ലോടി, കല്ലോടി
II A നീനു താന്നുവയലിൽ - പാൽചുരം, ചുങ്കക്കുന്ന്
III A ദൃശ്യ കളത്തിൽ - പയ്യംപള്ളി, പയ്യംപള്ളി

**ഡിബേറ്റ്**

I A ഷിന്റോ മുടിയാട്ടുപറമ്പിൽ - ചെന്നലോട്, തരിയോട്
ജോസ് മുണ്ടിയാങ്കൽ - ചെന്നലോട്, തരിയോട്
II B ലിനു കറുത്തേടത്ത് - നടവയൽ, നടവയൽ
ആഷ്‌ലി തോവനത്തിൽ - ചെറുകാട്ടൂർ, നടവയൽ
III B അർജുൻ ശൗര്യാംതടത്തിൽ - ശിശുമല, പുൽപ്പള്ളി

| | | |
|---|---|---|
| അലൻ പഞ്ഞിക്കാലായിൽ | - | മുള്ളംകൊല്ലി, പുൽപ്പള്ളി |
| III B നീതു ചവരനാൽ | - | പനവല്ലി, പയ്യംമ്പള്ളി |
| ജിബിഷ കൊച്ചുമീൻ പള്ളിയിൽ | - | പനവല്ലി, പയ്യംമ്പള്ളി |

**ക്വിസ്**

| | | |
|---|---|---|
| IA മേഘ മരിയ വടക്കയിൽ | - | ചുങ്കക്കുന്ന്, ചുങ്കക്കുന്ന് |
| ആൾസ് പള്ളിക്കമാലിൽ | - | ചുങ്കക്കുന്ന്, ചുങ്കക്കുന്ന് |
| അനില നല്ലൂർ | - | ചുങ്കക്കുന്ന്, ചുങ്കക്കുന്ന് |
| IIA ഷൈജോ കുര്യക്കാട്ടിൽ | - | വാളേരി, കല്ലോടി |
| സ്റ്റെഫ്‌ന പേക്കൽ | - | വാളേരി, കല്ലോടി |
| ജോമിഷ പേക്കൽ | - | വാളേരി, കല്ലോടി |
| III B അഞ്ചു സാബു കാഞ്ഞിരംമൂട്ടിൽ | - | കണിയാരം, മാനന്തവാടി |
| അനു ഇ എസ് ഇളംകാവിൽ | - | കണിയാരം, മാനന്തവാടി |

**കെ.സി.വൈ.എം. ആന്തം**

| | | |
|---|---|---|
| IA സുമീഷ് വെട്ടിക്കാകുഴി | - | അരിഞ്ചേർമല, നടവയൽ |
| റോസ്‌ന മുണ്ടയ്ക്കൽ | - | അരിഞ്ചേർമല, നടവയൽ |
| സോന തോട്ടത്തിൽ | - | അരിഞ്ചേർമല, നടവയൽ |
| അഖില വയലിൽ | - | അരിഞ്ചേർമല, നടവയൽ |
| നിഖിൽ തോട്ടത്തിൽ | - | അരിഞ്ചേർമല, നടവയൽ |
| ലിൻസ് പുതുക്കാട് | - | അരിഞ്ചേർമല, നടവയൽ |
| IIA അമൽ പൊയ്കുന്നേൽ | - | ചുങ്കക്കുന്ന്, ചുങ്കക്കുന്ന് |
| ആതിര നമ്പുടാകം | - | ചുങ്കക്കുന്ന്, ചുങ്കക്കുന്ന് |
| അനുഗ്രഹ നമ്പുടാകം | - | ചുങ്കക്കുന്ന്, ചുങ്കക്കുന്ന് |
| ജെസ്റ്റിൻ ഓലത്തുപുറം | - | ചുങ്കക്കുന്ന്, ചുങ്കക്കുന്ന് |
| എൽസി മണൽക്കാറ്റ് | - | ചുങ്കക്കുന്ന്, ചുങ്കക്കുന്ന് |
| അൽബിന മണൽക്കാറ്റ് | - | ചുങ്കക്കുന്ന്, ചുങ്കക്കുന്ന് |
| ഷിന്റു തെക്കേകുളം | - | ചുങ്കക്കുന്ന്, ചുങ്കക്കുന്ന് |
| IIIA ജെറി വെട്ടിക്കാട് | | വൈത്തിരി, കല്പറ്റ |
| രേഷ്മ ആറ്റുമാലിൽ | - | ഒലിവുമല, കല്പറ്റ |
| ലവിൻ അറയ്ക്കൽ | - | ഒലിവുമല, കല്പറ്റ |
| ജിജി പാങ്കോട്ട് | - | ഒലിവുമല, കല്പറ്റ |
| ജോബിൻ ആറ്റുപുറത്ത് | - | ഒലിവുമല, കല്പറ്റ |
| ജിബ്സ പുതുവില്ലയിൽ | - | ഒലിവുമല, കല്പറ്റ |
| ഡെൽന കാരാത്ര | - | ഒലിവുമല, കല്പറ്റ |

**സംഘഗാനം**

| | | |
|---|---|---|
| IA അൻഷ വെളിയത്ത് | - | തവിഞ്ഞാൽ, മാനന്തവാടി |

| | | |
|---|---|---|
| അപർണ വെളിയത്ത് | - | തവിഞ്ഞാൽ, മാനന്തവാടി |
| ലിനറ്റ് ഇട്ടികപ്പാറ | - | തവിഞ്ഞാൽ, മാനന്തവാടി |
| ലയ തറപ്പേൽ | - | തവിഞ്ഞാൽ, മാനന്തവാടി |
| ശില്പ കപ്പലുമാക്കൽ | - | തവിഞ്ഞാൽ, മാനന്തവാടി |
| ലിറ്റിഷ കിഴക്കേകുടിയിൽ | - | തവിഞ്ഞാൽ, മാനന്തവാടി |
| നയന കൈതക്കൽ | - | തവിഞ്ഞാൽ, മാനന്തവാടി |
| II A ജെറി വെട്ടിക്കാട് | - | വൈത്തിരി, കല്പറ്റ |
| രേഷ്മ ആറ്റുമാലിൽ | - | ഒലിവുമല, കല്പറ്റ |
| ലവിൻ അറയ്ക്കൽ | - | ഒലിവുമല, കല്പറ്റ |
| ജിജി പാങ്കോട്ട് | - | ഒലിവുമല, കല്പറ്റ |
| ജോബിൻ ആറ്റുപുറത്ത് | - | ഒലിവുമല, കല്പറ്റ |
| ജിബ്സ പുതുവില്ലയിൽ | - | ഒലിവുമല, കല്പറ്റ |
| ഡെൽന കാരാത്ര | - | ഒലിവുമല, കല്പറ്റ |
| III A അഞ്ജു മുകുളേൽ | - | കല്ലോടി, കല്ലോടി |
| അക്ഷയ് ആലക്കൽ | - | കല്ലോടി, കല്ലോടി |
| അമൽസാജ് മാണികാവിൽ | - | കല്ലോടി, കല്ലോടി |
| നിഖിൽ മാളിയേക്കൽ | - | കല്ലോടി , കല്ലോടി |
| അമൽ പടകൂട്ടിൽ | - | കല്ലോടി , കല്ലോടി |
| അക്ഷയ പാറക്കൽ | - | കല്ലോടി , കല്ലോടി |
| റോഷിൻ മണിയത്ത് | - | കല്ലോടി, കല്ലോടി |
| **മാർഗ്ഗം കളി** | | |
| IA അൻഷ വെളിയത്ത് | - | തവിഞ്ഞാൽ, മാനന്തവാടി |
| അപർണ വെളിയത്ത് | - | തവിഞ്ഞാൽ, മാനന്തവാടി |
| ശില്പ കപ്പലുമാക്കൽ | - | തവിഞ്ഞാൽ, മാനന്തവാടി |
| ലിറ്റിഷ കിഴക്കേകുടിയിൽ | - | തവിഞ്ഞാൽ, മാനന്തവാടി |
| നയന കൈതക്കൽ | - | തവിഞ്ഞാൽ, മാനന്തവാടി |
| നീതു മുളംകുത്ത് | - | തവിഞ്ഞാൽ, മാനന്തവാടി |
| ശ്രുതി തോപ്പിൽ | - | തവിഞ്ഞാൽ, മാനന്തവാടി |
| II A നീനു നിരപ്പേൽ | - | നടവയൽ, നടവയൽ |
| ബിബിത പുതുശ്ശേരിയിൽ | - | നടവയൽ, നടവയൽ |
| അമയ അമ്പാട്ട് | - | നടവയൽ, നടവയൽ |
| അമല പതിക്കൽ | - | നടവയൽ, നടവയൽ |
| നവ്യ അമ്പാട്ട് | - | നടവയൽ, നടവയൽ |
| ലിയ പുതുശ്ശേരിയിൽ | - | നടവയൽ, നടവയൽ |
| സ്മിന്റ പുത്തൻപുരയിൽ | - | നടവയൽ, നടവയൽ |

| | | |
|---|---|---|
| III B ജോയ്സി അരത്താണി | - | പയ്യംപള്ളി, പയ്യംപള്ളി |
| സ്നേഹ കോപ്പുറം | - | പയ്യംപള്ളി, പയ്യംപള്ളി |
| മെർലീന ആറുപറ | - | പയ്യംപള്ളി, പയ്യംപള്ളി |
| അലീന കുളത്തിങ്കൽ | - | പയ്യംപള്ളി, പയ്യംപള്ളി |
| സ്വാന്തന കിഴക്കേഭാഗത്ത് | - | പയ്യംപള്ളി, പയ്യംപള്ളി |
| ഗിഫ്റ്റി പാലമറ്റത്തിൽ | - | പയ്യംപള്ളി, പയ്യംപള്ളി |
| അമല മുളക്കൽ | - | പയ്യംപള്ളി, പയ്യംപള്ളി |
| **പരിചമുട്ട്** | | |
| IA നിഖിൽ തോട്ടുചാലിൽ | - | പോരൂർ, മാനന്തവാടി |
| നിഥീഷ് കുഴിത്താലിൽ | - | പോരൂർ, മാനന്തവാടി |
| സരു തെക്കേകൈതയ്ക്കൽ | - | പോരൂർ, മാനന്തവാടി |
| അഭിലാഷ് വെള്ളാനയിൽ | - | പോരൂർ, മാനന്തവാടി |
| ടോണി ആത്രശ്ശേരിയിൽ | - | പോരൂർ, മാനന്തവാടി |
| അമൽ മുള്ളൻകുഴിയിൽ | - | പോരൂർ,മാനന്തവാടി |
| **തെരുവുനാകം** | | |
| IA അമൃത പോടൂർ & ടീം | - | കൊട്ടിയൂർ, ചുങ്കക്കുന്ന് |
| II A സുമേഷ് വെട്ടിക്കാകുഴി & ടീം | - | അരിഞ്ചേർമല, നടവയൽ |
| III B അനീറ്റ ജൂഡിറ്റ് & ടീം | - | കല്പറ്റ, കല്പറ്റ |

**എബിൻ മുട്ടപ്പള്ളി**
കെ.സി.വൈ.എം. ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒക്ടോബർ 23 മുതൽ 26 വരെ നടന്ന കോഴ്സിൽ 116 പേരും നവംബർ 8 മുതൽ 11 വരെ നടന്ന കോഴ്സിൽ 97 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

| | | |
|---|---|---|
| ഡിസംബർ 6-9 | - | പാസ്റ്ററൽ സെന്റർ മണിമൂളി |
| ഡിസംബർ 11-14 | - | പാസ്റ്ററൽ സെന്റർ മണിമൂളി |
| ഡിസംബർ 27-30 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജനുവരി 10-13 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജനുവരി 28-31 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രത്യേക ശ്രദ്ധയ്ക്ക്**

ഡിസംബർ 11 മുതൽ 14 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെ വിളിച്ചു പറയുമല്ലോ. ഈ പ്രദേശങ്ങളിൽ നിന്നും കോഴ്സിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവരോട് ഡിസംബർ 11-14 ന്റെ കോഴ്സിൽ പങ്കെടുക്കാൻ ഓർമ്മിപ്പിക്കണെ.

**സീറോ മലബാർ മാതൃവേദി**

12-11-15 ന് മാതൃവേദിയുടെ രൂപതാ എക്സിക്യൂട്ടീവ് മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, പ്രസിഡന്റുമാർ എന്നിവരുടെ സംയുക്ത യോഗം ചേർന്നു. 2016 -ലെ പ്രവർത്തന മാർഗ്ഗരേഖ ചർച്ച ചെയ്തു. കരുണയുടെ വർഷത്തോടനുബന്ധിച്ച് ശാഖ, മേഖലാ രൂപതാ തലങ്ങളിൽ നടപ്പിൽ വരുത്തേണ്ട കർമ്മ പദ്ധതികൾ ആവിഷ്കരിച്ചു. അടുത്തവർഷം 'കുടുംബം കരുണയുടെ ഉറവിടം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറുകൾ സംഘടിപ്പിക്കും. ഭവനസന്ദർശനം,

ജയിൽ സന്ദർശനം, അവയവദാന ബോധവൽക്കരണം, വിവാഹ പ്രായ മായിട്ടും വിവാഹം നടക്കാത്ത യുവതിയുവാക്കൾക്കായി പ്രത്യേക പ്രാർത്ഥന, ഭിന്നശേഷിയുള്ള കുട്ടികളുള്ള കുടുംബങ്ങളുടെ സംഗമം, മേഖലയിൽ ഒരു കരുണയുടെ ഭവനം, സ്വയം തൊഴിൽ ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ അടുത്ത വർഷത്തെ മാതൃ വേദിയുടെ മുഖ്യപ്രവർത്തന പരിപാടി ആയി നിശ്ചയിച്ചു. ഡിസംബ റിൽ നടക്കേണ്ട രൂപതാവാർഷിക ജനറൽബോഡി, രൂപതാ തിരഞ്ഞെ ടുപ്പ് എന്നിവയും ചർച്ചചെയ്തു. പുതിയതായി ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ഫെബ്രുവരി 29 -ന് ഏകദിന പരിശീലനം രൂപതാതലത്തിൽ നടത്തുന്നതിനും ഉദ്യോഗസ്ഥരായ അമ്മമാരുടെ രൂപതാതല സംഗമം ഒക്ടോബർ മാസത്തിൽ നടത്തു വാനും തീരുമാനിച്ചു. ഇപ്പോൾ നടത്തികൊണ്ടിരിക്കുന്ന ഇടവക സന്ദർശനം വിലയിരുത്തി.

**മാനന്തവാടി മേഖല**

10.11.15 -ന് മാനന്തവാടി മേഖല മാതൃവേദിയുടെ ജനറൽബോഡി യോഗവും മേഖലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തി. പ്രസി ഡണ്ട് - നിഷ പുൽപ്പറമ്പിൽ യവനാർകുളം, വൈസ്പ്രസിഡണ്ട് -ഷീന ആന്റണി തവിഞ്ഞാൽ, സെക്രട്ടറി - മോളി കരിമ്പനാക്കുഴിയിൽ പോരൂർ, ജോ. സെക്രട്ടറി -വൽസമ്മ ടീച്ചർ മാനന്തവാടി, ട്രഷ റർ-സെൽമ ആലാറ്റിൽ. കൗൺസിൽ അംഗങ്ങൾ- മോളി കിഴ ക്കേടം-പ്രശാന്തഗിരി, ഫിലോമിന കുടിയിരിക്കൽ -മുതിരേരി, ഷൈനി എളപ്പുപാറ-കണിയാരം, ജെസ്സി കവളനാൽ -കരിമാനി. മേഖലയിലെ മികച്ച ശാഖകൾക്കും സാഹിത്യരചനാമൽസരവിജയികൾക്കും ലോഗോസ് ക്വിസിൽ മേഖലയിൽ കൂടുതൽ മാർക്ക് നേടിയ മാതൃവേദി അംഗങ്ങൾക്കുമുള്ള സമ്മാനവും നൽകി. സാഹിത്യരചനാമത്സരത്തിൽ പങ്കെടുത്ത ആനിമേറ്റേഴ്സിന് പ്രോൽസാഹന സമ്മാനം നൽകി.

**പയ്യമ്പള്ളി മേഖല**

31-10-15 ന് ശനിയാഴ്ച്ച മേഖലാ ഡയറക്ടർ ബഹു. ചാണ്ടി പുനക്കാട്ട് അച്ചന്റെ നേതൃത്വത്തിൽ ജനറൽബോഡി ചേർന്നു. കരുണ യുടെ വർഷത്തെക്കുറിച്ച് ബഹു. ചാണ്ടിയച്ചൻ ക്ലാസെടുത്തു. മേഖലാ വാർഷികം ഡിസം 12 -ന് മേരിമാതാ കോളേജിൽ വച്ച് കരോൾഗാനം (7 പേർ) ബൈബിൾ ക്വിസ് (വി. ലൂക്ക 1-20) ഓർമ്മ പരിശോധന (വി. ഗ്രന്ഥത്തിലെ വാക്കുകൾ) എന്നീ മൽസരങ്ങളോടുകൂടി നടത്തു വാൻ തീരുമാനിച്ചു. രൂപതാ മാർഗ്ഗരേഖ പ്രകാരമുള്ള അഖണ്ഡ ജപമാല പരേതരായ സംഘടനാംഗങ്ങൾക്ക് വേണ്ടി നവംബറിൽ നടത്തുവാൻ

ശാഖകൾ ഏറ്റെടുത്തു. മേഖലാ തിരഞ്ഞെടുപ്പിൽ ഭാരവാഹികളായി പ്രസിഡണ്ട് - മേരി പാലമറ്റം പയ്യംപള്ളി, വൈസ്പ്രസിഡണ്ട് -കുഞ്ഞൂഞ്ഞമ്മ കാട്ടിക്കുളം, സെക്രട്ടറി - ഫിലോ ചേലയ്ക്കൽ ഒണ്ടയങ്ങാടി, ജോ. സെക്രട്ടറി -ലിസി കടമ്പുകാട്ടിൽ അപ്പപ്പാറ, ട്രഷറർ -ലിസി മുഴയൻകാട്ടിൽ ഇടയൂർകുന്ന്. കൗൺസിൽ അംഗങ്ങൾ - അക്കുട്ടി ഇലഞ്ഞിമറ്റം പയ്യമ്പള്ളി, ഏലിയാമ്മ പതിക്കുന്നേൽ പനവല്ലി, റിൻസി മനയാനിപ്പുറത്ത് ആറാട്ടുതറ, ജിജി പരുന്തൻപ്ലാക്കൽ കമ്മന, മേരി കട്ടക്കയം ബാവലി. ശാഖാ സന്ദർശനം നടത്തി ബെസ്റ്റ്ശാഖകളെ കണ്ടെത്തി. പയ്യംമ്പള്ളി, ഒണ്ടയങ്ങാടി, പടമല.

**കല്ലോടി മേഖല**

17.10.15 -ന് വിവിധ ഇടവകകളിൽ നിന്നായി അഞ്ഞൂറോളം അമ്മമാർ പങ്കെടുത്ത ജപമാല റാലി കുഞ്ഞോം കപ്പേളയിൽ ആരംഭിച്ച് നിരവിൽപുഴ ദേവാലയത്തിൽ സമാപിച്ചു. റവ.ഫാ.ഫ്രാൻസിസ് മൂന്നാനാൽ വി. ബലിയർപ്പിച്ചു. 23-10-15 ന് ദീപ്തിഗിരി ശാഖയിൽ വെച്ച് ഭാരവാഹികൾക്കുള്ള സെമിനാറും തിരഞ്ഞെടുപ്പും നടത്തി. രൂപതാ ടീം അംഗം ശ്രീമതി ഷീന ഭാരവാഹികൾക്കുള്ള സെമിനാറിന് നേതൃത്വം നൽകി. പ്രസിഡണ്ട് - ഗ്രേസി മച്ചുകുഴിയിൽ, വൈസ്പ്രസിഡണ്ട് - മോളി തോപ്പിൽ, സെക്രട്ടറി - ലാലി ജെയ്സൻ വടക്കൻ, ജോ. സെക്രട്ടറി -എൽസി പാനിലത്ത്, ട്രഷറർ -ലിസി മാത്യു മുണ്ടയ്ക്കാമറ്റത്തിൽ

**നടവയൽ മേഖല**

12-9-15 ന് മേഖലാ തലത്തിൽ സമർപ്പിതരെ ആദരിക്കുകയും നടവയൽ ഇടവകയിൽ വെച്ച് ജപമാല റാലി നടത്തുകയും ചെയ്തു. പ്രസിഡണ്ട് - ലില്ലി ഇടപ്പുളവിൽ കേണിച്ചിറ, വൈസ്പ്രസിഡണ്ട്-ഷൈജി പുത്തൂർ വാളവയൽ, സെക്രട്ടറി - ജയ ഇടശ്ശേരി നടവയൽ, ജോ. സെക്രട്ടറി -മേഴ്സി കദളിക്കാട്ടിൽ വിളമ്പുകണ്ടം, ട്രഷറർ-ജാസ്മിൻ മരിയ കുറുമ്പാലക്കോട്ട. കൗൺസിലേഴ്സ് ലില്ലി കാരിക്കൊമ്പിൽ, ഷേർളി അടിയാനായിൽ, സൂസൻ കാരിക്കൽ.

**ചുങ്കക്കുന്ന് മേഖല**

3-11-15 ന് ചുങ്കക്കുന്ന് മേഖലാ ജനറൽബോഡിയും പുതിയ ഭരണ സമിതി തിരഞ്ഞെടുപ്പും നടത്തി. മേഖലാ മൽസരങ്ങളെക്കുറിച്ചും വാർഷികത്തെക്കുറിച്ചും ചർച്ച ചെയ്തു. പ്രസിഡണ്ട് - വൽസമ്മ തട്ടാപറമ്പിൽ ചുങ്കക്കുന്ന്, വൈസ്പ്രസിഡണ്ട് -മേഴ്സി നെല്ലിമല വെള്ളൂന്നി, സെക്രട്ടറി - റോസമ്മ കാക്കനാട്ട് കൊട്ടിയൂർ, ജോ. സെക്രട്ടറി -ജെയ്നി കൊച്ചുവെമ്പള്ളിൽ പാൽചുരം, ട്രഷറർ -മിനി

കളത്തിൽ അടക്കാത്തോട്. കൗൺസിലേഴ്സ് കത്രിക്കുട്ടി മണ്ണൂക്കള ത്തിൽ കേളകം, ഷൈനി തൊണ്ടംകുളം നെല്ലിയോടി, ജിഷ തൂമ്പുങ്കൽ ഒറ്റപ്ലാവ്, മെറിൻ കുള്ളിയിൽ ശാന്തിഗിരി.

**നടവയൽ**

ഭവന നിർമ്മാണത്തിന് ധന സഹായം നൽകി. നവംബറിൽ നടക്കുന്ന ധ്യാനത്തിനായി 200 അമ്മമാരുടെ ജപമാല സംഖ്യം സ്ഥാപിച്ചു. അമ്മമാർ വീടുകളിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു. കുടുംബങ്ങളിൽ പച്ചക്കറി, വാഴ, കോഴി, ഇവ വളർത്തുവാൻ തീരുമാനിച്ചു.

**ഒണ്ടയങ്ങാടി**

9.10.15 –ന് ശാഖാ ഇലക്ഷൻ നടത്തി. കരുണാഭവൻ സന്ദർശിച്ച് വസ്ത്രങ്ങളും ഭക്ഷ്യസാധനങ്ങളും നൽകി. പ്രിൽ സോപ്പുപൊടി നിർമ്മിച്ച് വിറ്റുകിട്ടിയ തുക വിവാഹത്തിനും, പഠനത്തിനും, ചികിത്സാ സഹായത്തിനുമായി നൽകി. ഏലത്തൈ വിതരണം ചെയ്തു. ആക്രി സാധനങ്ങൾ ശേഖരിച്ച് ലഭിച്ച തുക ജീവകാരുണ്യ പ്രവർത്തനത്തിന് വിനിയോഗിച്ചു.

**പൂളപ്പാടം**

ഫാ.ജോബി സി.എസ്.ടി അമ്മമാർക്ക് ക്ലാസ് എടുത്തു. ചൊള്ളാപ്പടിക്കൽ മനോജ് ജിജി ദമ്പതികളുടെ നാലാമത്തെ കുഞ്ഞിന് സമ്മാനം നൽകി. ബൈബിൾ പകർത്തിയെഴുത്ത് മൽസരത്തിൽ 7 പേർ പങ്കെടുത്തു.

**കാവുമന്ദം**

വി.കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷിച്ചു. ജാഗരണ പ്രാർത്ഥനയ്ക്ക് നേർച്ച ഭക്ഷണം തയ്യാറാക്കി നൽകി. 18–ന് സി.ജയ കുട്ടികളുടെ വ്യക്തിത്വവികാസത്തിൽ അമ്മമാർക്കുള്ള പങ്കിനെപ്പറ്റി ക്ലാസ്സെടുത്തു.

**കരിമ്പിൽ**

കാട്ടിമൂല സ്നേഹാലയം സന്ദർശിച്ച് ഭക്ഷ്യസാധനങ്ങൾ നൽകി. വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. രൂപതാ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചൻ മാതാപിതാക്കൾക്ക് സെമിനാർ നടത്തി. മേഖലയുടെ ആഭിമുഖ്യത്തിൽ നടന്ന ജപമാല റാലിയിൽ പങ്കെടുത്തു.

**പടമല**

5 കുടുംബങ്ങൾ ചേർന്ന് എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. എല്ലാ ദിവസവും ഒരു ജപമാല വ്യക്തിപരമായി ചൊല്ലി കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനായി കാഴ്ച്ച വെച്ചു.

| 2016 – ലെ കോഴ്സുകൾ | | | | |
|---|---|---|---|---|
| **Month** | **Date** | **Starting Time** | **Closing Time** | **Venue** |
| January | 10-13 | 9.00am | 2.00pm | Pastoral Centre, Dwaraka |
| | 28-31 | 9.00am | 2.00pm | Pastoral Centre Dwaraka |
| February | 21-24 | 9.00am | 2.00pm | Pastoral Centre, Dwaraka |
| March | 04-07 | 4.30pm | 2.00pm | Manimooly |
| | 18-21 | 9.00am | 2.00pm | Pastoral Centre, Dwaraka |
| April | 03-06 | 9.00am | 2.00pm | Pastoral Centre, Dwaraka |
| | 22-25 | 9.00am | 2.00pm | Pastoral Centre, Dwaraka |
| May | 22-25 | 9.00am | 2.00pm | Pastoral Centre, Dwaraka |
| June | 24-27 | 9.00am | 2.00pm | Pastoral Centre, Dwaraka |
| July | 24-27 | 9.00am | 2.00pm | Pastoral Centre, Dwaraka |
| August | 07-10 | 9.00am | 2.00pm | Pastoral Centre, Dwaraka |
| | 26-29 | 9.00am | 2.00pm | Pastoral Centre, Dwaraka |
| September | 09-12 | 9.00am | 2.00pm | Pastoral Centre, Dwaraka |
| October | 07-10 | 9.00am | 2.00pm | Pastoral Centre, Dwaraka |
| | 28-31 | 9.00am | 2.00pm | Pastoral Centre, Dwaraka |
| November | 18-21 | 9.00am | 2.00pm | Pastoral Centre, Dwaraka |
| December | 04-07 | 9.00am | 2.00pm | Pastoral Centre, Dwaraka |
| | 09-12 | 4.30pm | 2.00pm | Manimooly |
| | 27-30 | 9.00am | 2.00pm | Pastoral Centre, Dwaraka |

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ് 6-11-2015**

നവംബർ 6 ആദ്യവെള്ളി 3 pm ന് സിയോൻ ശുശ്രൂഷകർ ധ്യാന കേന്ദ്രത്തിൽ സമ്മേളിച്ചു. പൊതുവായ ചർച്ചകൾക്കുശേഷം 4 മണിക്ക് ആദ്യശനി കൺവെൻഷന്റെ ഒരുക്കശുശ്രൂഷകൾ ആരംഭിച്ചു. 6 മണിക്ക് ആരംഭിച്ച ജാഗരണ പ്രാർത്ഥന 12 മണിക്ക് അവസാനിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ 7-11-2015**

ഏകദിന കൺവെൻഷനുവേണ്ടിയുള്ള ഒരുക്കശുശ്രൂഷ 6 മണിക്ക് ആരംഭിച്ചു. വെഞ്ചരിപ്പ്, ജപമാല പ്രദക്ഷിണം ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നടത്തി. 8.45 ന് ആരംഭമിട്ട കൺവെൻഷനിൽ റവ. ഡോ. ജോസഫ് തൊണ്ടിപറമ്പിൽ പ്രഭാഷണം നടത്തി. വി. കുർബാന അർപ്പിച്ചു. അനുഭവസാക്ഷ്യം, ദിവ്യകാരുണ്യ ആരാധന ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവ നടത്തി. ബഹു. മാത്യു മൂത്തേടത്തച്ചനോടൊപ്പം റവ. ഫാ. സോണി വാഴക്കാട്ട്, റവ. ഫാ. മൈക്കിൾ വടക്കേമുളഞ്ഞ നാൽ എന്നീ വൈദികർ സഹശുശ്രൂഷകരായി. സമർപ്പിതരെ പ്രത്യേക മായി അനുസ്മരിച്ച് പ്രാർത്ഥന നടത്തി. 3.30 ന് കൺവെൻഷൻ സമാ പിച്ചു.

**രണ്ടാംശനി ദമ്പതി കൂട്ടായ്മ 14-11-2015**

30 ദമ്പതികൾ പങ്കെടുത്ത ഈ കൂട്ടായ്മയിൽ റവ. ഫാ. സന്തോഷ് തലച്ചിറ വി. കുർബാന അർപ്പിച്ച് 'ദൈവമനുഷ്യസ്നേഹവും, വിശ്വസ്ത തയും' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്ത് വചനം പങ്കുവെച്ചു. ആരാധന, ഷെയറിംഗ് എന്നിവയ്ക്കുശേഷം കൂട്ടായ്മ സമാപിച്ചു.

**രണ്ടാംശനി യുവജന കൂട്ടായ്മ 14-11-2015**

ജീസസ് യൂത്തിന്റെ രണ്ടാംശനിയാഴ്ചത്തെ ശുശ്രൂഷയ്ക്ക് ഒരുക്കമായി രണ്ടാം വെള്ളി ജാഗരണപ്രാർത്ഥന നടത്തി. രണ്ടാം ശനി പ്രഭാതത്തിൽ ജപമാലയോടെ യുവജനങ്ങളുടെ പ്രാർത്ഥനാ സമ്മേളനം

ആരംഭിച്ചു. 9 മണിക്ക് Praise & Worship കുരിശിന്റെ വഴി തുടർന്ന് റവ.ഫാ. സോണി വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ആരാധനയ്ക്ക് ശേഷം 3.30 ന് ശുശ്രൂഷ അവസാനിച്ചു.

**രണ്ടാംശനി – സ്പിരിച്വൽ ഷെയറിംഗ് ദിനം – 14–11–2015**

രണ്ടാം വെള്ളിയാഴ്ച എല്ലാ സ്പിരിചൽ ഡിറക്ടേഴ്സും പ്രാർത്ഥിച്ച് ഒരുങ്ങി നവംബർ 14 രണ്ടാം ശനി കൗൺസിലിംഗ് ശുശ്രൂഷ നടത്തി. 90 പേർ ശുശ്രൂഷയിൽ പങ്കുചേർന്നു.

**സിയോൻ ഡിസംബർ മാസത്തിൽ**

| | | |
|---|---|---|
| ഡിസംബർ 4 ആദ്യവെള്ളി | – | സോണൽ മീറ്റിംഗ് |
| ഡിസംബർ 5 ആദ്യശനി | – | ഏകദിന കൺവെൻഷൻ |
| ഡിസംബർ 12 രണ്ടാംശനി | – | ദമ്പതീ കൂട്ടായ്മ |
| | – | യുവജനദിനം |
| | – | സ്പിരിച്ച്വൽ ഷെയറിംഗ് ദിനം |
| ഡിസംബർ 18 മൂന്നാം വെള്ളി | – | ജാഗരണ പ്രാർത്ഥന |
| ഡിസംബർ 19 മൂന്നാം ശനി | – | സിസ്റ്റേഴ്സിന്റെ പ്രാർത്ഥനാദിനം |
| ഡിസംബർ 26 നാലാം ശനി | – | സൗഖ്യദിനം |
| ഡിസംബർ 13–17 | – | ആന്തരികസൗഖ്യ ധ്യാനം |

**ഡയറക്ടർ**
സീയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീസഹോദരങ്ങളെ...

"എന്തെന്നാൽ, നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും; വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും."

ഡിസംബർ മാസം പരിശുദ്ധ കന്യകാമാതാവിന്റെ അമലോത്ഭവ തിരുനാൾ –ഡിസംബർ 8. രക്ഷകനായ യേശുനാഥന്റെ പിറവിതിരുനാൾ എന്നിങ്ങനെയുള്ള ആഘോഷങ്ങളാണല്ലോ. എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും സമാഗതമാകുന്ന ക്രിസ്തുമസ് മംഗളങ്ങൾ നേരുന്നു, ഒപ്പം പുതുവർഷ പുലരിയുടെ മംഗളങ്ങളും നേരുന്നു.

25 നോമ്പിന്റെയും, പരിത്യാഗത്തിന്റെയും, പ്രാർത്ഥനയുടെയും ദിനങ്ങളാൽ നിറഞ്ഞ ഡിസംബർ മാസത്തിൽ പരസ്നേഹകാരുണ്യ പ്രവർത്തനങ്ങളിലൂടെ സ്നേഹാരൂപിയിൽ പങ്കുവെപ്പിന്റെ മാതൃക ജീവിതസാക്ഷ്യത്തിലൂടെ മറ്റുള്ളവർക്ക് മാതൃകയാകുവാൻ, സംഘടനയുടെ സ്വർഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെയും, സ്ഥാപകനായ വാ. ഫ്രെഡറിക് ഓസാനാമിന്റെയും ശക്തമായ മാദ്ധ്യസ്ഥത്തിൽ പരി. അമ്മയോട് ചേർന്ന് നമുക്കൊരുമിച്ച് കൈകൾ കോർത്ത് അപേക്ഷിച്ച് ഒരുങ്ങാം.

ഡിസംബർ 8 പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാൾ ദിനത്തിൽ ഇടവകകളിൽ സമുചിതമായി ആഘോഷിക്കുകയും അന്നേ ദിവസം എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും തിരുസഭയ്ക്കും, പരി. പിതാവിനും, സംഘടനയുടെ വളർച്ചയ്ക്കും, മാതൃരാജ്യത്തിനും, ലോക സമാധാനത്തിനുംവേണ്ടി വിശുദ്ധ കുർബാനയിൽ പ്രത്യേകം നിയോഗം വെച്ച് പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

ക്രിസ്തുമസിനോടനുബന്ധിച്ച് ബഹു. ആത്മീയോപദേഷ്ടാവുമായി ആലോചിച്ച് ഓരോ കോൺഫറൻസും തങ്ങൾക്ക് സൗകര്യ

പ്രദമായ ദിവസം ദത്തുകുടുംബങ്ങളെയും ചേർത്ത് ക്രിസ്തുമസ് ആഘോഷം നടത്തണമെന്ന് താൽപര്യപ്പെടുന്നു.

കോൺഫറൻസ് അംഗങ്ങൾക്ക് 'ക്രിസ്തുമസ് ഫ്രണ്ടിനെ' തിരഞ്ഞെടുക്കുകയും പരസ്പരം പ്രാർത്ഥിക്കുകയും ക്രിസ്തുമസ് സമ്മാനങ്ങൾ കൈമാറുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**കാരുണ്യവർഷം**

2015 ഡിസംബർ 8 മുതൽ ഒരു വർഷത്തേക്ക് പരി. പിതാവ്, ഫ്രാൻസീസ് പാപ്പ "കരുണയുടെ അസാധാരണ ജൂബിലി വർഷ"മായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. വിൻസെൻഷ്യൻ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം പരി. പിതാവിന്റെ ഈ ആശയം ഉൾകൊണ്ട് അതീവ തീക്ഷ്ണതയോടും ഊർജ്ജസ്വലമായും പാവപ്പെട്ടവരിലേക്ക് നമ്മുടെ സമ്പത്തിന്റെയും സമയത്തിന്റെയും ഒരു ഓഹരി പങ്കുവെച്ചു കൊണ്ട് മാതൃകയാകുവാൻ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരേയും പ്രത്യേകം ഓർമ്മിപ്പിക്കുകയും എല്ലാവിധ ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു.

**പുതിയ കോൺഫറൻസ്**

പയ്യമ്പള്ളി ഏരിയ കൗൺസിലിന്റെ കീഴിൽ എടയൂർക്കുന്ന് വി.ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ നാമധേയത്തിലുള്ള ദേവാലയത്തിൽ 8-11-2015 ന് ദിവ്യബലിക്കുശേഷം ഇടവക വികാരി ബഹു. റവ. ഫാ. ജോസ് കൂവക്കൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സിസി ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയം കുന്നേൽ "വിൻസെൻഷ്യൻ പ്രവർത്തനം സമൂഹത്തിന്റെ താങ്ങും തണലും" എന്നതിനെ ആസ്പദമാക്കി വിപുലമായ ക്ലാസ്സ് നൽകി കൊണ്ട് സംസാരിച്ചു. ബ്രദർ ജോസ് കാരക്കട, പയ്യമ്പള്ളി ഏസി പ്രസി ഡണ്ട് മറ്റ് ഭാരവാഹികളും പങ്കെടുത്തു. വി. ചാവറകുര്യാക്കോസ് ഏലി യാസ് അച്ചന്റെ നാമധേയത്തിൽ പുതിയ കോൺഫറൻസ് രൂപീകരിച്ചു.

ബ്രദർ സാബു ചെണ്ടൻകുളം - പ്രസിഡണ്ട്
Mob: 9947278864
റവ. ഫാ. ജോസ് കൂവയ്ക്കൽ - ആത്മീയോപദേഷ്ടാവ്

20 അംഗങ്ങളുള്ള പുതിയ കോൺഫൻസ് രൂപീകരിക്കുന്നതിന് മുൻകൈ എടുത്ത ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ബ്രദർ ജോസ് കാരക്കട എന്നിവരേയും കോൺഫറൻസ് രൂപീകരിക്കുന്നതിന് എല്ലാ വിധ സഹായസഹകരണങ്ങളും ഒരുക്കി നിറസാന്നിദ്ധ്യത്താൽ സഹ കരിച്ച വികാരി ബഹു. റവ. ഫാ. ജോസ് കൂവയ്ക്കൽ അച്ചനേയും ഇടവക സമൂഹത്തേയും പ്രത്യേകം ഓർക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

**സിസി യോഗം**

2015 ഒക്ടോബർ 31 -ാം തീയതി ഓസ്സാനാംഭവനിൽ വെച്ച് ബ്രദർ തോമസ് മാങ്ങൻ, സിസി പ്രസിഡണ്ട് അദ്ധ്യക്ഷതയിൽ ബഹു. റവ. ഫാ. വർഗ്ഗീസ് മുളകുടിയാങ്കൽ, സിസി ആത്മീയോപദേഷ്ടാവ് സാന്നിദ്ധ്യത്തിൽ ഓസ്സാനാംഭവനിൽ ചേർന്ന സിസി യോഗത്തിലെ ചില തീരുമാനങ്ങൾ :-

1. ഓസ്സാനാംഭവനിൽ അവശരായ നിരാലംബരെ മാത്രമേ അന്തേവാസികളായി സ്വീകരിക്കുകയുള്ളൂ.
2. വിദേശ ട്വിന്നിംഗ് ഇനിമുതൽ ഏസിയുടെ ബാങ്ക് അക്കൗണ്ടിൽ മാത്രം നൽകുന്നതാണ്. ഒരാഴ്ചക്കകം കോൺഫറൻസുകൾക്ക് നൽകി, രണ്ടാഴ്ചക്കകം കോൺഫറൻസുകളുടെ ഓസ്സാനാംഭവൻ ദത്തു കുടുംബ വിഹിതം സിസിയിൽ എത്തിക്കേണ്ടതാണ്.
3. മാർഗ്ഗദീപം, വില 30 രൂപ. കോൺഫറൻസിന് ഒന്ന് വീതമെങ്കിലും ഏസികൾക്ക് അഞ്ച് എണ്ണം വീതമെങ്കിലും വാങ്ങി സൂക്ഷിക്കുക.
4. 2016 ഡയറി വില 50 രൂപ. ഒരു കോൺഫറൻസുള്ള ഇടവകയിൽ രണ്ടെണ്ണം. കൂടുതൽ കോൺഫറൻസുകളുണ്ടെങ്കിൽ ആനുപാതികമായി എണ്ണം കൂടും.
5. യുവജന/വനിത പ്രതിനിധി സെമിനാർ കോഴിക്കോട് വെച്ച് 2015 ഡിസംബർ 12-ാം തീയതി.
6. യുവജന മത്സരങ്ങൾ

| | | |
|---|---|---|
| സിസി തലം | - | 2015 ഡിസംബർ 19ന് നടവയലിൽ വെച്ച് |
| KRCC തലം | - | 2016 ജനുവരി 09 ന് എറണാകുളം/കോട്ടയം |

**ഓസാനാം ഭവൻ രാത്രിസേവനം**

**പുൽപ്പള്ളി ഏസി**

| | | |
|---|---|---|
| 14-12-2015 | സെന്റ് മേരീസ് | മരകാവ് |
| 15-12-2015 | സെന്റ് തെരേസ | ഇരുളം |
| 16-12-2015 | സെന്റ് ആഗ്നസ് | മുള്ളൻകൊല്ലി |
| 17-12-2015 | സെന്റ് സെബാസ്റ്റ്യൻ | ഇരുളം |
| 18-12-2015 | സെന്റ് മേരീസ് | മുള്ളൻകൊല്ലി |
| 19-12-2015 | സെന്റ് സെബാസ്റ്റ്യൻ | ആടിക്കൊല്ലി |
| 20-12-2015 | സെന്റ് ജൂഡ് | അമരക്കുനി |
| 21-12-2015 | ഇൻഫന്റ് ജീസസ് | പട്ടാണിക്കൂപ്പ് |
| 22-12-2015 | സാന്തോം | മരക്കടവ് |

**തരിയോട് ഏസി**

| | | |
|---|---|---|
| 23-12-2015 | സെന്റ് ഫ്രാൻസീസ് അസ്സീസി | മഞ്ഞൂറ |
| 24-12-2015 | സെന്റ് തെരേസ | തരിയോട് |
| 25-12-2015 | സെന്റ് തോമസ് (യൂത്ത്) | തരിയോട് |
| 26-12-2015 | സെന്റ് തോമസ് | ചെന്നലോട് |
| 27-12-2015 | സെന്റ് അൽഫോൻസ | കാവുംമന്ദം |
| 28-12-2015 | സെന്റ് ജോർജ്ജ് | കോട്ടത്തറ |
| 29-12-2015 | സെന്റ് മേരീസ് | ചെന്നലോട് |

**തോണിച്ചാൽ ഏസി**

| | | |
|---|---|---|
| 30-12-2015 | ലിറ്റിൽ ഫ്ളവർ | ചെറുകാട്ടൂർ |
| 31-12-2015 | സെന്റ് അൽഫോൻസ | ദ്വാരക |
| 01-01-2016 | സെന്റ് ആന്റണി | ദ്വാരക |
| 02-01-2016 | സെന്റ് ജൂഡ് | തോണിച്ചാൽ |
| 03-01-2016 | സെന്റ് മേരീസ് | തോണിച്ചാൽ |
| 04-01-2016 | സെന്റ് തെരേസ | കൊമ്മയാട് |

**വാഴവറ്റ ഏസി**

| | | |
|---|---|---|
| 05-01-2016 | സെന്റ് ജോസഫ് | ബാലേശുഗിരി |
| 06-01-2016 | അമലോത്ഭവ മാതാ | വാഴവറ്റ |
| 07-01-2016 | സെന്റ് ഡൊമിനിക് സാവിയോ | വാഴവറ്റ |
| 08-01-2016 | സെന്റ് ജോർജ്ജ് | കൊളവയൽ |
| 09-01-2016 | സെന്റ് ജോസഫ് | തെനേരി |
| 10-01-2016 | സെന്റ് മേരീസ് | തെനേരി |
| 11-01-2016 | സെന്റ് സെബാസ്റ്റ്യൻ | വാഴവറ്റ |
| 12-01-2016 | ക്രിസ്തുരാജ | കരണി |

**ഓസ്സാനാംഭവൻ സന്ദർശനം**

**കല്ലോടി ഏസി**

| | | |
|---|---|---|
| 17-12-2015 | സെന്റ് തോമസ് | ദീപ്തിഗിരി |
| 19-12-2015 | സെന്റ് അൽഫോൻസ | ദീപ്തിഗിരി |
| 21-12-2015 | സെന്റ് തോമസ് | വഞ്ഞോട് |
| 23-12-2015 | സെന്റ് അൽഫോൻസ | മക്കിയാട് |

| | | |
|---|---|---|
| 25-12-2015 | സെന്റ് ബെനഡിക്ട് | മക്കിയാട് |
| 27-12-2015 | സെന്റ് ആന്റണി | കുഞ്ഞോം |
| 29-12-2015 | സെന്റ് മേരീസ് | പുതുശ്ശേരി |
| 31-12-2015 | സെന്റ് ജോർജ്ജ് | കല്ലോടി |
| **കൽപ്പറ്റ ഏസി** | | |
| 02-01-2016 | സെന്റ് മേരീസ് (വ) | വൈത്തിരി |
| 04-01-2016 | സെന്റ് മേരീസ് | നെടുമ്പാല |
| 06-01-2016 | സെന്റ് ജൂഡ് | കൽപ്പറ്റ |
| 08-01-2016 | സെന്റ് മേരീസ് (പു) | വൈത്തിരി |
| 10-01-2016 | സെന്റ് മേരീസ് | പുഴമുടി |
| 12-01-2016 | സെന്റ് ക്ലാരറ്റ് | ചാരിറ്റി |
| 14-01-2016 | സെന്റ് മേരീസ് | കൽപ്പറ്റ |
| 16-01-2016 | സെന്റ് ജോസഫ് | റിപ്പൺ |
| 18-01-2016 | സെന്റ് ജോൺപോൾ II | തൃക്കൈപ്പറ്റ |

എല്ലാവർക്കും ഒരിക്കൽക്കൂടി എല്ലാ ഭാവുകങ്ങളും, ക്രിസ്തുമസ്, പുതുവത്സര മംഗളങ്ങളും നേർന്നുകൊണ്ട് പ്രാർത്ഥനയോടെ സഹോദരൻ.

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി മൺകയ്യാല നിർമ്മാണം, കല്ല് കയ്യാല നിർമ്മാണം, നീർക്കുഴി നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ 58855 ക്യൂബിക് മീറ്റർ കല്ല് കയ്യാല 7108 ക്യൂബിക് മീറ്റർ മൺ കയ്യാല 460 നീർക്കുഴികൾ എന്നിവ നിർമ്മിച്ചു. കൂടാതെ 30 കുടുംബങ്ങൾക്ക് പശുവളർത്തലിന് 2000 രൂപ സാമ്പത്തികസഹായവും 131 കുടുംബങ്ങൾക്ക് 5000 രൂപ വീതം സാമ്പത്തിക സഹായവും അനുവദിച്ചു. 2 മെഡിക്കൽ ക്യാമ്പ്, 11 വിള പരിപാലന പരിശീലനങ്ങൾ, 04 ആരോഗ്യ ബോധവത്ക്കരണ സെമിനാറുകൾ എന്നിവ നടത്തി.

**പങ്കെടുത്തു**

സംസ്ഥാന വ്യവസായ വകുപ്പ് കോഴിക്കോട് വ്യവസായ കേന്ദ്രത്തിൽ വച്ച് നടത്തിയ ദ്വിദിനശില്പശാലയിൽ WSSS പ്രോഗ്രാം ഓഫീസർ ജോസ് പി.എ പങ്കെടുക്കുകയും സംരംഭകർക്കായി ക്ലാസ് എടുക്കുകയും ചെയ്തു.

കേരള സോഷ്യൽ സർവ്വീസ് ഫോറം കോട്ടയത്തുവെച്ച് കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട പദ്ധതി രൂപീകരണയോഗത്തിൽ ജോസ് പി. എ. പങ്കെടുത്തു.

**നബാർഡ് ചീഫ് ജനറൽ മാനേജർ സന്ദർശിച്ചു.**

2015 ഒക്ടോബർ 21-ാം തീയതി നബാർഡ് ചീഫ് ജനറൽ മാനേജർ ശ്രീ. രമേഷ് ടെൻങ്കിൽ WSSS സന്ദർശിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡുമായി സഹകരിച്ചു നടപ്പിലാക്കിവരുന്ന വിവിധ വികസന പദ്ധതികൾ അദ്ദേഹം വിലയിരുത്തി. കൂടാതെ വയനാട്ടിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഉത്പാദകസംഘങ്ങളെക്കുറിച്ച് വിശദമാക്കി. വയനാട്ടിലെ മറ്റ് സന്നദ്ധസംഘടനകളിലെ ഭാരവാഹികളും യോഗത്തിൽ പങ്കെടുത്തു. ചീഫ് ജനറൽ മാനേജറിന് പുറമേ ജില്ലാ ജനറൽ മാനേജർ എൻ. എസ്. സജികുമാർ അസിസ്റ്റന്റ് മാനേജർ പൊന്നമ്പലം എന്നിവരും പങ്കെടുത്തു.

**ഉദ്ഘാടനം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഫീസിനോട് ചേർന്ന് പുതുതായി നിർമ്മാണം പൂർത്തിയാക്കിയ പരിശീലന കേന്ദ്രത്തിന്റെ ഉത്ഘാടനം 2015 ഒക്ടോബർ 31 ന്, മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം നിർവഹിച്ചു. വയനാട് ജില്ലയിലെ ഭിന്ന ശേഷിയുള്ളവർക്ക് വിവിധ തരത്തിലുള്ള സാങ്കേതിക തൊഴിൽ പരിശീലനം നൽകുക എന്ന ഉദ്ദേശത്തോടെ ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസിന്റെ സാമ്പത്തിക സഹായത്തോടെയാണ് പരിശീലന കേന്ദ്രം നിർമ്മിച്ചത്. 200 പേർക്ക് ഇരിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഹാൾ, 25 പേക്ക് താമസിക്കുവാൻ സാധിക്കുന്ന നാല് മുറികൾ, അടുക്കള, ടോയ്ലറ്റുകൾ എന്നിവയാണ് പരിശീലനകേന്ദ്രത്തിലുള്ള സൗകര്യങ്ങൾ കൂടാതെ WSSS ന്റെയും പ്രാദേശിക സംഘങ്ങളുടെയും വൈവിധ്യങ്ങളായ ഉത്പന്നങ്ങൾ വിൽപന നടത്തുന്നതിനായി മൂന്ന് കടകളും പരിശീലനകേന്ദ്രത്തോട് ചേർന്ന് നിർമ്മിച്ചിട്ടുണ്ട്. ഇവിടെ നിന്നുള്ള ഉത്പന്നങ്ങളും ആദ്യ വില്പന ഇത്ഘാടനവും ജോസ് പിതാവ് നിർവഹിച്ചു. റവ. ഫാ തോമസ് ജോസഫ് തേരകം, റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, റവ. ഫാ ജോസഫ് പരുവുമ്മേൽ, റവ. ഫാ മനോജ് കാക്കോനാൽ, റവ. ഫാ ബിജോ കറുകപ്പള്ളിൽ, WSSS പ്രോഗ്രാം ഓഫീസർ ജോസ് പി. എ എന്നിവർ സംസാരിച്ചു.

**ഒ. പി അബ്രാഹത്തിന് കൃതജ്ഞത**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ 4 ഘട്ടങ്ങളിലായി കഴിഞ്ഞ 16 വർഷത്തോളം പ്രോഗ്രാം കോ-ഓഡിനേറ്റർ, ജനറൽ കോ-ഓഡിനേറ്റർ, പ്രോഗ്രാം ഓഫീസർ, ജലനിധി ടീം ലീഡർ എന്നീ പദവികളിൽ സേവനം ചെയ്തു വന്നിരുന്ന ശ്രീ. ഒ. പി അബ്രഹാം ജലനിധിയുടെ സംസ്ഥാന ടീമിൽ ജോലി ലഭ്യമായതിനാൽ WSSS ൽ നിന്നും വിരമിച്ചിരിക്കുകയാണ്. ശ്രീ. ഒ. പി. അബ്രാഹമിന് WSSS കുടുംബത്തിന്റെ കൃതജ്ഞത അർപ്പിക്കുന്നതോടൊപ്പം പുതിയ പ്രവർത്തന മേഖലയിൽ എല്ലാ വിജയങ്ങളും നേരുന്നു.

**ജനകീയ സംഘാടനം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സോഷ്യൽ വെൽഫെയർ സൊസൈറ്റികൾ വനിതാ സ്വാശ്രയ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു വരുന്നു. 7 പദ്ധതി വിശദീകരണയോഗങ്ങൾ നടത്തി, 8 പദ്ധതികൾ തയ്യാറാക്കിയതിൽ 4 ഗ്രൂപ്പുകൾക്ക് ലോൺ ലഭിച്ചു. ഒക്ടോബർ 14ന്

സെക്രട്ടറിമാരുടെ യോഗവും 20 ന് സി.ഡി.ഒ യോഗവും നടന്നതിൽ 75 ഓളം ആളുകൾ പങ്കെടുത്തു. SWS മീറ്റിംഗ്, സോപ്പ് സോപുൽപന്നങ്ങളുടെ പരിശീലനം, PSS, SWS, WSHG ഓഡിറ്റിംഗ് എന്നിവ യഥാക്രമം നടന്നുവരുന്ന 4 ഗ്രൂപ്പുകളിലായി ഏകദേശം 6 ലക്ഷത്തോളം രൂപ വായ്പയായി ലഭിച്ചു.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹ്യ സംഘടനയായ കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടുപോകുന്നു.

**ക്ഷേമനിധി**

കേരള ടൈയിലേഴ്സ് വർക്കേഴസ് ഫോറത്തിന്റ (KTWF) പുതിയ രജിസ്ട്രേഷൻ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ നവംബർ 27 വെള്ളിയാഴ്ച 9.30 ന് WSSS ഓഡിറ്റോറിയത്തിൽ നടക്കും. ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

**കേരള ചെറുകിട തോട്ടം തൊഴിലാളി ഫോറം ( KCTTF )**

കേരള ചെറുകിട തോട്ടം തൊഴിലാളി ഫോറത്തിൽ 55 പേരുടെ അംശാദായം ഈ മാസം ക്ഷേമനിധി ഓഫീസിൽ അടച്ചു. 2015 ലെ അംശാദായം അടക്കാത്തവർ എത്രയും പെട്ടെന്ന് അടയ്ക്കുവാൻ ശ്രദ്ധിക്കണം.

**സ്വാവലംബൻ (സുരക്ഷപദ്ധതി)**

സ്വാവലംബൻ, സുരക്ഷാപദ്ധതിയിൽ അംഗങ്ങളായവരുടെ പുതുക്കൽ നടപടികൾ ആരംഭിച്ചു. ജനവരി 30 ന് മുൻപ് എല്ലാ ഇടവകയിലെയും സ്വാവലംബൻ അംഗങ്ങളും പ്രീമിയം അടച്ച് പുതുക്കേണ്ടതാണ്.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാനിൽ പുതുതായി 25 കുടുംബങ്ങളെ കൂടി തിരഞ്ഞെടുക്കുന്നു. ഇതിലേക്കായി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ ഇടവകകളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നു. കഴിഞ്ഞ മാസം ലഭിച്ച 20 കുടുംബങ്ങളുടെ തിരഞ്ഞെടുപ്പ് പുരോഗമിക്കുന്നു.

നവംബർ മാസം 11-ാം തീയതി സേവ എ ഫാമിലി പ്ലാൻ ഇൻഡ്യ ഓഫീസ് കാലടിയിൽവച്ച് സേവ് എ ഫാമിലി പ്ലാൻ സുവർണ്ണജൂബിലി സമാപന സമ്മേളനം നടക്കുന്നതായിരിക്കും.

**ദേശീയ ബയോ - ഗ്യാസ് വികസന പദ്ധതി**

വാളാട്, കുളത്താട, തൊളറപ്പാറ, ശശിമല, പുതുശ്ശേരി, പുതിയിടംകുന്ന്, കൂളിവയൽ എന്നീ സ്ഥലങ്ങളിൽ 4 ബയോഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 7 എണ്ണം നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 6 പുതിയ അപേക്ഷകൾ സ്വീകരിച്ചു.

**തെങ്ങിന്റെ ചങ്ങാതികൂട്ടം**

കേന്ദ്ര നാളികേര വികസന ബോർഡിന്റെ നോഡൽ ഏജൻസിയായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ബോർഡിന്റെ സഹകരണത്തോടെ 2015 ഒക്ടോബർ മാസം 5 മുതൽ 10 വരെയും, 26 മുതൽ 31 വരെയും രണ്ടു തെങ്ങുകയറ്റപരിശീലനപരിപാടി നടത്തി. 40 പേർക്ക് ഈ പദ്ധതിയുടെ പരിശീലനം നേടുവാൻ സാധിച്ചു.

**വനിതകൾക്ക് പുതിയ സംരംഭങ്ങൾ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വനിതകൾക്ക് സോപ്പ്, സോപ്പുൽപന്നങ്ങൾ തുടങ്ങിയവ നിർമ്മിച്ച് വിപണനം നടത്തുന്ന പദ്ധതികൾ നടത്തി വരുന്നു. പരിശീലന പരിപാടികൾക്കും ഉൽപന്നങ്ങൾക്കും WSSS ഓഫീസുമായോ 9744943482 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

**വികാസ്പീഡിയ കേരള (മലയാളം) പോർട്ടൽ (www-vikaspediain)**

ഇന്ത്യഗവൺമെന്റിന്റ താൽപര്യപ്രകാരം C.DAC ഇന്ത്യൻ പ്രാദേശിക ഭാഷകളിൽ നടത്തിവരുന്ന വികാസ്പീഡിയ പോർട്ടലിന്റെ കേരളത്തിലെ 'വികാസ് പീഡിയ മലയാളം' പോർട്ടൽ WSSS ന്റെ കീഴിൽ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, ഊർജ്ജം, ഈ - ഭരണം എന്നീ ആറ് വിഷയമേഖലകളിലെ ധാരാളം വിവരശേഖരണം നടത്തി.

ഉള്ളടക്ക ജനകീയ പങ്കാളിത്തത്തിനും ഉപയോഗവിപുലീകരണത്തിനുമായി വിവിധ കേന്ദ്രങ്ങളിൽ വച്ച് ബോധവത്ക്കരണ ക്ലാസ്സുകളും, അംഗത്വക്യാമ്പുകളും സംഘടിപ്പിച്ചു. G.H.S.S.വാടാനകുമ്പാട് തലശ്ശേരി, സെന്റ് ജോസഫ് G.H.S.S.വയനാപറമ്പ്, കണ്ണൂർ, +2വിദ്യാർത്ഥികൾ, അദ്ധ്യാപകർ, മാന്നാനം കെ. ഇ. കോളേജിൽ നിന്നും MSW വിദ്യാർത്ഥികൾ എന്നിവർ ഇതിൽ പങ്കെടുത്തു.

വികാസ് പീഡിയ മലയാളം പോർട്ടലിന്റെ ജനകീയതക്കായി കൂടുതൽ ക്ലാസുകൾക്കും വിവരങ്ങൾക്കും 7025954015 ൽ കോ-ഓർഡിനേറ്ററുമായി ബന്ധപ്പെടുക.

**DDU-GKY**

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യ സ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്ന തിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ് ദിൻ ദയാൻ ഉപധ്യായ ഗ്രാമീൺ കൗശല്യ യോജന (DDU-GKY)തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി 55 ദശലക്ഷം യുവജനങ്ങളെ 2020 ആകുമ്പോഴേക്കും വിവിധമേഖല കളിൽ പ്രായോഗിതരാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഭാരത സർക്കാർ ലക്ഷ്യം വെയ്ക്കുന്നത്. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു.

ഈ പദ്ധതിയുടെ കീഴിൽ WSSS ൽ ഫാഷൻ ഡിസൈനിംഗ്, ഫുഡ് പ്രൊസസ്സിംഗ് എന്നീ കോഴ്സുകൾ നടത്തി വരുന്നു. ഫാഷൻ ഡിസൈനിംഗ് കോഴ്സിൽ 70 വിദ്യാർത്ഥികളും ഫുഡ് പ്രോസസ്സിംഗ് കോഴ്സിൽ 35 വിദ്യാർത്ഥികളും പരിശീലനം നടത്തി വരുന്നു. ഫുഡ്പ്രോസസ്സിംഗിന്റെ പുതിയ ബാച്ചിലേയ്ക്ക് അഡ്മിഷൻ ആരം ഭിച്ചു. താല്പര്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ, WSSS

## MARY MATHA ARTS & SCIENCE COLLEGE

Academic Excellence Day which marks the formal inauguration of the academic activities for the current academic year was celebrated on 29 October 2015 with the usual inter-religious invocation to the almighty God. This is also an occasion to honour all those who have achieved excellence in academic and allied activities. The occasion this year was graced by the Patron of the college, His Excellency Rt Rev Dr Jose Porunnedom, the Bishop of the Diocese of Mananthavady. He gave an inspiring benediction talk on the occasion and gave away the awards and prizes to the achievers. The academic work for the current semester has come to an end and the Semester Examinations of Kannur University have begun.

**Principal**

## റേഡിയോ മാറ്റൊലി 90.4 mhz

**കഥ പറയൽ മത്സരം**

ശിശുദിനത്തോടനുബന്ധിച്ച് വയനാട് ജില്ലയിലെ എൽ.പി. സ്കൂൾ വിദ്യാർത്ഥികൾക്കായി റേഡിയോ മാറ്റൊലി സംഘടിപ്പിച്ച കഥപറയൽ മത്സരത്തിൽ കല്ലോടി സെന്റ് ജോസഫ് യു. പി. സ്കൂളിലെ നാലാം ക്ലാസ് വിദ്യാർത്ഥിനി ഫർഹ നൗറിൻ പി. ഒന്നാം സ്ഥാനത്തിന് അർഹയായി. രണ്ടാം സ്ഥാനം ബത്തേരി ഗ്രീൻ ഹിൽസ് പബ്ലിക് സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർത്ഥിനി ഉപാസന സനോജും മൂന്നാം സ്ഥാനം പയ്യമ്പള്ളി സെന്റ് കാതറിൻസ് ഹയർ സെക്കണ്ടറി സ്കൂൾ മൂന്നാം ക്ലാസ് വിദ്യാർത്ഥിനി ഇവാന ആൻ ബാബുവും കരസ്ഥമാക്കി. വിജയികൾക്കുള്ള സമ്മാനവും സർട്ടിഫിക്കറ്റും ശിശുദിനത്തിൽ അതാത് സ്കൂളുകളിൽ വെച്ച് വിതരണം ചെയ്തു.

**തത്സമയ തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം**

നവംബർ 7 -ാം തിയതി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ഫലവും അവലോകനവും തത്സമയം റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്തു. ശ്രീ.ജോസ് സെബാസ്റ്റ്യൻ, ശ്രീ. ജോസ് പള്ളത്ത്, ലിഷ മേരി ഡിക്രൂസ്, രാജിത്ത് വെള്ളമുണ്ട, ജാസ്മിൻ ജേക്കബ്, നിഖിൽ എബ്രഹാം തുടങ്ങിയവർ ചർച്ചകൾക്കും തത്മസമയ റിപ്പോർട്ടിങ്ങിനും നേതൃത്വം നൽകി.

**നിനക്കായ് എന്റെ ഗാനം**

ശ്രോതാക്കൾ തങ്ങളുടെ ഇഷ്ടപ്പെട്ടവർക്കായി സമർപ്പിക്കുന്ന പ്രിയ ഗാനങ്ങൾ എല്ലാ വെള്ളിയാഴ്ചകളിലും 2 മണിക്ക് ശ്രവിക്കാം.

**നാട്ടുവഴിയിലെ ഈണങ്ങൾ**

നാട്ടുവഴികളിലെ ഈണങ്ങളും വിശേഷങ്ങളും തേടി റേഡിയോ മാറ്റൊലി നടത്തുന്ന സംഗീതയാത്ര എല്ലാ ചൊവ്വാഴ്ചകളിലും 2 മണിക്ക് കേൾക്കാം.

**പാനൽ ചർച്ച**

'കടക്കെണിയിൽപ്പെട്ട കർഷകർക്ക് കൽതുറുങ്കോ?'എന്ന വിഷയത്തെ അടിസ്ഥാനമാക്കി പാനൽ ചർച്ച നടത്തി. ഹരിതസേന ജില്ലാ പ്രസിഡന്റ് ശ്രീ. എം. സുരേന്ദ്രൻ മോഡറേറ്ററായിരുന്നു. മാനന്തവാടി ഗ്രാമീണ ബാങ്ക് മാനേജരായിരുന്ന ശ്രീ. എൻ.യു. ജോൺ, ഇൻഫാം പ്രസിഡന്റ് ശ്രീ. എം. ആർ. പൗലോസ്, കർഷകനായ കുര്യൻ കപ്പിലുമാക്കൽ, എന്നിവർ പങ്കെടുത്തു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# കത്തോലിക്കാ കോൺഗ്രസ് - AKCC

2015 ഒക്ടോബർ 3-ാം തീയതി കോഴിക്കോട് PMOC യിൽ വച്ച് ചേർന്ന AKCC യുടെ സംസ്ഥാനതല പ്രവർത്തക സമിതിയിൽ നമ്മുടെ രൂപതയിൽ നിന്നും പ്രസിഡന്റ് ശ്രീ. പീറ്റർ ഞറളക്കാട്ട്, സെക്രട്ടറി ശ്രീ. സൈമൺ ആനപ്പാറ, ഡയറക്ടർ ഫാ. ചാണ്ടി പുനക്കാട്ട് എന്നിവർ പങ്കെടുത്തു. യൂണിറ്റ് രജിസ്ട്രേഷൻ, ആത്മമിത്രം മൈക്രോ ഫിനാൻസ്, ഭാവി പ്രവർത്തന മാർഗ്ഗരേഖ എന്നിവയൊക്കെ പ്രധാന ചർച്ചാ വിഷയമായിരുന്നു.

**പുതിയ യൂണിറ്റുകൾ**

ദ്വാരക, ഇരുളം, പുതിയിടം, കണിയാംമ്പറ്റ യൂണിറ്റുകൾ സ്ഥാപിച്ച് റിപ്പോർട്ട് അയച്ചു തന്ന ബഹു. വികാരിയച്ചന്മാർക്ക് നന്ദി.

**AKCC രൂപതാ എക്സിക്യൂട്ടീവ്**

ദ്വാരക, AKCC ഓഫീസിൽ 10-10-15 ന് എക്സിക്യൂട്ടീവ് യോഗം ചേർന്നു. 23-10-15 ന് യൂണിറ്റ് ഭാരവാഹികളുടെ സംയുക്ത സമ്മേളനം നടത്തുവാൻ ആവശ്യമായ കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിച്ചു. സമ്മേളനത്തിൽ അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം ഉദ്ഘാടകനും AKCC ജനറൽ സെക്രട്ടറിയെ മുഖ്യ പ്രഭാഷകനുമായി യോഗം നിർദ്ദേശിച്ചു.

**യൂണിറ്റ് പ്രതിനിധി സമ്മേളനം**

ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ യൂണിറ്റ് പ്രതിനിധികളുടെ സമ്മേളനം 23-10-15 ന് നടത്തി. 110 പ്രതിനിധികൾ പങ്കെടുത്തു. പ്രസിഡണ്ട് ശ്രീ. പീറ്റർ ഞരളക്കാട്ട് യോഗം നിയന്ത്രിച്ചു. അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം ഉദ്ഘാടന പ്രസംഗം നടത്തി. AKCC യുടെ കാലികപ്രസക്തിയും, രൂപതയിലെ സംഘടനാ പ്രവർത്തന രീതികളും മാർഗ്ഗനിർദ്ദേശങ്ങളും, ലളിതവും പ്രൗഢവുമായ ഭാഷയിൽ പിതാവ് പ്രസംഗിച്ചു. പിന്നീട് ജനറൽ സെക്രട്ടറി ശ്രീ. ബിജു പറയന്നിലം AKCC എന്ന വലിയ സമുദായ കൂട്ടായ്മയെക്കുറിച്ചും, ആത്മമിത്രം മൈക്രോ ഫിനാൻസ് പദ്ധതിയെക്കുറിച്ചും ദീർഘമായി ക്ലാസ്സെടുത്തു. യോഗത്തിൽ ശ്രീ.സൈമൺ ആനപ്പാറ സ്വാഗതവും, ശ്രീ. സാജു കൊല്ലപ്പിള്ളി നന്ദിയും പ്രകാശിപ്പിച്ചു. ഉച്ചഭക്ഷണത്തോടെ യോഗം പര്യവസാനിച്ചു. യൂണിറ്റ് പ്രതിനിധികളെ പറഞ്ഞയച്ച എല്ലാ വികാരിയച്ചന്മാർക്കും നന്ദി

അറിയിക്കുന്നു. യൂണിറ്റ് പ്രതിനിധി സമ്മേളനത്തിൽ സാന്നിധ്യംകൊണ്ട് അനുഗ്രഹിച്ച ബഹു. ജനറാളച്ചൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ, റവ. ഫാ. ജോസ് കൊച്ചറക്കൽ, റവ. ഫാ. ജോയ്സ് പൂതക്കുഴി, റവ. ഫാ. സജി എളയിടത്ത്, റവ. ഫാ. ബാബു മാപ്പിളശ്ശേരി എന്നിവർക്കും, ഓഡിറ്റോറിയം അനുവദിച്ച് തന്ന ബഹു. നോർബർട്ടൈൻ സഭയ്ക്കും പ്രത്യേകം നന്ദിയറിയിക്കുന്നു.

**പുതിയ ഭരണസമിതി**

മുൻ പ്രസിഡണ്ട് സി.എ. ഫ്രാൻസീസിന്റെ അകാല വേർപാടിൽ സംഘടന അഗാധമായ ദുഃഖം രേഖപ്പെടുത്തി. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചു. പുതിയ പ്രസിഡന്റായി ശ്രീ. പീറ്റർ ഞരളക്കാട്ടിനെ നിയമിച്ചു. പഴയ ഭരണസമിതി തന്നെ AKCC യുടെ എക്സിക്യൂട്ടീവ് അംഗങ്ങളായി തുടരുവാൻ യോഗം തീരുമാനിച്ചു.

**യൂണിറ്റ് ക്ലാസ്സുകൾ**

8-11-15 ന് വടക്കനാട്, 15-11-15 ന് പയ്യമ്പള്ളി ഫൊറോന ഇടവക എന്നിവിടങ്ങളിൽ യഥാക്രമം വിശുദ്ധ കുർബാനയും AKCC യേ ക്കുറിച്ച് ക്ലാസ്സുകളും നടത്തി. ഫൊറോന വികാരി ബഹു. ജോസ് മോളോപ്പറമ്പിൽ അച്ചനെയും, ബഹു. ജയ്സൺ കുഴികണ്ടത്തിലച്ചനേയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

**കത്തോലിക്ക കോൺഫ്രൻസ് മഹാ സമ്മേളനം**

2016 ഫെബ്രുവരി 20 ന് മാനന്തവാടി രൂപതയുടെ AKCC യുടെ ഒരു രൂപതാ സംഗമം നടത്തുവാൻ പ്ലാൻ ചെയ്തു വരികയാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. ചാണ്ടി പുനക്കാട്ട്**
ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്



# അറിയിപ്പുകൾ

## 1) സെന്റ് മേരീസ് കൗൺസലിംഗ് സെന്റർ സുൽത്താൻ ബത്തേരി (കൗൺസലിംഗ് സൈക്കോതെറാപ്പി)

ബത്തേരി ആരാധനാ മഠത്തോടനുബന്ധിച്ച് സെന്റ് മേരീസ് കൗസലിംഗ് സെന്റർ ആരംഭിച്ചിരിക്കുന്നു. തങ്ങളുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് സ്വയം പരിഹാരം കാണാൻ കഴിയാതെ വ്യക്തികളും കുടുംബങ്ങളും ക്ലേശിക്കുമ്പോൾ മാനസിക വൈകാരിക പ്രശ്നങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ച് പരിഹാരം കണ്ടെത്തുവാൻ സഹായിക്കുകയാണ് ഈ കൗൺസലിംഗ് സെന്റർ വഴി. ഫിലിപ്പൈൻസിൽ സാന്തോ തോമസ് യൂണിവേഴ്സിറ്റിയിൽ നിന്നും ക്ലിനിക്കൽ സൈക്കോളജിയിൽ ഡോക്ടറേറ്റ് നേടിയ സി. ലില്ലി ജോസ് നെടുങ്കല്ലേൽ SABS-ന്റെ സേവനം എല്ലാ ആഴ്ചയും തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ ഇവിടെ ലഭ്യമാണ്.

ഫോൺ : 04936 220359, 9048746338
E-mail : lillysabs@gmail.com
സി. എൽസ പൈകട SABS
പ്രൊവിൻഷ്യൽ സുപ്പീരിയർ

• • • • •

## 2) സിസ്റ്റേഴ്സിനായി ഉപന്യാസ മത്സരം

സമർപ്പിതവർഷത്തോടനുബന്ധിച്ച് ചെറുപുഷ്പമിഷൻലീഗ് ബത്തേരി മേഖല, മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ സിസ്റ്റേഴ്സിനുമായി ഒരു ഉപന്യാസമത്സരം സംഘടിപ്പിക്കുന്നു.
വിഷയം: **"സമർപ്പിതജീവിതം -ആനന്ദത്തിന്റെയും കൂട്ടായ്മയുടെയും ജീവിതം"**

ഉപന്യാസം ലഭിക്കേണ്ട അവസാന തീയതി 2016 ജനുവരി 6. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് ക്യാഷ് അവാർഡുകൾ നൽകുന്നതായിരിക്കും.

| | | |
|---|---|---|
| 1–ാം സ്ഥാനം | – | Rs. 1501 |
| 2–ാം സ്ഥാനം | – | Rs. 1001 |
| 3–ാം സ്ഥാനം | – | Rs. 751 |

സ്നേഹത്തോടെ,

**ഫാ. ജെയ്സൺ കുഴികണ്ടത്തിൽ**
മേഖല ഡയറക്ടർ, ബത്തേരി

അയയ്ക്കേണ്ട വിലാസം:

Sr. Ashly CMC
Carmelaram Convent
Kottakunnu
S.Bathery P.O. 673522
Ph: 9446257408

Fr. Jaison Kuzhikandathil
St. Joseph's Church
Vadakkanad
Kidangamad - P.O
S. Bathery - 673592
Ph: 9447894200

# Pastoral Centre Programme



**December 2015**

| | |
|---|---|
| 1 | Malabar Bishops' Meet |
| 2 | Sathiyadeepam Meeting |
| 5 | Zion |
| 6 | KCYM |
| 6-9 | Marriage Preparation Course |
| 8 | Marian Singles |
| 10 | SMMA Executive |
| 12 | CML Managing Comittee |
| 13-17 | Zion Retreat |
| 18 | SMMA Animators Meeting |
| 19 | SMMA General Body & Election |
| 20 | KCYM Varshikam |
| 21 | CML *Japamala Sainnyam* (Rosary Army) |
| 22 | Manomaya |
| 24-26 | Christmas Holidays |
| 27-30 | Marriage Preparation Course |

**Fr. Mathew Periappuram**
Director, Pastoral Centre



# Bishop's Programme

***December 2015***

| | | |
|---|---|---|
| *1.* | *Tue .....................* | *Dwaraka: Regional Bishops' Meet* |
| *2.* | *Wed ....................* | *Visitors' Day* |
| *3.* | *Tue ....................* | *Bishop's House: Presbyteral Council* |
| *4.* | *Fri .....................* | *Out of Station* |
| *5.* | *Sat Morning......* | *Deepthi Bhavan:Synaxis* |
| | *............................* | *Dwaraka: Teachers' Guild Inaugura tion* |
| | *Aftermoon ...........* | *Nadavayal: CRI Meeting* |
| *6.* | *Sun Morning......* | *Cathedral: Inauguration of the Year of Mercy* |
| *7.* | *Mon ....................* | *Thariode : Monthly Recollection* |
| *8 Tue-12 Sat...............* | | *Ernakulam: KCBC* |
| *13.* | *Sun .....................* | *Narivalamunda: Pastoral Visit* |
| *14.* | *Mon ....................* | *SH Provincial House: Synaxis* |
| *15 Tue 16 Wed ...........* | | *Out of Station* |
| *17.* | *Thu ....................* | *Pulpally: YMCA Christmas Celebra-tion* |
| *18* | *Fri.......................* | *Out of Station* |
| *19.* | *Sat Morning ........* | *Bathery: Sanyastha Sangamam* |
| | *Evening ..............* | *Mananthavady: Ecumenical Christmas Celebration* |
| *20.* | *Sun ......................* | *Venniyode: Holy Mass at Mother Theresa Church* |
| *21.* | *Morning...............* | *SABS Provincial House : Synaxis* |
| | *Afternoon ............* | *Mananthavady: Youth Rally* |
| *22 Tue- 23 Wed.........* | | *Visitors' Day* |

| | |
|---|---|
| *25 Fri. .......................* | *Christmas* |
| *26. Sat Morning...........* | *Thonichal: Ordination of Dn. Joseph (Jithin) Peechattu* |
| *Afternoon: ............* | *Kottathara : Ordination of Dn. Augustine (Sijeesh) Chirackathottam* |
| *27. Sun .....................* | *Kurumbalakotta: Foundation stone laying of the new church* |
| *28. Mon Morning........* | *Chundakkara: Ordination of Dn. Jyothish Karakada O.Praem* |
| *Afternoon: ...........* | *Jude's Mount: Ordination of Dn. Don Bosco (Bivaldin) Thevarkunnel* |
| *29. Tue Morning........* | *Kunnalady : Ordination of Dn. Varghese (Anoop) Kollamkunnel* |
| *Afternoon: ...........* | *Vanjode: Ordination of Dn. Mathew (Jomesh) Thekkilakattil* |
| *30. WedMorning: ........* | *Manipara: Ordination of Dn.Varghese (Sanoj) Chittarackal* |
| *Afternoon: ...........* | *Chungakkunnu: Ordination of Dn. John (Prakash) Vettickal* |
| *31. Thu Morning: .......* | *Payyampally:Ordination of Dn. Antony (Nidhin) Palakkattu* |
| *Afternoon ............* | *Vazhavatta: Blessing of Renovated Chapel at Ezhamchira* |

***2016 January***

| | |
|---|---|
| *1 Fri-2 Sat...................* | *Out of Station* |
| *3 Sun ..........................* | *Charity: Sanyastha Sangamam* |
| *4 Mon Morning...........* | *Manimooly: Blessing of Higher Secondary School Building* |
| *Afternoon .............* | *Kayyunny: School Anniversary* |
| *5 Tue .......................* | *Monthly Recollection: Payyampally* |
| *6 Wed-13 Wed .............* | *Mount St.Thomas: Synod* |
| *14 Thu Morning........* | *Kurumbala: Ordination of Dn. Robin Arackaparambil, Rogationist* |
| *Evening .............* | *Gudallur: Jubilee of Morning Star School* |

| | |
|---|---|
| *15 Fri ......................* | *Out of Station* |
| *16 Sat ......................* | *Mangalassery: Blessing of Church* |
| *17 Sun .....................* | *Pastoral Visit: Marakadavu* |
| *18 Mon ....................* | *Visitors' Day* |
| *19 Tue ......................* | *Out of Station* |
| *20 Wed ...................* | *Puzhamudy: Ordination of Dn. Rony Manthottam TOR* |
| *21 Thu .....................* | *Pazhoor: Anniversary of School* |
| *22 Fri ......................* | *Out of Station* |
| *23 Sat .....................* | *Pathirichal: Blessing of Chapel* |
| *25 Mon ....................* | *Visitors' Day* |
| *26 Tue ......................* | *Out of Station* |
| *27 Wed Evening ......* | *TTI Anniversary* |
| *...........................* | *New Priests' Reception* |
| *28 Thu ....................* | *Bishop's House: Holy Mass with New Priests* |
| *29 Fri.......................* | *Out of Station* |
| *30 Sat ........................* | *Yavanarkulam: Foundation stone laying of the new church* |
| *31 Sun ....................* | *Karani: Pastoral Visit & Blessing of Grotto.* |

## Index

### ജനുവരി - 2015


ഇടയലേഖനം ........ 05-09
സർക്കുലർ ........ 10-14
സർക്കുലർ ........ 15-17
*Workers India Federation* ........ 18
സമർപ്പിതർ കൃപയുടെ അടയാളങ്ങൾ ........ 19-24
സഭൈക്യവാരം ........ 25-37
രൂപതാകച്ചേരി വാർത്തകൾ ........ 38
പ്രസ്ബിറ്ററൽ കൗൺസിൽ ........ 39-41
ലഹരിവിമുക്ത വർഷാചരണം ........ 42-48
വൈദികരുടെ മാസധ്യാനം ........ 48
ബൈബിൾ അപ്പോസ്റ്റലേറ്റ് ........ 49
മതബോധനരംഗം ........ 50-52
ചെറുപുഷ്പമിഷൻലീഗ് ........ 53-55
*Department of Youth Ministry* ........ 56-57
കെ.സി.വൈ.എം. ........ 58-65
കുടുംബപ്രേഷിതത്വം ........ 66-70
വിമൻസ് കമ്മീഷൻ ........ 71
സീയോൻ വാർത്തകൾ ........ 72-73
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 74-80
സാമൂഹ്യ സേവനരംഗം (WSSS) ........ 81-85
കേരള ലേബർ മൂവ്മെന്റ് ........ 86
റേഡിയോ മാറ്റൊലി ........ 87
മീഡിയാകമ്മീഷൻ ........ 88-89
ക്രിസ്ത്യൻ കൾച്ചറൽ ഫോറം ........ 90
*Mary Matha Arts & Science College* ........ 91
*CEADOM* വിദ്യാഭ്യാസ മേഖല ........ 92-93
അറിയിപ്പുകൾ ........ 94
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 95
ബിഷപ്സ് പ്രോഗ്രാം ........ 96-98


### ഫെബ്രുവരി - 2015


സർക്കുലർ ........ 05-08
സർക്കുലർ ........ 09-12
സർക്കുലർ ........ 13-18
ലോകരോഗീദിന സന്ദേശം ........ 19-23
കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും

നൂറ്റി ഒന്നാം ലോകദിനം ........ 24-28
റോമിലെ അസാധാരണ സിനഡ് ........ 29-44
രൂപതാകച്ചേരി വാർത്തകൾ ........ 45-48
സമർപ്പിതവർഷം ........ 49-50
ലഹരിവിമുക്ത വർഷാചരണം ........ 51-53
മതബോധനരംഗം ........ 5457
ചെറുപുഷ്പമിഷൻലീഗ് ........ 58-61
*Department of Youth Ministry* ........ 62-64
കെ.സി.വൈ.എം. ........ 65-72
കുടുംബപ്രേഷിതത്വം ........ 73-75
സീയോൻ വാർത്തകൾ ........ 76-78
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 79-82
സാമൂഹ്യ സേവനരംഗം (WSSS) ........ 83-88
കേരള ലേബർ മൂവ്മെന്റ് ........ 89
*Mary Matha Arts & Science College* ........ 90-91
*CEADOM* വിദ്യാഭ്യാസ മേഖല ........ 92-94
അറിയിപ്പുകൾ ........ 95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 96
ബിഷപ്സ് പ്രോഗ്രാം ........ 97-98

**മാർച്ച് - 2015**

സർക്കുലർ ........ 05-09
സർക്കുലർ (മദ്യവിരുദ്ധഞായർ) ........ 10-16
ഇടയലേഖനം ........ 17-20
സർക്കുലർ ........ 21-23
സർക്കുലർ ........ 24-25
ഫ്രാൻസീസ് പാപ്പായുടെ നോമ്പുകാലസന്ദേശം ........ 26-31
ഡിക്രി ........ 32-36
രൂപതാകച്ചേരി വാർത്തകൾ ........ 37-47
വിദ്യാഭ്യാസ സഹായനിധി ........ 48-49
*EFFECT* ........ 50-51
വൈദികരുടെ മാസധ്യാനം ........ 51
ദൈവവിളി ക്യാമ്പുകൾ ........ 52-53
ലഹരിവിമുക്ത വർഷാചരണം ........ 54-57
മതബോധനരംഗം ........ 58-62
ചെറുപുഷ്പമിഷൻലീഗ് ........ 63-65
*Department of Youth Ministry* ........ 66
കെ.സി.വൈ.എം. ........ 67-71
കുടുംബപ്രേഷിതത്വം ........ 72-73

സീയോൻ വാർത്തകൾ ........ 74-75
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 76-79
സാമൂഹ്യ സേവനരംഗം (WSSS) ........ 80-82
കേരള ലേബർ മൂവ്മെന്റ് ........ 83
റേഡിയോ മാറ്റൊലി ........ 84-85
മീഡിയാകമ്മീഷൻ ........ 86
*Christian Civic Service Society (CCSS)* ........ 87
*Mary Matha Arts & Science College* ........ 88-89
*CEADOM* വിദ്യാഭ്യാസ മേഖല ........ 90-93
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 94
ബിഷപ്സ് പ്രോഗ്രാം ........ 95-96

**ഏപ്രിൽ - 2015**

സർക്കുലർ ........ 11-16
സർക്കുലർ ........ 17-18
***DECREE ON CONDITIONS FOR PLENARY INDULGENCES*** ........ 19-20
ഡിക്രി ........ 21
രൂപതാകച്ചേരി വാർത്തകൾ ........ 22-30
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ........ 31-32
സംഘടനാ ഭാരവാഹികളുടെ യോഗം ........ 33-34
ലഹരിവിമുക്ത വർഷാചരണം ........ 35-44
മതബോധനരംഗം ........ 45-63
ചെറുപുഷ്പമിഷൻലീഗ് ........ 64-66
വൈദികരുടെ മാസധ്യാനം ........ 66
*Department of Youth Ministry* ........ 67
കെ.സി.വൈ.എം. ........ 68-72
കുടുംബപ്രേഷിതത്വം ........ 73-75
സീയോൻ വാർത്തകൾ ........ 76-77
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 78-80
സാമൂഹ്യ സേവനരംഗം (WSSS) ........ 81-83
കേരള ലേബർ മൂവ്മെന്റ് ........ 83
റേഡിയോ മാറ്റൊലി ........ 84
*Public Relations Office (PRO)* ........ 85
*Mary Matha Arts & Science College* ........ 86
*CEADOM* വിദ്യാഭ്യാസ മേഖല ........ 87-89
അറിയിപ്പുകൾ ........ 90-94
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 95
ബിഷപ്സ് പ്രോഗ്രാം ........ 96-98

**മെയ് - 2015**


സർക്കുലർ ........................................ 07-11
വിശുദ്ധ ചുമതലകൾ ........................................ 12-19
യാത്രയിലായിരിക്കുന്ന സഭ ........................................ 20-27
*Exploring the Phenomenon of Word Stealing*........................................ 28-31
രൂപതാകച്ചേരി വാർത്തകൾ ........................................ 32-33
*Vocation Bureau* ........................................ 34
സെമിനാരി വാർത്തകൾ ........................................ 35-36
മതബോധനരംഗം ........................................ 37-52
ചെറുപുഷ്പമിഷൻലീഗ് ........................................ 53-56
*Department of Youth Ministry* ........................................ 57-59
കെ.സി.വൈ.എം. ........................................ 60-63
കുടുംബപ്രേഷിതത്വം ........................................ 64-66
സീയോൻ വാർത്തകൾ ........................................ 67-
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................ 68-72
സാമൂഹ്യ സേവനരംഗം (WSSS) ........................................ 73-77
കേരള ലേബർ മൂവ്മെന്റ് ........................................ 78
കെസിബിസി മദ്യവിരുദ്ധ സമിതി ........................................ 79
*CEADOM* വിദ്യാഭ്യാസ മേഖല ........................................ 80-83
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 84
ബിഷപ്സ് പ്രോഗ്രാം ........................................ 85-86


**ജൂൺ - 2015**


ഫ്രാൻസീസ് പാപ്പാ നൽകുന്ന സന്ദേശം ........................................ 05-11
സർക്കുലർ ........................................ 12-14
സർക്കുലർ ........................................ 15-16
ഇടയലേഖനം ........................................ 17-21
സർക്കുലർ (രാജ്കോട്ട് രൂപതാസന്ദർശനം) ........................................ 22-25
സർക്കുലർ (ബൽത്തങ്ങാടി രൂപതാസന്ദർശനം) ........................................ 26-29
കാരുണ്യത്തിന്റെ അസാധാരണ ജൂബിലി
പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന ........................................ 30-45
രൂപതാകച്ചേരി വാർത്തകൾ ........................................ 46-50
രൂപതാദിനാഘോഷം ........................................ 51-54
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 55-56
മതബോധനരംഗം ........................................ 57-59
ചെറുപുഷ്പമിഷൻലീഗ് ........................................ 60-65
*Department of Youth Ministry* ........................................ 66-67
കെ.സി.വൈ.എം. ........................................ 68-71
കുടുംബപ്രേഷിതത്വം ........................................ 72-74

സീയോൻ വാർത്തകൾ ........ 75-79
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 80-84
സാമൂഹ്യ സേവനരംഗം (WSSS) ........ 85-88
കേരള ലേബർ മൂവ്മെന്റ് ........ 89
കെസിബിസി മദ്യവിരുദ്ധ സമിതി ........ 90-92
*CEADOM* വിദ്യാഭ്യാസ മേഖല ........ 93-95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 96
ബിഷപ്സ് പ്രോഗ്രാം ........ 97-98

ജൂലൈ - 2015

സർക്കുലർ ........ 05-09
സർക്കുലർ ........ 10-12
കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന ........ 13-28
ക്രൈസ്തവ വിവാഹത്തിന്റെ മനോഹാരിതയെക്കുറിച്ച് ........ 29-32
മാർപാപ്പയും റോമാ രൂപതയിലെ സന്യസ്തരും തമ്മിലുള്ള സംവാദം ........ 33-47
സൈബർ യുഗത്തിലെ കുടുംബ ബന്ധങ്ങൾ ........ 48-51
രൂപതാകച്ചേരി വാർത്തകൾ ........ 52-57
വൈദികരുടെ മാസധ്യാനം ........ 58
ബൈബിൾ അപ്പോസ്റ്റലേറ്റ് ........ 59
മതബോധനരംഗം ........ 60-64
ചെറുപുഷ്പമിഷൻലീഗ് ........ 65-69
*Department of Youth Ministry* ........ 70
കെ.സി.വൈ.എം. ........ 71-79
കുടുംബപ്രേഷിതത്വം ........ 80-82
സീയോൻ വാർത്തകൾ ........ 83-85
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 86-89
സാമൂഹ്യ സേവനരംഗം (WSSS) ........ 90-93
കേരള ലേബർ മൂവ്മെന്റ് ........ 94
*Mary Matha Arts & Science College* ........ 95
റേഡിയോ മാറ്റൊലി ........ 96
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 97
ബിഷപ്സ് പ്രോഗ്രാം ........ 98

ഓഗസ്റ്റ് - 2015

സർക്കുലർ ........ 07-10
സർക്കുലർ ........ 11-13
ഒരു കുടുംബം ആയിരിക്കേണ്ടത് എങ്ങനെ ........ 14-21

രൂപതാകച്ചേരി വാർത്തകൾ ........ 22-24
*General Collection from 1st June 2014 to 31st May 2015* ........ 25-34
വൈദികസമ്മേളനം - റിപ്പോർട്ട് ........ 35-36
വൈദികരുടെ മാസധ്യാനം ........ 36
ബൈബിൾ അപ്പോസ്റ്റലേറ്റ് ........ 37
മതബോധനരംഗം ........ 38-39
ചെറുപുഷ്പമിഷൻലീഗ് ........ 40-45
*Department of Youth Ministry* ........ 46
കെ.സി.വൈ.എം. ........ 47-53
കുടുംബപ്രേഷിതത്വം ........ 54-56
സീയോൻ വാർത്തകൾ ........ 57-59
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 60-65
സാമൂഹ്യ സേവനരംഗം (WSSS) ........ 66-69
കേരള ലേബർ മൂവ്മെന്റ് ........ 70
കെസിബിസി മദ്യവിരുദ്ധസമിതി ........ 71-72
*Mary Matha Arts & Science College* ........ 73
*CEADOM* വിദ്യാഭ്യാസമേഖല ........ 74-77
അറിയിപ്പുകൾ ........ 78
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 79
ബിഷപ്പ്സ് പ്രോഗ്രാം ........ 80


**സെപ്റ്റംബർ - 2015**


പരസ്പരം നന്നായി പെരുമാറുവിൻ ........ 05-09
നമ്മൾ വയോധികർ ........ 10-14
മനുഷ്യവംശത്തിന്റെ നിധി ........ 15-18
രൂപതാകച്ചേരി വാർത്തകൾ ........ 19-23
വിദ്യാഭ്യാസ സഹായനിധി ........ 24-27
വൈദികരുടെ മാസധ്യാനം ........ 28-29
ബൈബിൾ അപ്പോസ്റ്റലേറ്റ് ........ 30-31
മതബോധനരംഗം ........ 32-33
ചെറുപുഷ്പമിഷൻലീഗ് ........ 34-41
*Department of Youth Ministry* ........ 42
കെ.സി.വൈ.എം. ........ 43-48
കുടുംബപ്രേഷിതത്വം ........ 49-54
സീയോൻ വാർത്തകൾ ........ 55-57
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 58-62
സാമൂഹ്യ സേവനരംഗം (WSSS) ........ 63-68
കെസിബിസി മദ്യവിരുദ്ധസമിതി ........ 69
റേഡിയോ മാറ്റൊലി ........ 70-71

*CEADOM* വിദ്യാഭ്യാസമേഖല .................................................. 72-73
കത്തോലിക്കാ കോൺഗ്രസ് (AKCC) .................................................. 74-75
*SMRC* മാനന്തവാടി രൂപത .................................................. 76
അറിയിപ്പുകൾ .................................................. 77-79
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................................. 80
ബിഷപ്സ് പ്രോഗ്രാം .................................................. 81-82

**ഒക്ടോബർ - 2015**

ലോകമിഷൻ ഞായർ .................................................. 05-11
ഹൃദയങ്ങൾ സമർപ്പിതമോ അതോ അന്ധമോ .................................................. 12-22
ശ്രേഷ്ഠ സന്താനലബ്ധിക്ക് .................................................. 23-28
രൂപതാകച്ചേരി വാർത്തകൾ .................................................. 29-31
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് .................................................. 32-34
മതബോധനരംഗം .................................................. 35-41
ചെറുപുഷ്പമിഷൻലീഗ് .................................................. 42-50
*Department of Youth Ministry* .................................................. 51-52
കെ.സി.വൈ.എം. .................................................. 53-64
കുടുംബപ്രേഷിതത്വം .................................................. 65-69
സീയോൻ വാർത്തകൾ .................................................. 70-72
വിൻസെന്റ് ഡി പോൾ സൊസൈറ്റി .................................................. 73-77
സാമൂഹ്യ സേവനരംഗം (WSSS) .................................................. 78-85
കെസിബിസി മദ്യവിരുദ്ധസമിതി .................................................. 86-87
റേഡിയോ മാറ്റൊലി .................................................. 88-89
*CEADOM* വിദ്യാഭ്യാസമേഖല .................................................. 90-92
കത്തോലിക്കാ കോൺഗ്രസ് (AKCC) .................................................. 93
അറിയിപ്പുകൾ .................................................. 94-95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................................. 96
ബിഷപ്സ് പ്രോഗ്രാം .................................................. 97-98

**നവംബർ - 2015**

ഇടയലേഖനം .................................................. 07-17
സർക്കുലർ .................................................. 18-19
സീറോ മലബാർ മാതൃവേദി .................................................. 20-21
ബൈബിൾ പാരായണത്തിലൂടെ .................................................. 22-28
കാരുണ്യവുമായ ഒരു കണ്ടുമുട്ടൽ.................................................. 29-33
രൂപതാകച്ചേരി വാർത്തകൾ .................................................. 34-35
വൈദികരുടെ മാസധ്യാനം .................................................. 36
ബൈബിൾ അപ്പോസ്റ്റലേറ്റ് .................................................. 37-39
മതബോധനരംഗം .................................................. 40-41
ചെറുപുഷ്പമിഷൻലീഗ് .................................................. 42-59

കെ.സി.വൈ.എം. ........................................................ 60-64
കുടുംബപ്രേഷിതത്വം ........................................................ 65-68
സീയോൻ വാർത്തകൾ ........................................................ 69-71
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................................ 72-76
സാമൂഹ്യ സേവനരംഗം (WSSS) ........................................................ 77-81
കെസിബിസി മദ്യവിരുദ്ധസമിതി ........................................................ 82-84
*Mary Matha Arts & Science* ........................................................ 85
റേഡിയോ മാറ്റൊലി ........................................................ 86-87
*CEADOM* വിദ്യാഭ്യാസമേഖല........................................................ 88-89
അറിയിപ്പുകൾ ........................................................ 90-94
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................................ 95
ബിഷപ്സ് പ്രോഗ്രാം ........................................................ 96-98


ഡിസംബർ - 2015


ഇടയലേഖനം ........................................................ 09-14
പുതിയ പാസ്റ്ററൽ കൗൺസിലും ഫൊറോന........................ 15-16
സമർപ്പിതജീവിതത്തിന് മാർപാപ്പ ഉയർത്തുന്ന .................... 17-25
രൂപതാകച്ചേരി വാർത്തകൾ ........................................ 26-29
*Common Programmes in the year 2016* ................................ 30-31
വൈദികരുടെ മാസധ്യാനം ........................................ 31
ബൈബിൾ അപ്പോസ്റ്റലേറ്റ് ........................................ 32-34
മതബോധനരംഗം ........................................ 35-36
ചെറുപുഷ്പമിഷൻലീഗ് ........................................ 37-44
*Department of Youth Ministry* ........................................ 45
കെ.സി.വൈ.എം. ........................................ 46-55
കുടുംബപ്രേഷിതത്വം ........................................ 56-60
സീയോൻ വാർത്തകൾ ........................................ 61-62
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................ 63-67
സാമൂഹ്യ സേവനരംഗം (WSSS) ........................................ 68-72
*Mary Matha Arts & Science College* ........................................ 73
റേഡിയോ മാറ്റൊലി ........................................ 74-75
കത്തോലിക്കാ കോൺഗ്രസ് (AKCC) ........................................ 76-77
അറിയിപ്പുകൾ ........................................ 78-79
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 80
ബിഷപ്സ് പ്രോഗ്രാം ........................................ 81-83
6-ാം പുസ്തകത്തിലെ വിഷയവിവരം ........................................ 84